"പഴകിയ ഒരു ശീലത്തെ വർജ്ജിക്കുന്നതിനു പ്രയാസമുണ്ട്. യാതൊരു മനുഷ്യനും അവനു ഉചിതമെന്നു തോന്നുന്നതിനപ്പുറം സമ്മേയായി നയിക്കപ്പെടുന്നില്ല. യേശുക്രിസ്തുവിനു നിന്നെ വശംവദനാക്കുന്ന ആ ഗുണവിശേഷത്തെക്കാൾ നിന്റെ സ്വന്തബുദ്ധിയേയോ പ്രയത്നത്തേയോ നീ ശരണീകര! കന്നവെങ്കിൽ നീ പ്രബുദ്ധനാകുകയെന്നതു സുസാദ്ധ്യമല്ല"

—ക്രിസ്ത്വാനുകരണം.

# സത്യദീപം

"അവിടുന്നു ഒരിക്കൽ ജെനസറേത്തു തടാകത്തിന്റെ സമീപെ നില്ക്കയിൽ ദൈവവചനം കേൾക്കുവാൻ ജനക്കൂട്ടം അവിടുത്തെ ചുററിലും തടിച്ചുകൂടി... ഉടനെ അവിടുന്നു ഒരു പടവിൽ കയറി. അതു ശിമോന്റേതായിരുന്നു. കരയിൽ നിന്നു അതു് അല്പം മാററിയിടുവാൻ അവിടുന്നു അവനോടു കല്പിച്ചു. ആ പടവിൽ ഇരുന്നുകൊണ്ടു് അവിടുന്നു് ജനങ്ങളെ പഠിപ്പിക്കുവാൻ തുടങ്ങി"

—ലൂക്കാ V: 1-3

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ജൂലൈ 3—ബുധനാഴ്ച | Vol. 30, No. 44

# കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ

(റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ., ഡി. ഡി.)

മാർത്തോമ്മാശ്ലീഹായോടൊപ്പം മൂന്നുവത്സരം മിശിഹായോടുകൂടെ ചെലവഴിച്ച പത്തു ശ്ലീഹന്മാർ ഉയിർത്തെഴുന്നള്ളിയ മിശിഹായെ കണ്ടശേഷം പ്രസ്തുത വിവരം ശ്ലീഹായോടുപറഞ്ഞപ്പോൾ അദ്ദേഹം പറയുകയാണു്: "മിശിഹായുടെ കൈകളിൽ ആണികളുടെ പഴുതുകൾ കാണുകയും അവയിൽ എന്റെ വിരലുകൾ കടത്തുകയും അവന്റെ വിലാവിൽ എന്റെ കൈ ഇടുകയും ചെയ്യാതെ ഞാൻ വിശ്വസിക്കുകയില്ല." അവിശ്വാസത്തിന്റെ ആധിക്യം കൊണ്ടാണോ, മററുശ്ലീഹന്മാർക്കു പ്രത്യക്ഷനായ മിശിഹാ തനിക്കു കാണപ്പെടാഞ്ഞതിലുള്ള മനോവ്യഥ കൊണ്ടാണോ ഇങ്ങനെ ശാഠ്യം പിടിച്ചതെന്നു തീർത്തുപറയുവാൻ സാധ്യമല്ല. സഹവാസികളായ പത്തു ശ്ലീഹന്മാരുടേയും സാക്ഷ്യത്തെ അവഗണിച്ച മാർത്തോമ്മാശ്ലീഹാ വികാരഭരിതനായ ഒരു സാധുവാണെന്നു് ആരും പറയുകയില്ലല്ലോ. കണ്ടും തൊട്ടുംമാത്രമേ വിശ്വസിക്കുകയുള്ളുവെന്നു വാശിപിടിച്ച തോമ്മാശ്ലീഹായുടെ ശാഠ്യത്തിനു മിശിഹാ വഴങ്ങിക്കൊടുത്തു. അവിടുന്നു മററു ശ്ലീഹന്മാരുടെ സാന്നിധ്യത്തിൽ മാർത്തോമ്മാശ്ലീഹായ്ക്കു പ്രത്യക്ഷപ്പെട്ടു തന്റെ മുറിവുകൾ സ്പർശിച്ചു സംശയപരിഹാരം വരുത്തുവാൻ തോമ്മാശ്ലീഹായെ ക്ഷണിച്ചു. ഗുരുവിനെ കണ്ടമാത്രയിൽ വാശിയൊക്കെ ഉരുകി അലിഞ്ഞുപോയി; തൊടണമെന്നു വിചാരിച്ചതേയില്ല. ഭക്തിപാരവശ്യത്തോടെ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു് ശ്ലീഹാ പറഞ്ഞു: "എന്റെ കർത്താവേ, എന്റെ ദൈവമേ." ശ്ലീഹായുടെ വിശ്വാസപ്രകടനം മിശിഹാ അംഗീകരിച്ചു; എന്നാൽ ശ്ലീഹായുടെ ഒരു തെററു നമ്മുടെ എല്ലാവരുടെയും പഠനത്തിനായി അവിടുന്നു ചൂണ്ടിക്കാണിക്കുകതന്നെ ചെയ്തു: "തോമായേ, നീ കണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ."

ദിവ്യഗുരുവിന്റെ ഈ സന്ദേശം സ്വീകരിച്ചുകൊണ്ടാണു് മാർത്തോമ്മാശ്ലീഹാ ഇന്ത്യയിലേക്കു വന്നതു്. താൻ കണ്ടതും കേട്ടതുമെല്ലാം അവ കാണുകയോ കേൾക്കുകയോ ചെയ്യാത്ത ഭാരതീയരേയും മററു പൗരസ്ത്യരേയും അറിയിക്കുവാൻ അദ്ദേഹം അരയും തലയും മുറുക്കി പുറപ്പെട്ടു. വമ്പിച്ച വിജയങ്ങൾ ശ്ലീഹായ്ക്കു നേടാൻ സാധിച്ചില്ലെന്നു അസ്മാദൃശർക്കു തോന്നുന്നു. അതായിരിക്കും ഇന്ത്യ ഇന്നും ഒരു അക്രൈസ്തവരാജ്യമായിത്തന്നെ തുടരുന്നതു്. ഇന്ത്യയിലെ സാഹചര്യങ്ങളും ഇതിനു് കുറേയൊക്കെ കാരണമായിത്തീർന്നിട്ടുണ്ടു്. എല്ലാ മതങ്ങളും സത്യമായി കരുതുന്ന ഒരു ഭാരതീയൻ ദൈവത്തേയും സന്മാർഗ്ഗത്തേയും പററി വ്യത്യസ്ത ഉൽബോധനങ്ങൾ നൽകുന്നതിൽ വിസ്മയത്തിനു വകയില്ല. അങ്ങേയററത്തെ വേദാന്തം മുതൽ തനിനിരീശ്വരത്വം വരെയുള്ള സകല സിദ്ധാന്തങ്ങളും ഭാരതീയർ സ്വീകരിച്ചിരിക്കുന്നുവെന്നാണു സ്വാമി വിവേകാനന്ദന്റെ അഭിമതം. ആധുനികഭാരതീയരിൽ ചിലരുടെ ചിന്താഗതി എന്തെന്നു വീക്ഷിക്കുക. മനുഷ്യൻ ദൈവത്തെ മറന്നാലും വലിയ കുഴപ്പമില്ലെന്നു വിനോബാഭാവേ ചാലക്കുടി പ്രസംഗത്തിൽ പറഞ്ഞു കുടുംബസംവിധാനത്തെപ്പററി പ്രസംഗിച്ചപ്പോൾ നിയമവകുപ്പുമന്ത്രി മി. കൃഷ്ണയ്യർ പറഞ്ഞു, മതം ഈ വിഷയത്തിൽ പ്രവേശിക്കാതിരിക്കയാണു നല്ലതെന്നു്. തോമ്മാശ്ലീഹായുടെ നാമവാഹിയായ ഒരു കേരളമന്ത്രി കരുതുന്നു, വിവാഹത്തിനു് ഒരു ആദ്ധ്യാത്മികവശമില്ലെന്നു്. യൗസേപ്പുപിതാവിന്റെ നാമവാഹിയായ വേറൊരു കേരളമന്ത്രി കരുതുന്നു, കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മതത്തിനു സ്ഥാനമൊന്നുമില്ലെന്നും അതു രാഷ്ട്രത്തിന്റെ കുത്തകയാണെന്നും. ഇതരമനുഷ്യരും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെപ്പററി ഈശ്വരനാകട്ടെ ഈശ്വരവിശ്വാസികൾക്കു് ഈശ്വരവിശ്വാസികളെന്ന നിലയിലാകട്ടെ ഒരഭിപ്രായവും നൽകാനില്ലെന്നാണു പല രാഷ്ട്രീയപ്രവർത്തകരുടേയും, പ്രത്യേകിച്ചു് കമ്മ്യൂണിസ്റ്റുകാരുടെയും അഭിമതം. ഇങ്ങനെയുള്ള ഒരു രാജ്യത്തു് ആധുനികകാലത്തു് യാതൊരു മതത്തിന്റെയും യാതൊരു ഗുരുവിന്റെയും തത്വോപദേശം സമാദരിക്കപ്പെടാൻ പോകുന്നില്ല. അവരവരുടെ അഭിപ്രായങ്ങളോടൊത്തുവരുന്ന തത്വശകലങ്ങൾ ആദരപൂർവ്വം ഉദ്ധരിച്ച ക്രിസ്തുദേവന്റേയും ശ്രീകൃഷ്ണഭഗവാന്റെയും ശ്രീ ബുദ്ധന്റെയും നാമത്തിൽ പ്രസംഗിക്കും; ഇതര സഹസ്രകാര്യങ്ങളിൽ അവരിൽനിന്നു് വിഭിന്നമായ അഭിപ്രായം അഹങ്കാരപൂർവ്വം ആദരിച്ചിരിക്കുന്ന കാര്യം സമ്മതിക്കുകയുമില്ല. ക്രിസ്തുവിനെയും അവിടുന്നു സ്ഥാപിച്ച സഭയേയും സ്വീകരിക്കുന്നെങ്കിൽ മുഴുവനായി സ്വീകരിക്കണം; അല്ലാതെ സഭയിൽനിന്നു ലഭിച്ച തോമ്മസ് എന്നോ ജോസഫ് എന്നോ ഉള്ള പേരു മാത്രം സൂക്ഷിച്ചാൽ പോരാ. അവ വലിച്ചെറിഞ്ഞു ലെനിൻ എന്നോ ക്രൂഷേവ് എന്നോ പേരുമാററി വിവരം ഗസററിൽ പ്രസിദ്ധം ചെയ്യുന്നതാണുത്തമം. അവനവനു ബോധ്യപ്പെടുന്നതുമാത്രമാണു് പലർക്കും പ്രമാണം. അനേകർക്കു വിവിധ വിശ്വാസസത്യങ്ങളെപ്പററി ചിന്തിക്കുവാൻ വേണ്ട സമയമോ സൗകര്യമോ പക്വതയോ പാടവമോ ഇല്ല. അപ്പോഴാണു് അപ്രമാദമായ സഭയുടെ അദ്ധ്യാപനം സ്വാഗതാർഹമാകുന്നതു്. വിനയബുദ്ധികൾ കർദ്ദിനാൾ ന്യൂമനോടുകൂടെ പറയും: "ഹാ ദാനങ്ങളിൽ വച്ചു മഹാദാനമേ, വിശ്വാസമെന്ന മഹനീയ ദാനമേ, അല്ലയോ ദൈവമേ, അങ്ങയുടെ വിവേചനാസമ്പൂർണ്ണമായ സ്നേഹം ഇത്ര മഹത്തായ ദാനം എനിക്കു നൽകുന്നതിനു ഞാൻ എങ്ങനെ യോഗ്യനായി?" ചില തത്വങ്ങൾ വിശദമായിരിക്കും; ചിലവ അത്ര വ്യക്തമായിരിക്കുകയില്ല; എന്നാൽ 2000 കൊല്ലത്തെ പഴക്കമുള്ള വിശ്വാസസത്യങ്ങളാണവ; തിരുസഭ പഠിപ്പിക്കുന്നവയാണു് അവയെല്ലാം എന്നു നാം ചിന്തിക്കണം. ശ്ലീഹായോടു പറഞ്ഞ വാക്കുകൾ അപ്പോൾ അന്വർത്ഥമാകും: "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ."

കത്തോലിക്കാവിശ്വാസം പ്രസംഗിക്കുവാനായിട്ടാണു് മാർത്തോമ്മാശ്ലീഹാ കരയും കടലും കടന്നു് ഈ മലനാട്ടിലേക്കുവന്നതു്. അവിടുന്നു് ഇവിടെ ക്രിസ്തുമതം പ്രസംഗിക്കുകയുംചെയ്തു. എന്നിട്ടും അവിടുന്നു കേരളത്തിൽ വന്നോ എന്നു ചിലർക്കു സംശയം. അവിടുന്നു പ്രസംഗിച്ചതു കത്തോലിക്കാസഭയാണോ, യാക്കോബായസഭയാണോ, നവീകരണസഭയാണോ, പെന്തക്കുസ്താസഭയാണോ എന്നു അപരർക്കു സന്ദേഹം. ഈ വിഭാഗചിന്തയുണ്ടായതെങ്ങനെയാണെന്നു് ചുഴിഞ്ഞാലോചിക്കുകയാണെങ്കിൽ കാണാം, ഓരോരുത്തർ തങ്ങളുടെ അഭിപ്രായത്തേയും സ്വാർത്ഥത്തേയും മുറുകെപ്പിടിച്ചതിന്റെ ഫലമാണെന്നു്. കാ

(ശേഷം 9-ാംപേജിൽ)



ഭാരതശ്ലീഹാ മാർത്തോമ്മായുടെ ദുക്റാനതിരുനാൾ

ജൂലൈ 3

## ജാതീയദിനത്തിലെ പ്രാർത്ഥന

(വിദ്വാൻ ഏ. ററി. ദേവസി, എങ്ങണ്ടിയൂർ.)

അന്നുല്ലാഹത്തൊടിന്ത്യാധരണിയിലവിടുന്നാഗമിച്ചന്ത്യരക്തം
ചിന്തി ക്രിസ്തീയവേദദ്രുമമിഹവളരാൻ തക്കപോലൊക്കെ നൽകി;
നിൻതാങ്ങാൽ ഭാരതത്തിൻകെടുതികളഖിലം തീർത്തുരക്ഷിച്ചിടേണം
സെന്തോമാസേ! യിതാ നിൻസ്മൃതിരിവരതിഭക്ത്യേനയത്ഥിച്ചിടുന്നു.

# മാർ തോമ്മാശ്ലീഹാ സ്ഥാപിച്ച പുരാതനനിലയ്ക്കൽപള്ളി

(ററി. കെ. വർക്കി, ചേർത്തല)

1-ാം ശതകമദ്ധ്യത്തിൽ മാർ തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച സപ്തദേവാലയങ്ങളിൽ ഒന്നാണല്ലോ നിലയ്ക്കൽ അഥവാ ചായൽ പള്ളി. മാർത്തോമ്മാശ്ലീഹായുടെ കാലത്തു് പർവ്വതസാനുപ്രദേശത്തെ ഒരു ഗ്രാമമായിരുന്നു അവിടം. വി. അപ്പസ്തോലൻ പള്ളിസ്ഥാപിച്ച നിരണത്തുനിന്നു പാണ്ടിപ്രദേശത്തേക്കു പണ്ടുണ്ടായിരുന്ന ഒരു പ്രധാന മലമ്പാതയരുകിൽ സാമാന്യം മദ്ധ്യപ്രദേശത്തുള്ള ഒരു വിശ്രമത്താവളവും കൂടിയായിരുന്നു ഈ നിലയ്ക്കൽ. ശബരിമല ക്ഷേത്രസങ്കേതത്തോടുചേർന്നു സഹ്യാദ്രിയുടെ സാനുപ്രദേശത്തു് പടിഞ്ഞാട്ടു ചരിഞ്ഞു സാമാന്യം ഒരു നല്ല സമതലമെന്നു പറയത്തക്കവിധം അതിവിസ്തൃതിയിൽ കിടക്കുന്ന ഈ പ്രദേശം അത്യന്തം ഫലദായകമായിരുന്നു. ഈ പരിതസ്ഥിതികളിൽ പുരാതനകാലം മുതൽ വിദേശവ്യാപാരികളെ കേരളത്തിലേക്കു ഹഠാദാകർഷിച്ചുവന്ന കുരുമുളകു തുടങ്ങിയ സസ്യസുഗന്ധദ്രവ്യങ്ങൾ സമൃദ്ധിയായി വിളയുന്ന ഒരു കർഷകഭൂമിയും സഹസ്രക്കണക്കിനു വിവിധജാതി ജനങ്ങൾ താമസിച്ചിരുന്ന ഒരു വാണിജ്യകേന്ദ്രവും ആയിരുന്നു ഈ നിലയ്ക്കൽ. ഈ മഹാഗ്രാമപ്രദേശത്തു പിൽക്കാലത്തു സംഭവിച്ച അരക്ഷിതാവസ്ഥമൂലം ജനങ്ങൾ മററു പലഭാഗങ്ങളിലേക്കും കുടിപുറപ്പെട്ടുപോവുകയും ജനാധിവാസം അവിടെ തീരെയില്ലാതാവുകയും ചെയ്തതോടുകൂടി ഏററം ഫലഭൂയിഷ്ഠമായിരുന്ന ഈ നിലയ്ക്കൽ ഗ്രാമം ചുററിലുമുള്ള വനാന്തരപ്രദേശങ്ങളോടൊപ്പം കൊടുങ്കാടായി കലാശിക്കുകയാണു ചെയ്തതു്. ആ പ്രദേശങ്ങളിൽ താമസിച്ചിരുന്ന ഹൈന്ദവജനത അവിടെയുണ്ടായിരുന്ന അവരുടെ മൂലദേവാലയസ്ഥാനം ആണ്ടിലൊരിക്കലെങ്കിലും പോയി സന്ദർശിച്ചുവന്ന പതിവു് കേരളവ്യാപകമാംവിധം വികസിച്ചതാണു് ഇന്നത്തെ ശബരിമല തീർത്ഥാടനവും മകരവിളക്കുത്സവവും.

ക്രൈസ്തവസമുദായമാകട്ടെ, പുരാതനത്വവും പാരമ്പര്യങ്ങളും നിലനിർത്തുന്നതിൽ ഇന്നെന്നപോലെ അക്കാലത്തും കേവലം ഉദാസീനരായിരുന്നു. എങ്കിലും കൊടുങ്കാട്ടിനുള്ളിൽ ഹിംസ്രജന്തുക്കളുടെ വിഹാരരംഗസ്ഥലമായി തീർന്നുപോയ തങ്ങളുടെ ആ വിശുദ്ധസ്ഥാനം കണ്ടുപിടിച്ചുദ്ധരിക്കുവാൻ ഇക്കാലത്തു് സാമാന്യപരിശ്രമങ്ങൾ നടന്നുകൊണ്ടാണിരിക്കുന്നതു്. ഈ കൊടുങ്കാട്ടിനുള്ളിൽ 1942-ൽ പുനരുദ്ധരിക്കപ്പെട്ട നിലയ്ക്കൽ ക്ഷേത്രത്തിനു സമീപമായി ക്രൈസ്തവദേവാലയത്തറ എന്നൂഹിക്കാവുന്ന ഒരു സ്ഥാനം നമ്മുടെ ചില യാക്കോബായ സഹോദരന്മാർ കണ്ടുപിടിച്ചു് അവിടെ ഒരു താൽക്കാലിക ദേവാലയം അവർ കെട്ടിയുണ്ടാക്കി അവിടെ അവർ പൂജാദികർമ്മങ്ങളനുഷ്ഠിച്ചുവരുന്നു. നമ്മുടെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച സാക്ഷാൽ നിലയ്ക്കൽ ദേവാലയസ്ഥാനമാണോ അതു്? അതല്ലെന്നുള്ള വാദവും ശക്തിയായുണ്ടു്.

## നിലയ്ക്കൽ

### ഒരു പുരാതന ഗ്രാമം

സെൻറു് തോമ്മസ് കേരളത്തിൽ വന്നകാലത്തു് നിലയ്ക്കൽ അഥവാ ചായൽ പർവ്വതപ്രദേശത്തുള്ള ഏററവും പ്രധാനപ്പെട്ട ഒരു മഹാഗ്രാമപ്രദേശമായിരുന്നു. പാണ്ടിപ്രദേശത്തെ ചരക്കുകൾ നിരണത്തു കൊണ്ടുവന്നു് അവിടെ ശേഖരിച്ചു കപ്പലിൽ കയററുകയും അതുപോലെ കപ്പലിൽ ഇറക്കുന്ന വിദേശച്ചരക്കുകൾ നിരണത്തുനിന്നു പാണ്ടിപ്രദേശത്തേക്കു കടത്തിക്കൊണ്ടു പോവുകയും ചെയ്തിരുന്ന ആ കാലത്തു നിരണം കപ്പലടുക്കുന്ന ഒരു വ്യാപാരകേന്ദ്രവും കൂടിയായിരുന്നു. കാലാന്തരത്തിൽ നിരണത്തിന്റെ കടൽസാമീപ്യം വളരെ മാറിപ്പോയിരിക്കയാണു്. പണ്ടു കപ്പൽ അടുത്തിരുന്ന നിരണം, കടുത്തുരുത്തി മുതലായ പുരാതന വ്യാപാരകേന്ദ്രങ്ങൾ പ്രകൃതിയിൽ സംഭവിച്ചിട്ടുള്ള മാററങ്ങളാൽ സമുദ്രത്തിൽനിന്നും വളരെ അകന്നുപോയിക്കഴിഞ്ഞിട്ടുണ്ടു്. പാണ്ടിപ്രദേശത്തേക്കു് വളരെയധികം ദൂരം കൊടുങ്കാടുകളിലും മലമ്പാതകളിലും കൂടി നിരണത്തുനിന്നുള്ള പണ്ടത്തെ ആ വ്യാപാരപ്രയാണം ക്ലേശകരവും അപകടപ്രദവും ആയിരുന്നു. തന്മൂലം സമൂഹമായുള്ള അക്കാലത്തെ ആ വ്യാപാരയാത്രയിൽ ഇടയ്ക്കുള്ള ഒരു പ്രധാന വിശ്രമത്താവളമായിരുന്നു നിലയ്ക്കൽ. വിദേശവ്യാപാരികളെ പുരാതനകാലത്തു കേരളത്തിലേക്കു് അത്യധികമായി ആകർഷിച്ച കുരുമുളകു തുടങ്ങിയ സുഗന്ധവിഭവങ്ങൾ ഈ നിലയ്ക്കൽ ഗ്രാമപ്രദേശത്തു ധാരാളം കൃഷിചെയ്തുണ്ടാക്കിയിരുന്നതിനു പുറമെ അവയുടെയും മററു പല ചരക്കുകളുടെയും ഒരു പ്രമുഖ വ്യാപാരകേന്ദ്രവും ആയിരുന്നു ഇവിടം. കർഷകവൃത്തി തൊഴിലാക്കിയ പലേ ജനവിഭാഗങ്ങളും കച്ചവടത്തിൽ സമർത്ഥമായി ഏർപ്പെട്ടിരുന്ന ചെട്ടികളും വിദ്യാഭ്യാസത്തിലും നേതൃത്വത്തിലും സമുന്നതസ്ഥാനം നേടിയിരുന്ന നമ്പൂതിരി ബ്രാഹ്മണരും മററുമായി ബഹുസഹസ്രം ആളുകൾ ഐശ്വര്യമായി അവിടെ കഴിഞ്ഞുകൂടിയിരുന്നു. പല നൂററാണ്ടുകൾ മാർത്തോമ്മാശ്ലീഹായുടെ കാലശേഷവും അങ്ങനെ തുടർന്നിരുന്നു. ജനസംഖ്യ വർദ്ധിച്ചതോടുകൂടി ശബരിമല ക്ഷേത്രവും നിലയ്ക്കൽ ക്ഷേത്രവും മററുമെന്നതുപോലെ ക്രൈസ്തവദേവാലയങ്ങളും അവിടെ പലതുണ്ടായിരുന്നെന്നാണു വിശ്വസിക്കുന്നതു്.

### ചരിത്രലക്ഷ്യങ്ങൾ

സെൻറു തോമ്മസ്സിന്റെ കാലത്തെ ക്രൈസ്തവ ചരിത്രമെന്നതുപോലെ നിലയ്ക്കൽ പ്രദേശത്തിന്റെ പുരാവൃത്തവും വളരെ ഇരുളടഞ്ഞിരിക്കുകയാണു്. ഏതത്സംബന്ധം ശരിയായ ചരിത്രരേഖകളും ലക്ഷ്യങ്ങളും വളരെ വിരളവും ആണു്. നിലയ്ക്കലെ കാര്യങ്ങളിൽ ശതവർഷങ്ങളെ അതിലംഘിച്ചു പ്രചാരത്തിലിരിക്കുന്ന ഐതിഹ്യങ്ങളും പല തലമുറകൾക്കുമുമ്പു നടപ്പിലിരിക്കുന്ന ചില പുരാതനഗാനങ്ങളും നിലയ്ക്കൽ പ്രദേശത്തെ കൊടുങ്കാട്ടിനുള്ളിൽ ഇക്കാലത്തു അവശേഷിച്ചിരിക്കുന്ന പുരാതന ജനാധിവാസലക്ഷ്യങ്ങളായ അനേകം പുരത്തറകൾ, പാഴ്ക്കിണറുകൾ, പഴയ പുരയിടങ്ങളുടെ ഇരുട്ടുമാടുകയ്യാലകൾ മുതലായവയുടെയും ദേവാലയങ്ങളുടെയും മററും നഷ്ടശിഷ്ടങ്ങളുമല്ലാതെ സംശയരഹിതമായ ചരിത്രലക്ഷ്യങ്ങൾ ഇന്നും കണ്ടുകിട്ടിയിട്ടില്ല. വൻവൃക്ഷങ്ങളും വള്ളിക്കെട്ടുകളും ഇടതിങ്ങി വളർന്നു പന്തലിച്ചു കിടക്കുന്ന ആ ഘോരവനാന്തരപ്രദേശങ്ങളിൽ സൂര്യപ്രകാശംതന്നെ പല സ്ഥലത്തും ഭൂമിയിൽ ശരിയാംവിധം എത്തുന്നില്ല. ഈററക്കാടുകളും ചൂരൽക്കാടുകളുംകൊണ്ടു നിബിഡമായിട്ടുള്ള വനപ്രദേശങ്ങളും ചുരുക്കമല്ല. പുൽമേടുകളായിക്കിടക്കുന്ന ഭാഗങ്ങളിലും മുൻപ്രസ്താവിച്ചിട്ടുള്ള ഭാഗങ്ങളിലും ഭൂമിയുടെ മേൽപരപ്പിലുള്ള ചരിത്രാവശിഷ്ടങ്ങൾ പുൽപ്പടപ്പുകൾമൂലവും മററും അതുപെട്ടെന്നു കണ്ടുപിടിക്കുകയെന്നതും എളുപ്പമല്ല. അതുപോലെ ആണ്ടുവട്ടത്തിൽ കഷ്ടിച്ചു വേനൽക്കാലത്തു മാത്രം ചെന്നെത്താവുന്ന ആ ഘോരവനമദ്ധ്യഭാഗത്തു് കാട്ടുമൃഗങ്ങളുടെ വഴിത്താരയിലൂടെയാണെങ്കിലും ഒരിക്കൽ പോയവഴിയേ വീണ്ടും ചെന്നെത്തുകതന്നെ വളരെയധികം ശ്രമകരമായിട്ടുള്ളതുമാകുന്നു.

എങ്കിലും മലബാർ പ്രദേശത്തെ വനംകുടിയേററക്കാർ കാടുവെട്ടിത്തെളിച്ചു ചെല്ലുമ്പോൾ ആ വനാന്തരപ്രദേശത്തു് പഴയ ജനാധിവാസലക്ഷ്യങ്ങളായ മാവു്, പ്ലാവു് തുടങ്ങിയ വമ്പിച്ച പല നാട്ടുവൃക്ഷങ്ങളും പുരത്തറകളുടെയും കിണറുകളുടെയും മററും നഷ്ടശിഷ്ടങ്ങളും അവിടവിടെ കാണാറുള്ളതുപോലെ, പലയവസരങ്ങളിലും നിലയ്ക്കലെ കൊടുങ്കാട്ടിനുള്ളിൽ ചരിത്രഗവേഷണപരമായി പലരും ചെയ്തിട്ടുള്ള പരിശ്രമഫലമായി മേൽപ്രസ്താവിച്ചിട്ടുള്ള ലക്ഷ്യങ്ങൾ സുലഭമായി ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരണീയമല്ല.

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിററഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി, ചാലക്കുടി, വില്ലിംഗ്ടൺദ്വീപ്.

### നിലയ്ക്കൽപള്ളിസ്ഥാപനം

മാർതോമ്മാശ്ലീഹാ കേരളത്തിലെ ഏററവുമധികം ജനാധിവാസമുണ്ടായിരുന്ന ഏഴു മഹാഗ്രാമപ്രദേശങ്ങളിലും പരിസരപ്രദേശത്തുമായിരുന്നു അക്കാലത്തു കേരളത്തിൽ ക്രിസ്തുമതദീപപ്രഭ പരത്തിയതു്. അതിൽ നിലയ്ക്കൽ ഒഴികെ മററെല്ലാപ്രദേശങ്ങളും തീരംസംബന്ധിച്ചായിരുന്നു. മലമ്പ്രദേശത്തു് അപ്പസ്തോലൻ ഒരു പ്രവർത്തനമണ്ഡലം തിരിഞ്ഞെടുത്തതു് അക്കാലത്തു കിഴക്കൻപ്രദേശത്തു വളരെയധികം ജനാധിവാസത്തോടുകൂടിയ ഈ നിലയ്ക്കൽഗ്രാമപ്രദേശമായിരുന്നു. മാർ തോമ്മാശ്ലീഹായുടെ സുവിശേഷപ്രവർത്തനങ്ങൾ സംബന്ധിച്ചു് ചില പുരാതനഗാനങ്ങൾ നമ്മുടെയിടയിൽ പലേ തലമുറകളായി നടപ്പിലിരിക്കുന്നുണ്ടെങ്കിലും നിരണം റമ്പാൻപാട്ടു് ഇതുകളിലെല്ലാം കൂടുതൽ വിശ്വസനീയമാണെന്നാണു വയ്പു്. ആ ഗാനത്തിന്റെ ഒരുഭാഗം ഇപ്രകാരമാണു്:–

"കിഴക്കൻമല വഴിയായവിടുന്നുടനെ
മലനഗരം ചായൽക്കെത്തി
പിഴയാതവിടെയുമൊരു വർഷത്തിട
അറിയിച്ചു താൻ മാർഗ്ഗത്തെ
ഈരായിരമൊരെണ്ണൂർപേരെ
മാമ്മോദീസായും മുക്കി
ആരാധന മുറയോടെ സ്ലീവാ
സ്ഥാപിച്ചു താനവിടെയും."

ചായൽ (നിലയ്ക്കൽ) അക്കാലത്തു് മലമ്പ്രദേശത്തു നഗരസമാനം സ്ഥിതിചെയ്തിരുന്ന ഒരു മഹാഗ്രാമമായിരുന്നുവെന്നും കിഴക്കൻ മലമ്പാതവഴിയായിരുന്നു നിരണത്തുനിന്നും മാർതോമ്മാശ്ലീഹാ അവിടേക്കു പോയതെന്നും, ഒരു വർഷക്കാലത്തോളം ശ്ലീഹാ നിലയ്ക്കൽഗ്രാമപ്രദേശത്തു സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു താമസിക്കുകയും 2800 ജനങ്ങളെ അവിടെ ക്രിസ്ത്യാനികളാക്കി മാമ്മോദീസാ നൽകുകയും അവിടത്തെ ക്രൈസ്തവജനതയുടെ ആരാധനാ ആവശ്യത്തിലേക്കു് ഒരു ദേവാലയം സ്ഥാപിച്ചു് സ്ലീവാ പ്രതിഷ്ഠിക്കുകയും ഉണ്ടായിയെന്നുമാണല്ലോ മേൽകാണുന്ന ഗാനഭാഗത്തിന്റെ സാരം.

### നിലയ്ക്കൽ എവിടെ?

പണ്ടു മാർതോമ്മാശ്ലീഹാ പള്ളി സ്ഥാപിച്ച ഈ നിലയ്ക്കൽ പ്രദേശം ഇന്നു ഘോരവനാന്തരപ്രദേശമാണല്ലോ? മനുഷ്യാധിവാസസ്ഥാനങ്ങളിൽനിന്നു വളരെ അകലെ സഹ്യാദ്രിസാനുപ്രദേശങ്ങളിൽ ഹിംസ്രജന്തുക്കളുടെ ഒരു വിഹാരസ്ഥാനമായി പരിണമിച്ചിരിക്കുന്ന ആ പ്രദേശങ്ങളിൽ വളരെയധികം ബുദ്ധിമുട്ടിവേണം ഇക്കാലത്തു ചെന്നെത്തുവാൻ. മദ്ധ്യതിരുവിതാംകൂറിന്റെ പൂർവ്വഭാഗത്തു് പത്തനംതിട്ടത്താലൂക്കിന്റെ കിഴക്കുഭാഗം. ശബരിമല പ്രദേശമാണിവിടം. ആണ്ടുവട്ടത്തിൽ ഒന്നുരണ്ടുപ്രാവശ്യം ശബരിമലയിലേക്കു ഹൈന്ദവർ തീർത്ഥയാത്രനടത്തുന്ന ദുഷ്കരമാർഗ്ഗങ്ങളിലൂടെവേണം ഈ വനാന്തരപ്രദേശത്തെത്തുവാൻ. പണ്ടു വളരെ വിദൂരതയിൽ ഘോരാരണ്യപ്രദേശമായിരുന്ന വിസ്തൃതഭൂമിയുടെ പടിഞ്ഞാറൻഭാഗങ്ങൾ കുറേയധികം വനംകൃഷിക്കാർ വെട്ടിത്തെളിച്ചു് കൃഷിചെയ്തു സാമാന്യം ജനാധിവാസസ്ഥാനങ്ങളായി ഇക്കാലത്തു രൂപാന്തരപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും വളരെദൂരം കൊടുങ്കാടായി അവശേഷിക്കുന്നു. ഈ വനഭൂമിയിൽക്കൂടി വളരെ ബുദ്ധിമുട്ടിവേണം നിലയ്ക്കൽപ്രദേശത്തെത്തുവാൻ.

ശബരിമലയ്ക്കു വടക്കൻവഴി തീർത്ഥാടനംനടത്തുന്നവർ പമ്പയും കടന്നു് പിന്നീടും ആറേഴുനാഴിക കൂടി കിഴക്കോട്ടുചെല്ലുമ്പോൾ പമ്പയാറിനും തെക്കായി പടിഞ്ഞാട്ടു ചരിഞ്ഞു് പരന്നു വിസ്തൃതിയിൽ കിടക്കുന്ന സ്ഥലമാണു് ചായൽ അഥവാ നിലയ്ക്കൽതാവളപ്രദേശം. അവിടെനിന്നും 12 മൈലോളം കിഴക്കാണു് ശബരിമലക്ഷേത്രം. പന്തളം, റാന്നി മുതലായ തെക്കുപടിഞ്ഞാറൻപ്രദേശങ്ങളിൽനിന്നു ശബരിമലയ്ക്കുള്ള തീർത്ഥാടനമാർഗ്ഗം ഈ നിലയ്ക്കൽ താവളത്തിന്റെ ദക്ഷിണഭാഗത്തുള്ള ആനവഴിത്താരയിൽക്കൂടിയുമാണു്. റാന്നിഭാഗത്തുക്കൂടി ശബരിമലയ്ക്കുള്ള തീർത്ഥാടനമാർഗ്ഗവും ഈ ഭാഗത്തു ആനവഴിത്താരയായാണു കാണപ്പെടുന്നതു്. ഇപ്പോഴത്തെ ചിററാർതോട്ടവും കടന്നു് കിഴക്കോട്ടുള്ള മാർഗ്ഗേണ ആങ്ങമൂഴി എന്ന സ്ഥലത്തിനു് 5 മൈലോളം അപ്പുറമാകുമ്പോൾ ഈ നിലയ്ക്കൽതാവളപ്രദേശത്തെത്താവുന്നതാണു്.

### നിലയ്ക്കലിന്റെ നാശം

സെൻറു് തോമസിന്റെ കാലത്തിനുശേഷം 12-13 ശതാബ്ദക്കാലംകൂടി നിലയ്ക്കൽപ്രദേശത്തു ജനങ്ങൾ ഐശ്വര്യസമൃദ്ധിയിൽ കഴിഞ്ഞിരുന്നതായാണു് ഐതിഹ്യം. വിവിധജാതിമതസ്ഥരുടെ സഹസ്രക്കണക്കിനുള്ള ഭവനങ്ങളും അവരുടെ പല ദേവാലയങ്ങളും നിലയ്ക്കലിന്റെ നാശകാലത്തു് അവിടെയുണ്ടായിരുന്നതായി വിശ്വസിക്കപ്പെടുന്നു. പന്തളം രാജകുടുംബത്തിന്റെ പ്രതാപവും സൈനികശക്തിയും നാശോന്മുഖമായ ഒരു സന്ധിയിൽ—പാണ്ടിപ്പറയ സമൂഹത്തിന്റെ (പാറപ്പാറം) കൂടക്കൂടെയുള്ള ആക്രമണം തടുക്കുവാൻ ശക്തിയില്ലാതെവന്ന ഒരു വിപൽകാലഘട്ടത്തിൽ — ജനങ്ങൾ ഒന്നടങ്കം ചുററും വനാന്തരപ്രദേശമായ ആ അരക്ഷിതഭൂമിയിൽ നിന്നു നാട്ടുപ്രദേശങ്ങളിലേക്കു കുടിയിറങ്ങിപ്പോന്നു് ഒടുവിൽ ഫലഭൂയിഷ്ഠമായ നിലയ്ക്കലെ മഹാഗ്രാമപ്രദേശം ജനാധിവാസമററു് ചുററിലുമെന്നതുപോലെ കാടുകയറി ഹിംസ്രജന്തുക്കളുടെ വിഹാരരംഗമായിത്തീർന്നുവെന്നാണു് വിശ്വസിക്കപ്പെടുന്നതു്. നിലയ്ക്കൽ പ്രദേശത്തു "വക്രിപ്പുലി"യുടേയും "പെരുമ്പാററ"യുടേയും ആക്രമണം സഹിക്കവയ്യാതെ ജനങ്ങൾ സുരക്ഷിതപ്രദേശങ്ങളിലേക്കു കുടിമാറിപ്പോയെന്നും ഐതിഹ്യമുണ്ടു്. 14-ാംശതകത്തിന്റെ ആരംഭഘട്ടത്തിൽ പാണ്ടിവഴി "ഫക്കീർ ആലിഗർ" എന്നയാൾ ക്രൂരന്മാരായ ധാരാളം പാണ്ടിപ്പറയ സൈനികസമൂഹത്തോടുകൂടി നിലയ്ക്കലിനെ നിഷ്ഠുരമായി ആക്രമിച്ചതോടുകൂടി ജനങ്ങൾ സർവ്വസ്വവും ഉപേക്ഷിച്ചു് സുരക്ഷിതപ്രദേശങ്ങളിൽ കുടിയേറിപ്പാർത്തതായും, "ഫക്കീർ ആലിഗർ" എന്ന പേരിനെ "വക്രിപ്പുലി"യെന്നും "പറപ്പാററ"ത്തെ "പെരുമ്പാററ"യെന്നും പറഞ്ഞുവരുന്നതാണെന്നുമുള്ള വർത്തമാനവുമുണ്ടു്. ഏതായാലും രാജാവിന്റെ സൈനികശക്തി ക്ഷയിച്ചതോടുകൂടി ചുററിലുമുള്ള ഘോരവനങ്ങളുടെ മദ്ധ്യത്തിൽ ഒററതിരിഞ്ഞുള്ള നിലയ്ക്കലെ താമസം സുരക്ഷിതമല്ലെന്നുകണ്ടു് ജനങ്ങൾ സർവ്വസ്വവും ഉപേക്ഷിച്ചു് കുടിയിറങ്ങിപ്പോന്നുവെന്നുവേണം കരുതുവാൻ. ഉഗ്രവിഷജന്തുവായ "ഉറുമാപ്പുലി"യുടെ ശല്യം സഹിക്കവഹിയാതെ ജനങ്ങൾ അവിടമുപേക്ഷിച്ചുപോയതായും ഐതിഹ്യങ്ങളുണ്ടു്.

### നിലയ്ക്കലെ ക്രൈസ്തവപിന്തുടർച്ച

പോർട്ടുഗീസുകാരുടെ വരവിനു വളരെ മുമ്പുതന്നെ—കൂനങ്കുരിശുസത്യവും പുത്തൻകൂർതിരിവും സംഭവിക്കും മുമ്പുതന്നെ—നിലയ്ക്കൽനിന്നും ക്രിസ്ത്യാനികളും മററു ജനങ്ങളോടൊപ്പം കുടിയിറങ്ങി മററു പലേ പ്രദേശങ്ങളിലും സ്ഥിരവാസമാക്കി. അവരിൽ വടക്കൻവഴിക്കു തിരിഞ്ഞ ഒരു വിഭാഗം പുരാതനക്രിസ്ത്യാനികൾ അരുവിത്തുറ, പൂഞ്ഞാർ തുടങ്ങിയ മീനച്ചിൽതാലൂക്കിന്റെ കിഴക്കുഭാഗങ്ങളിലും അവിടെനിന്നും കാഞ്ഞിരപ്പള്ളിഭാഗത്തും മററും കുടിയേറി ആ പ്രദേശങ്ങളിൽ കത്തോലിക്കാവിശ്വാസത്തിൽ തന്നെ നിലനില്ക്കുന്നു. പന്തളം, റാന്നി, ചെങ്ങന്നൂർ, അടൂർ, പത്തനംതിട്ട പ്രദേശങ്ങളിൽ ഇക്കാലത്തു കാണപ്പെടുന്ന പല പുരാതനക്രൈസ്തവപുത്തൻകൂർ ഇടവകകളും പുരാതനകുടുംബങ്ങളും നിലയ്ക്കൽനിന്നു പിരിഞ്ഞു താമസമാക്കിയ പൂർവ്വജനതയുടെ പിന്തുടർച്ചയായി കരുതപ്പെടുന്നു.

ശബരിമലക്ഷേത്രം, നിലയ്ക്കൽ ക്ഷേത്രം എന്നിങ്ങനെ ഹിന്ദുക്കൾക്കു നിലയ്ക്കൽപ്രദേശത്തു ഒന്നിലധികം ക്ഷേത്രങ്ങൾ ഉണ്ടായിരുന്നതുപോലെ ക്രൈസ്തവർക്കും അവിടെ ശതക്കണക്കിനു ഭവനങ്ങളും പല ദേവാലയങ്ങളും ഉണ്ടായിരുന്ന സന്ധിയിലായിരുന്നു നിലയ്ക്കലിന്റെ നാശം. പിന്നീടു കൊടുങ്കാടായിപ്പരിണമിച്ച നിലയ്ക്കലെ പുരാതനക്രൈസ്തവദേവാലയസ്ഥാനം കണ്ടുപിടിച്ചു പുനരുദ്ധരിക്കുവാൻ ദീർഘകാലമായി ശ്രമം നടക്കുന്നുണ്ടു് എന്നു പറഞ്ഞുവല്ലോ. ധാരാളം പഴയ താമസസ്ഥലങ്ങളുടെ നഷ്ടശിഷ്ടങ്ങളുടെമദ്ധ്യേ സ്പഷ്ടമായ ഒന്നിലധികം ദേവാലയങ്ങളുടെ അവശിഷ്ടങ്ങൾ ഈ കൊടുങ്കാട്ടിനുള്ളിൽ കാണുമാൻ കഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ ഒരു

(ശേഷം 15-ാംപേജിൽ)




മേശപ്പുറത്തു അരുമയായൊരു കൊച്ചു പുസ്തകമിരിക്കുന്നു. കറുത്തിരുണ്ട പുറംചട്ട കരിവണ്ടിനെപ്പോലെ മിന്നിത്തിളങ്ങുന്നു. വിടരുന്ന ഭാഗം മുഴുവൻ സ്വപ്നമയമാണ്. പുറംചട്ടയുടെ മദ്ധ്യത്തിലൊരു ചിത്രമുണ്ട്. ആ ചിത്രത്തിന് മുള്ളുകളുണ്ടെന്നു തോന്നുന്നു. അതെന്റെ ഹൃദയം മാന്തിമാന്തിക്കീറുകയാണ്. നനുനനുത്ത ഹൃദയപാർശ്വങ്ങൾ കീറിമുറിയുമ്പോൾ അടങ്ങാത്ത വേദനയാണ്. വേദനകൊണ്ട് ഹൃദയംപൊട്ടിക്കരഞ്ഞുപോകും. രക്തത്തിന്റെ കണ്ണുനീർത്തുള്ളികൾ ഇററിററുവീഴും.

ഈ കൊച്ചുപുസ്തകം ഒരു ബന്ധത്തിന്റെ അവസാനവും മറെറാന്നിന്റെ ആരംഭവുമാണ്.

ഇതൊരു വിരഹത്തിന്റെ സമ്മാനമാണ്; എന്നുമെന്നും കരയിക്കാൻപോന്നൊരു സമ്മാനം.

ഈ പുസ്തകത്തിന്റെ രണ്ടാമത്തെ താളിൽ എഴുതി ഒപ്പുവച്ചിട്ടുള്ളത് പാമിയാണ്. നീണ്ട കണ്ണും ചുരുണ്ട അളകങ്ങളുമുള്ള അവൾ ഇന്നലെ എന്റേതല്ലാതായി.

പാമി ഇന്നലെ മഠത്തിൽ പോയി.

പാമി ഒരു കൊച്ചുസുന്ദരിയാണ്. അഴകെഴുന്നതാണവളുടെ കേശഭാരം. ആ ചുരുണ്ട മുടിയിഴകൾ ഓരോന്നോരോന്നായി മുറിഞ്ഞുവീഴുമ്പോൾ അവൾ കരഞ്ഞുപോകയില്ലേ? ആ വടിവൊത്ത ശരീരകാന്തി കരയിപ്പിക്കുന്നൊരു കറുത്ത അങ്കിയിൽ ഒളിക്കപ്പെട്ടപ്പോൾ അവളുടെ വിടർന്നു നീണ്ട നീലക്കണ്ണുകളിൽ കണ്ണീരു പൊടിയില്ലേ? ഇല്ലായിരിക്കാം!

“ഞാനൊരു കഠിനഹൃദയയാണെന്നു അങ്ങു കരുതരുത്. ഉത്തമമായതാണ് ഞാൻ തിരിഞ്ഞെടുത്തതെന്നു അങ്ങു വിശ്വസിക്കണം.” കൗതുകമാന്ന ആ പ്രാർത്ഥനപ്പുസ്തകത്തിന്റെ ഒരു താളിൽ അവളെഴുതിയിരിക്കുകയാണ്.

എങ്കിലും ബന്ധങ്ങൾ മുറിയുമ്പോൾ കരഞ്ഞുപോകും. ഒട്ടിച്ചേർന്ന ഹൃദയങ്ങൾ പിഴുതകററപ്പെടുമ്പോൾ വേദനചൂഴുന്ന മുറിവുകളുണ്ടാകും. ചോരത്തുള്ളികൾ ഇററിററുവീഴും.

ഗാനവീചികളിലൂടെയാണ് ഞങ്ങളുടെ ഹൃദയങ്ങൾ പരസ്പരം മണത്തറിഞ്ഞത്. സംഗീതത്തിന്റെ പട്ടുനൂലിൽ ഞങ്ങളിരുവരുടേയും ഹൃദയങ്ങൾ കോർത്തിണക്കപ്പെട്ടു; എങ്കിലും ഇന്നലെ അവ രണ്ടായി.

ഞാൻ; ഒരു മലയാളിച്ചെറുക്കൻ. അവൾ; ബോമ്പെക്കാരിയായ ഒരാംഗ്ലോ ഇൻഡ്യൻ പെൺകുട്ടി.

എങ്കിലും ഗാനമാധുരിയുടെ ഓമനച്ചിറകുകളിൽ ഞങ്ങളുടെ ഹൃദങ്ങൾ അടുത്തു.

അതൊരു കഥയാണ്; ഒരു ഫിഡിലിന്റേയും ഫ്ളൂട്ടിന്റേയും കഥ.

കൊന്നപൂത്തപോലൊരു രാത്രി. നേവിയുടെ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് മുഴുവൻ നിലാവിൽ കുളിച്ചുനില്ക്കുകയാണ്. മനോഹരമായിരുന്നു ആ കാഴ്ച. നാവികരുടെ തൂവെള്ളയുടുപ്പുകൾ അവരുടെ വസതികളും എടുത്തണിഞ്ഞോ യെന്നു തോന്നി.

ഞാനെന്റെ കൊച്ചുമുറിയിൽ ഒരു ടേബിൾലാംപിന്റെ മുന്നിലിരിക്കുന്നു. ഓർഗാനിക് കെമിസ്ട്രിപ്പുസ്തകം കരളുകയാണ്. ഇക്കൊല്ലമെങ്കിലും ബോമ്പെ യൂണിവേഴ്സിററിയുടെ ബി. എസ്സ്സി കടന്നുകൂടണമെന്നു വ്രതമെടുത്തിരിക്കുകയാണ്.

അടുത്തമുറിയിൽ ജ്യേഷ്ഠൻ കൂർക്കംവലിക്കുന്നുണ്ട്. ഡ്യൂട്ടികഴിഞ്ഞുവന്നപ്പോൾ തുടങ്ങിയ ഉറക്കമാണ്. ക്യാപ്ററൻ രാംസിങ്ങിന്റെ വീട്ടിൽനിന്നു് ഇപ്പോഴും അടക്കിപ്പിടിച്ച സംസാരം കേൾക്കാം.

തടിച്ച പുസ്തകത്തിന്റെ താളുകൾ മറിഞ്ഞു. ഓരോ പേജുകൾ മറിയുമ്പോഴും തലയ്ക്കു ഘനംകൂടുകയാണ്. ഓ, പതിനഞ്ചാമത്തെ അദ്ധ്യായം കഴിഞ്ഞു.

ഒന്നു വിശ്രമിക്കണമെന്നു തോന്നി; സ്വല്പനിമിഷത്തേക്കുമാത്രം. മേശയിൽതന്നെ തലചായ്ച്ചൊന്നു കിടന്നു. കണ്ണുകൾ മെല്ലെയൊന്നു മയങ്ങാൻ തുടങ്ങുകയാണ്. അപ്പോഴാണ് മധുരിക്കുന്ന ഗാനവീചികൾ കാതിലേക്കൊഴുകിവരുന്നത്. തൊട്ടടുത്ത വീട്ടിൽനിന്നാണ്.

ഞാൻ ശ്രദ്ധിച്ചു. നേർത്തുനേർത്ത ഫിഡിലിന്റെ ഗാനം. നേർമ്മയേറിയ ഒരു തളിർലതപോലുയർന്നു്, ആ ഗാനവീചികൾ, അമ്പിളിയുടെ ശീതളമായ പൊന്നിൻകതിരുകളിൽ പടരുകയാണെന്നുതോന്നി.

തലയുയർത്തിയിരുന്നുകൊണ്ട് ഞാനതു ശ്രദ്ധിച്ചു. താളാത്മകമായി ആ ഗാനമാധുരി അന്തരീക്ഷത്തിലുയരുകയാണ്.

രാത്രിയുടെ ഏകാന്തനിശ്ശബ്ദതയിൽ ഗാനത്തിന്റെ പട്ടുനൂലുകൊണ്ട് ആരോ ഒരു കലാശില്പം നെയ്യുകയാണ്.

ആരാണതു്? എഴുന്നേററുചെന്നു് ഞാൻ വാതായനത്തിലൂടെ അടുത്ത വീട്ടിലേക്കു നോക്കി.

ആ വീട്ടിലെ ജനാലകളണിഞ്ഞിരിക്കുന്ന നേർത്ത തിരശ്ശീലകൾ ഇളംതെന്നലിൽ പാറിക്കളിക്കുന്നു.

അവയ്ക്കിടയിലൂടെ ഞാൻ കണ്ടു......അവൾ ഫിഡിൽ വായിക്കുകയാണ്. നൈർമ്മല്യത്തിന്റെ ഒരു മാർബിൾപ്രതിമപോലെ അവളൊരു കസേരയിലിരിക്കുന്നു. ചുരുണ്ട അളകങ്ങൾ ആ തുടുത്ത കവിൾത്തടത്തിലേക്ക് ഇടയ്ക്കിടക്കു പാറിവീഴുന്നുണ്ട്. കണ്ണുകൾ പാതി അടഞ്ഞിരിക്കുകയാണ്, ഗാനലഹരിയിൽ. പിക്കാസോവിന്റെ “ഫിഡിൽ വായിക്കുന്ന സ്ത്രീ” എന്ന ചിത്രം ഓർത്തുപോയി.

ഒരു പിഞ്ചുകുഞ്ഞിനെ താരാട്ടുപാടി ഉറക്കുന്നതുപോലെയാണ് അവൾ ഫിഡിൽ ചേർത്തുപിടിച്ചിരിക്കുന്നതു്. ഫിഡിലിന്റെ നേർത്ത കമ്പികളിൽ അവളുടെ നീണ്ട വിരലുകൾ ആയാസരഹിതമായി ചലിക്കുന്നു. പട്ടുനൂലുപോലെ നേർത്ത ഗാനതരംഗങ്ങൾ ആ കൈവിരലുകൾക്കിടയിൽനിന്നു് വായുവിലുയരുന്നു.

സംഗീതത്തിന്റെ മുന്തിരിച്ചാറിൻതുള്ളികൾ നിലാവിൽക്കുളിച്ച അന്തരീക്ഷത്തിലേക്കു തെറിച്ചുതെറിച്ചു വീഴുകയാണ്; പട്ടുതിരശ്ശീലകളെ ഇക്കിളിയിടുന്ന കുഞ്ഞിക്കാററിനു ലഹരിപിടിക്കുന്നതുപോലെ.

അടങ്ങാത്ത ആശ്ചര്യവും ആനന്ദവുമാണ് എന്റെ ഹൃദയത്തിൽ. പൊന്തകൾക്കിടയിൽനിന്നു തെരുതെരെ പാട്ടുപാടുന്ന ഒരു കുഞ്ഞിക്കുയിലിനെ കണ്ടുകിട്ടിയതുപോലെയാണ്.

നിമിഷങ്ങൾ നീങ്ങി; പാടുന്ന നിമിഷങ്ങൾ.

കണ്ണുകൾ ആ തിരശ്ശീലകൾക്കിടയിൽനിന്നെടുക്കാതെതന്നെ ഞാൻ ശ്രദ്ധിച്ചു. ആ സംഗീതധാര നേർത്തുനേർത്തുവരികയാണ്. ഫിഡിലിന്റെ നാദം ഒരു മുടിനാരിഴപോലെ നേർത്തുപോകുന്നു.



വി. പത്താംപീയൂസിന്റേയും, വി. കൊച്ചുത്രേസ്യായുടേയും, തിരുക്കുടുംബത്തിന്റേയും, വി. ഫിലോമിനായുടേയും. അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥരായ വി. യൂദാശ്ലീഹായുടേയും വി. റീത്തായുടേയും മാദ്ധ്യസ്ഥതാലും സിസ്റ്റർ അൽഫോൻസായുടേ സഹായത്താലും ഉദ്ദിഷ്ടസുഖപ്രാപ്തിക്കു ഉപകാരസ്മരണ.

By a Firm believer

ആ ഗാനം നിശ്ശേഷം നിലയ്ക്കുന്നു. അവൾ ഫിഡിൽ മേശപ്പുറത്തുവച്ചു. ലൈററണയ്ക്കപ്പെട്ടു. എല്ലാം നിശ്ശബ്ദം. അവൾ ഉറങ്ങാൻ പോകുകയായിരിക്കും. സുന്ദരങ്ങളായ സ്വപ്നങ്ങൾ അവളെ കാത്തുനില്ക്കുന്നുണ്ടാവാം. ആ കിനാവുകൾപോലും ഗാനങ്ങളായിരിക്കും; മസ്ലിൻതുണിപോലെ നേർത്ത ഗാനങ്ങൾ.

അങ്ങനെ എന്നുമെന്നും രാത്രിയുടെ ഏകാന്തനിശ്ശബ്ദതയിൽ ആ ഗാനവീചികളുയരും. ശാന്തമായ ഒരു കൊച്ചരുവിപോലെ ആ സംഗീതമാധുരി അന്തരീക്ഷത്തിലെത്താവുന്നദൂരംവരെ ഒഴുകിച്ചെല്ലും. നേർമ്മയേറിയ വിൻഡോകർട്ടണുകൾക്കിടയിൽ പിക്കാസ്സോവിന്റെ മനോഹരമായ ആ ചിത്രം തൂക്കിയിട്ടപോലെ തോന്നും.

മടുപ്പിക്കുന്ന ടെക്സ്റ്റ് പുസ്തകങ്ങളുരുവിട്ടു പഠിക്കുമ്പോഴായിരിക്കും അവളുടെ ഫിഡിലിന്റെ നാദമുയരുക. ഒരു കുളിർത്ത കുഞ്ഞിക്കാററുപോലെ അതെന്റെ ഹൃദയത്തെ ഇക്കിളിയിടും. പാടാൻ കൊതിക്കുന്ന ഹൃദയം പുളകമണിഞ്ഞുപോകും. മേശപ്പുറത്തുകിടക്കുന്ന കറുത്തുനീണ്ട ഫ്ളൂട്ടിനുവേണ്ടി എന്റെകൈകൾ നീളാറുണ്ട്, ആ ഗാനം ശ്രവിക്കുമ്പോൾ. എങ്കിലും താനെ പിൻവലിയും. ഒരു വാൾ തലയ്ക്കുമീതെ തൂങ്ങിയിരിക്കുകയാണ്—പരീക്ഷ. അപ്പോൾ പുല്ലാങ്കുഴൽ ഒരു വിലക്കപ്പെട്ട പഴമാണ്.




അന്നു്, നേർത്ത നിലാവുള്ളൊരു രാത്രിയിൽ അവൾ കരളലിയിക്കുന്നൊരു പാട്ടുപാടി. ഫിഡിലിന്റെ നേരിയ കമ്പികൾ തേങ്ങിത്തേങ്ങി കരയുകയാണോ എന്നുതോന്നി. ശോകനിർഭരമായിരുന്നു ആ ഗാനം. അവളുടെ നീണ്ട കൺകോണുകളിൽ കണ്ണുനീർത്തുള്ളികൾ തുടുത്തുനില്ക്കുന്നുണ്ടായിരിക്കണം.

കണ്ണീരിൽകുളിച്ച ഗാനതരംഗങ്ങൾ എന്റെ ഹൃദയത്തിലേക്കൊഴുകിവന്നു. ഹൃദയം നനഞ്ഞുപോയി, കണ്ണീരുകൊണ്ട്.

എന്റെ കൈകൾ ഓടക്കുഴലിനുനേരെ അരിച്ചരിച്ചുനീങ്ങി. ഓടക്കുഴൽ ഞാൻ കൈയിലെടുത്തു. ഞാനതു ചുണ്ടുകളോടടുപ്പിച്ചു. ആദ്യം ശങ്കിച്ചു. എങ്കിലും പിന്നെ ഊതി. ശോകരസം കനിയുന്ന അവളുടെ ഫിഡിലിന്റെ ഗാനത്തോടൊപ്പം എന്റെ കൈവിരലുകൾ ഫ്ളൂട്ടിന്റെ ദ്വാരങ്ങളിൽ ചലിച്ചു. ഹൃദയം തുടിച്ചു. രണ്ടു സംഗീതധാരകൾ ഒന്നിച്ചൊഴുകുകയാണ്—ഒരു ഫ്ളൂട്ടും ഒരു ഫിഡിലും.

രാത്രിയുടെ ഏകാന്തനിശ്ശബ്ദതയിൽ രണ്ടു നദികൾ ഒന്നിക്കുന്നു. ചന്ദ്രനും ചന്ദ്രികയും നോക്കിനില്ക്കുകയാണ് വികാരനിർഭരമായ കുറെ നിമിഷങ്ങൾ.

അവസാനം സംഗീതധാര നേർത്തുനേർത്തുവന്നു. പിന്നെ നിശ്ശബ്ദതമാത്രമായി. എന്റെ പുല്ലാങ്കുഴലും അവളുടെ ഫിഡിലും ഒന്നിച്ചാണു മൂകമായതു്.

ഞാൻ ജാലകത്തിനടുത്തേക്കു നീങ്ങി. വെറുതെ പുറത്തേക്കൊന്നു നോക്കി. കണ്ണുകൾ നേരെ ചെന്നുതറച്ചതു് നേർത്ത തിരശ്ശീലകൾക്കിടയിൽ തിളങ്ങുന്ന മററു രണ്ടു നയനങ്ങളിലാണ്. അവൾ ഇങ്ങോട്ടുനോക്കിയിരിക്കുകയാണ്. മുരളീനാദത്തെപ്പററി അത്ഭുതപ്പെടുകയായിരിക്കുമവൾ.

തിളങ്ങുന്ന നീണ്ട രണ്ടു കണ്ണുകൾ! ശരീരം ഒന്നാകെ കോരിത്തരിച്ചുപോയി. ഞാൻ പിന്നോട്ടു വലിഞ്ഞു.

തുടർന്നുള്ള മിക്ക രാത്രികളിലും രണ്ടു നദികൾ ഒന്നിച്ചൊഴുകാറുണ്ട്—ഒരു ഫ്ളൂട്ടും ഒരു ഫിഡിലും.

പട്ടുനൂലുപോലെ നേർത്ത ആ സംഗീതധാരകൾ എന്നുമെന്നും രണ്ടു ഹൃദയങ്ങളിൽ അനുഭൂതിയുടെ സ്വർഗ്ഗങ്ങൾ പടുത്തുയർത്തും. എങ്കിലും ഗാനത്തിനുശേഷം ഞാൻ ജാലകത്തിലൂടെ പുറത്തോട്ടു നോക്കാറില്ല. ഭയമാണ്. കണ്ണുകൾ കൂട്ടിമുട്ടുമ്പോൾ വിയർത്തുപോകും. എന്തോ, നയനങ്ങളിടയുമ്പോൾ ഹൃദയത്തിലൊരാളിക്കത്തലാണ്.

പാട്ടിൽകുളിച്ച രാത്രികൾ കടന്നുപോയി.

ഞായറാഴ്ചയാണ്. കുർബാനയുംകഴിഞ്ഞ് ഞാൻ ഭദ്രാസനദേവാലയത്തിന്റെ പടികൾ തെരുതെരെ ഓടിയിറങ്ങുകയാണ്.

“മി. ടോം” പെട്ടെന്നു പിന്നിൽനിന്നൊരു കിളിനാദം. ഞാൻ തിരിഞ്ഞുനോക്കി. അത്ഭുതപ്പെട്ടുപോയി. പിക്കാസ്സോവിന്റെ ചിത്രം! ആ നീണ്ട കണ്ണുകളും ചുരുണ്ട അളകങ്ങളും!

“ക്ഷമിക്കണേ” നിലത്തോളം താഴ്ന്നുകൊണ്ട് അവൾ പുഞ്ചിരിച്ചു.

“ക്ഷമിക്കാൻ അപരാധമൊന്നും ചെയ്തില്ലല്ലോ.”

“എന്നാലും...ഓടിപ്പോകുന്നവരെ പിടിച്ചുനിർത്തിയാൽ ചിലപ്പോൾ ദേഷ്യംപിടിച്ചേക്കും” കൗതുകമാന്ന പല്ലുകൾ പുറത്തുകാണത്തക്കവിധം അവൾ ചിരിച്ചു.

നല്ല ഇംഗ്ലീഷിൽ പതർച്ചകൂടാതെ സംസാരിക്കാനറിയാമവൾക്ക്. ഞങ്ങൾ കല്പടവുകൾ മുഴുവൻ ഇറങ്ങിക്കഴിഞ്ഞിരുന്നു. ട്രാമും, കാറും ഇരമ്പിപ്പായുന്ന നിരത്തിന്റെ അരികുവശംചേർന്നു് ഞങ്ങളിരുവരും നടന്നു. പാദങ്ങളെടുത്തുവയ്ക്കുമ്പോൾ അവളുടെ ഉയർന്ന “ഹീലു”കളുള്ള തൂവെള്ള ഷൂസ് ഞെരുങ്ങി. താളാത്മകമായ ഒരു ശബ്ദം അവയ്ക്കിടയിൽനിന്നു പുറപ്പെട്ടു. ഓ, അവളുടെ ഓരോ ചലനങ്ങളും ഗാനങ്ങളാണല്ലോ.

“മി. ടോം, നിങ്ങൾ നന്നായി ഫ്ളൂട്ട് വായിക്കുമല്ലേ?” നിലത്തുനോക്കി പുഞ്ചിരിച്ചുകൊണ്ട് അവൾ ചോദിച്ചു.

“ഓ, ഒരു മാതിരിയെല്ലാം. എങ്കിലും എന്റെ ഗാനം ഒരിക്കലും ഫിഡിലിനോളം നേർമ്മയേറിയതാകാറില്ല.”

“ദയവായി കളിയാക്കാതിരിക്കൂ” പുഞ്ചിരി അവളുടെ ചുണ്ടുകളിൽ തത്തിനിന്നു.

“ക്ഷമിക്കണേ; പരിഹസിക്കുകയല്ല. പുരുഷന്മാരുടെ ഗാനം എപ്പോഴും പരുപരുത്തതായിരിക്കും.”

“എന്തായാലും ഒരു പ്രോഗ്രാം തന്നാൽ സ്വീകരിക്കുമോ?”

“ആളുകൾ കൂക്കിവിളിക്കില്ലെന്നുറപ്പുതന്നാൽ.”

അവൾക്കു പൊട്ടിച്ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ലിപ്സ്റ്റിക്കിട്ട ചുണ്ടുകൾക്കിടയിൽ മുല്ലപ്പൂമൊട്ടുകൾ അണിനിരന്നു.

“ഇന്നുച്ചതിരിഞ്ഞാണ്” പരിപാടി.”

“എവിടെയാണ്?”

“കത്തീഡ്റലിൽ. ഞങ്ങളുടെ ലീജിയൻ ഓഫ് മേരിയുടെ വാർഷികമാണ്.”

“അപ്പോൾ പടയാളികളുടെ മുന്നിലാണു പാടേണ്ടതു്, അല്ലേ?”

“അതെ; ഞങ്ങൾക്കു ഒരു ഓർക്കെസ്ട്രാസംഘമുണ്ട്. എല്ലാം ഇംഗ്ലീഷ് മ്യൂസിക്കൽ ഇൻസ്ട്രുമെൻസാണ്. എനിക്കു ഇന്ത്യൻ ഇൻസ്ട്രുമെൻസ് ഇഷ്ടമാണ്. പ്രത്യേകിച്ചും ഫ്ളൂട്ട്” അവൾ ചിരിച്ചു.

ഞങ്ങൾ ഓഫീസേഴ്സ് ക്വാർട്ടേഴ്സിന്റെ പടിക്കൽനിന്നുമൊരു കടന്നുകഴിഞ്ഞിരുന്നു. വീതികുറഞ്ഞ പാതയിലൂടെ ഞങ്ങൾ മുന്നോട്ടുനീങ്ങി. ഞാനവളോടു ചോദിച്ചു: “കത്തീഡ്റലിൽ എവിടെയാണു സമ്മേളനം?”

"റിക്രിയേഷൻഹാളിൽ. മി. ടോം, നിങ്ങൾ മറക്കുകയില്ലല്ലോ."

"തീർച്ചയായുമില്ല. അല്ല! നിങ്ങളെങ്ങിനെ എന്റെ പേർ മനസ്സിലാക്കിയെടുത്തു?"

"ഓ, നിങ്ങളുടെ ഒരു ക്ലാസ്സുമേററില്ലേ, സൂസി; ആ നുണക്കുഴിയുള്ള പെണ്ണ്. അവളിൽനിന്നാണ് ഞാൻ നിങ്ങളെപ്പററി അറിഞ്ഞതു്."

ഞങ്ങൾ എന്റെ ഗേററിനു മുന്നിലെത്തി. "എന്നാൽ ഞാനിങ്ങോട്ടു കയറട്ടേ?" ഞാൻ വിട ചോദിച്ചു.

"ഓക്കേ; മറക്കരുതേ. മൂന്നരമണിക്കു് ഹാളിലുണ്ടാകണം"തൂവെള്ളച്ചെരിപ്പുകൾ ഞെരിച്ചുകൊണ്ടു് അവൾ നടന്നുപോയി. ആ കൗതുകമാന്ന നടത്തം! നൃത്തം വയ്ക്കുകയാണെന്നേ തോന്നൂ.

ഷർട്ടും ടൈയും അഴിച്ചു് ഹാംഗറിൽ തൂക്കുമ്പോൾ ഞാനവളുടെ കൂസലില്ലായ്മയെപ്പററി ചിന്തിച്ചു. ആദ്യത്തെ കാഴ്ചയിൽത്തന്നെ പകപ്പും പതർച്ചയുമില്ലാതെ എത്ര സരസമായാണു് അവൾ സംസാരിക്കുന്നതു്. ഓ, പട്ടണപ്പരിഷ്കാരത്തിന്റെ നടുവിൽ വളന്ന പെൺകിടാവല്ലേ.

ഉച്ചയ്ക്കു ഊണുംകഴിഞ്ഞു് കുറച്ചുധികം ഉറങ്ങിപ്പോയി. ഡ്രസ്സു ചെയ്തു കത്തിഡ്റലിലെത്തിയപ്പോൾ നാലുമണി കഴിഞ്ഞിരുന്നു. ഞാൻ നേരെ റിക്രിയേഷൻ ഹാളിലേക്കു നടന്നു.

വിടന്ന കണ്ണുകളുമായി വാതിൽക്കൽത്തന്നെ അവൾ കാത്തുനില്ക്കുകയാണു്. മഞ്ഞുപോലെ വെളുത്ത ഫ്രോക്കാണവളണിഞ്ഞിരിക്കുന്നതു്. മലനാട്ടിൽ കുന്നുങ്ങിനടക്കുന്ന ഒരു വെള്ളപ്പിറാവാണെന്നുതോന്നി. ചുണ്ടിലൊരു പുഞ്ചിരിയോടെ അവളെന്നെ സ്വാഗതം ചെയ്തു.

"ക്ഷമിക്കണേ, സ്വല്പം വൈകിപ്പോയി" ഞാൻ പറഞ്ഞു.

"ഓ, സാരമില്ല."

അവളെന്നെ അണിയറയിലേക്കു നയിച്ചു. ഓർക്കെസട്രായിലെ മററംഗങ്ങൾക്കു എന്നെ അവൾ പരിചയപ്പെടുത്തി. അടക്കവുമൊതുക്കവുമുള്ളതായിരുന്നു അവളുടെ പെരുമാററം. ആ ഓരോ ചലനത്തിലും കുലീനത്വം നിറഞ്ഞുനിന്നു. ആ ചലനങ്ങളെ ഞാനിഷ്ടപ്പെട്ടു. അണിയറയിൽനിന്നു പോകുമ്പോൾ ചുണ്ടിലൊരു കുസൃതിച്ചിരിയോടെ അവൾ പറഞ്ഞു: "അദ്ധ്യക്ഷപ്രസംഗം കഴിഞ്ഞാൽ ഓർക്കെസ്ട്രാസംഗീതമാണു്. ഒരുങ്ങിയിരുന്നേക്കണം."

ഞാൻ ചിരിച്ചു.

നീണ്ട കരഘോഷം അദ്ധ്യക്ഷപ്രസംഗത്തിന്റെ പരിസമാപ്തിയെ കുറിച്ചു. ചതച്ചുകുത്തിപ്പെയ്ത മഴ തോന്നവസാനിച്ചപോലെ തോന്നി. നീണ്ട സ്റ്റേജിൽ ഓർക്കെസ്ട്രായിലെ അംഗങ്ങൾ രണ്ടണിയായി നിരന്നിരുന്നു. ആദ്യത്തെ അണിയിൽ ഗ്രീസിലെ ഗാനദേവതയെപ്പോലെ മിന്നിത്തിളങ്ങുന്ന ഫിഡിലും കൈയിലേന്തി അവളിരിക്കുന്നു. രണ്ടാമത്തെ വരിയിൽ തൊട്ടു പിന്നിലാണെന്റെ സ്ഥാനം.

കുയിലുകൾ ചേക്കേറിക്കഴിഞ്ഞു. നിമിഷങ്ങൾക്കുള്ളിൽ അനവദ്യമധുരമായ ഗാനവീചികൾ അന്തരിക്ഷത്തിലലയടിക്കും. അതിൽ രണ്ടു രാക്കുയിലുകളുടെ ഗാനങ്ങളുമുണ്ടാകും.

നിശ്ശബ്ദതയിൽ ഫിഡിലിന്റെ നേത്ത നാദമുയന്നു. വിദഗ്ദ്ധമായ കരാംഗുലികൾ ഒന്നായി ചലിച്ചു. സംഗീതമാധുരിയുടെ ഒരു കാട്ടരുവിഅരങ്ങത്തുനിന്നു പൊട്ടിയൊഴുകി. ഗായകസംഘത്തിന്റെ പശ്ചാത്തലത്തിൽ ഒരു സൗന്ദര്യബിംബമുയന്നുനിൽപ്പുണ്ടു്. അനശ്വരതയുടെ പുഞ്ചിരിപ്പൂക്കൾ വാരിവിതറി, താമരമൊട്ടുപോലെ കൂപ്പിയ കൈകളുമായി ഉയന്നുനില്ക്കുന്ന പരിശുദ്ധ ജനനിയുടെ മനോഹരമായൊരു മാർബിൾപ്രതിമ. പൂജാദ്രവ്യങ്ങളിൽനിന്നുയരുന്ന ധൂമപടലങ്ങൾപോലെ ഗാനതരംഗങ്ങളുയന്നു് ആ മനോഹരശില്പത്തിന്റെ പാദപത്മങ്ങളെ സ്നേഹവായ്പോടെ പുൽകുകയാണെന്നുതോന്നി. വിശ്വഗായകന്റെ അംബികയ്ക്കു് കലാകാരന്മാരുടെ ഉപാസന.

സ്റ്റേജിൽനിന്നു് മന്തിരിച്ചാറൊഴുകുകയാണു്. അന്തരിക്ഷത്തിനു ലഹരിപിടിച്ചു. എന്റെ ഹൃദയം അനുഭൂതിയുടെ സ്വർഗ്ഗത്തിലേക്കുയന്നു. മുന്നിലിരിക്കുന്ന ഗാനദേവതയുടെ നീണ്ട കണ്ണുകൾ മെല്ലെമെല്ലെ കൂമ്പുകയാണെന്നു തോന്നി.

ഗാനനിർഭരമായ നിമിഷങ്ങളവസാനിക്കുകയാണു്. സംഗീതധാര ഒരു മൃദുലമായ ഒരു ദീർഘനിശ്വാസംമാത്രമായി.

അവസാനം കുയിലിന്റെ അന്ത്യവിലാപം ചക്രവാളപ്പരപ്പിലെ നിശ്ശബ്ദതയിൽ ലയിക്കുന്നതുപോലെ ആ സംഘഗാനമവസാനിച്ചു. പിന്നെ നീണ്ട കൈയടിയായിരുന്നു.

അങ്ങനെയാണു് രണ്ടു ഹൃദയങ്ങളടുത്തതു്. കത്തിഡ്റലിൽ കൂടുന്ന മിക്ക സദസ്സുകളിലും ഒരു ഫിഡിലിന്റെ മൃദുലഗാനവും, ഒരു പുല്ലാങ്കുഴലിന്റെ നേത്ത ചൂളംവിളിയും രണ്ടരുവികൾ സൃഷ്ടിക്കും. ആ കൊച്ചരുവികൾ ഒന്നിച്ചാണു് അരങ്ങത്തുനിന്നൊഴുകുക.

സംഗീതത്തിൽനിന്നു് ഒരു ബന്ധം ഉയിരെടുത്തു. ലില്ലിപ്പൂവിന്റെ നൈമ്മല്യത്തോടെ അതു വളന്നുവന്നു. (തുടരും)

# സ്നേഹത്തിന്റെ തൈലത്തിൽ ധൈര്യത്തിന്റെ കൈത്തിരി

## "വരുവിൻ നമുക്കു പോയി അദ്ദേഹത്തോടൊന്നിച്ചു മരിക്കാം"

(ഫാദർ അപ്രേം പുതുശ്ശേരി)

അന്നുതന്നെ ക്രിസ്തു ലോകത്തോടു വെല്ലുവിളിച്ചു. ധനികന്മാരേയും പണ്ഡിതന്മാരേയും അകററിനിറുത്തി. നിരക്ഷരകുക്ഷികളും, ദരിദ്രരുമായ മുക്കുവരേയും, ചുങ്കക്കാരേയും തന്റെ ശിഷ്യന്മാരായി തെരഞ്ഞെടുത്തു. അവിടുന്നു ആദ്ധ്യാത്മികമായ ഒരു സാമ്രാജ്യം സ്ഥാപിച്ചു, അവരെ അതിന്റെ അധികാരികളായും അങ്ങുന്നു നിയമിച്ചു. അവർ ആ സാമ്രാജ്യത്തിലെ ആദ്ധ്യാത്മികാദർശത്തിന്റെ പ്രചാരകന്മാരും സൂക്ഷിപ്പുകാരുമായിരുന്നു. ക്രിസ്തുവിന്റെ ലളിതകോമളങ്ങളായ തത്വങ്ങൾപോലും മനസ്സിലാക്കുവാനുള്ള കഴിവോ പ്രാപ്തിയോ അവർക്കുണ്ടായിരുന്നില്ല. അവിടുത്തെ ദൈവികങ്ങളായ അത്ഭുതപ്രവൃത്തികൾ അവർ കണ്ടു. പക്ഷെ അവകളൊന്നും അവരുടെ തലയിൽ കയറിയില്ല.

പത്രോസ് അവിടുത്തെ സാമ്രാജ്യത്തിന്റെ താക്കോൽക്കാരനാണ്. ആ ശിഷ്യപ്രധാനൻ ഗുരുവിനെ മൂന്നുപ്രാവശ്യം നിഷേധിച്ചു സത്യംചെയ്തു. യൂദാസു മുപ്പതു വെള്ളിക്കാശിനു സ്വന്തം ഗുരുവിനെ ഒററിക്കൊടുത്തു, സമത്ഥനായ ഒരു വ്യാപാരിയെപ്പോലെ അവിടുത്തെ വിററു പണമാക്കി. ആയുധധാരികളുടെ സംഘം അവിടുത്തെ ഭദ്രമായി ബന്ധിച്ചപ്പോൾ ശിഷ്യന്മാർ അവിടുത്തെ നിഷ്കരുണം പരിത്യജിക്കുകയാണു ചെയ്തതു്. ഗുരുവിനെ അവിടുത്തെ ജീവിതകാലത്തു ശിഷ്യന്മാർ പല പ്രാവശ്യം അവിശ്വസിച്ചു. ക്ലേശഭാരത്തെ വർദ്ധിപ്പിച്ചു. അങ്ങനെ അവർ പലപ്പോഴും കാലുതെററിവീണു; ചിലപ്പോൾ കാലുമനപ്പൂർവ്വം മാററുകപോലും ചെയ്തു. എന്നാൽ പിന്നീടു അവർ ക്രിസ്തുവിനുവേണ്ടി സമരംചെയ്തു. കഠിനമായ പീഡനങ്ങൾ സഹിച്ചു. തന്മൂലം ക്രിസ്തുവിന്റെ ശത്രുക്കൾ അവരെ വേട്ടയാടിപ്പിടിച്ചു. സത്യസഭയുടെ വിത്തു് അവരുടെ രക്തത്തിന്റെ വളമണ്ണിൽത്തന്നെ തഴച്ചുവളന്നു. അങ്ങനെ ക്രിസ്തുവിനോടുള്ള അവരുടെ സ്നേഹത്തേയും അവരുടെ വിശ്വാസതീക്ഷ്ണതയേയും വിളിച്ചറിയിച്ചു.

നിരക്ഷരകുക്ഷികളും ദരിദ്രരുമായ ഈ ശിഷ്യഗണങ്ങളിൽ ഗുരുവിന്റെ വാക്കുകളെ അക്ഷരംപ്രതി ഗ്രഹിക്കുകയും തദനുസരണം പ്രവത്തിക്കുകയും ചെയ്ത ഒരു ചുങ്കക്കാരനാണു നമ്മുടെ പിതാവായ വി. തോമസ് അപ്പസ്തോലൻ. ക്രിസ്തുവിന്റെ വിളി ശ്രവിച്ച മാത്രയിൽ എല്ലാം ഉപേക്ഷിച്ചു് അവിടുത്തെ അനുഗമിച്ചു. ക്രിസ്തുവിന്റെ സേവനത്തിനായി പുറപ്പെട്ടു. ഇതു ക്രിസ്തുവിനോടുള്ള തികഞ്ഞ സ്നേഹവും അനുസരണവുമാണു് വ്യക്തമാക്കുന്നതു്. ആദ്യവസാനം വി. തോമസ് ആ അവസ്ഥയിൽ നിലനിന്നു. അതു വി. ലിഖിതങ്ങളിൽനിന്നു സുവ്യക്തമാണു്.

ജറുസലേമിനു സമീപെ ബഥനിയെന്ന ഒരു ഗ്രാമമുണ്ടു്. അവിടെ ഒരു വീട്ടിൽ മത്ത, മറിയം, അവരുടെ സഹോദരനായ ലാസർ എന്നിവർ താമസിച്ചിരുന്നു. ആ കുടുംബം ക്രിസ്തുവിന്റെ പ്രത്യേക സ്നേഹത്തിനു വിഷയീഭവിച്ചു. അവിടുത്തെ പ്രിയഭാജനമായ ലാസർ കഠിനരോഗബാധിതനായിക്കിടക്കുന്നുവെന്നുള്ള വിവരം ബഥാനിയായിൽനിന്നു ഒരു ദൂതൻ ക്രിസ്തുവിനെ അറിയിച്ചു. ബഥനി ക്രിസ്തുവിനെ കല്ലെറിഞ്ഞുകൊല്ലുന്നതിനു തയ്യാറെടുത്ത ഒരു സ്ഥലമായിരുന്നു. അടുത്തുതന്നെ അവിടുന്നു ഒരുവിധത്തിൽ അപകടങ്ങളിൽനിന്നു രക്ഷപ്പെട്ടു അവിടെ എത്തിയിട്ടേയുള്ളൂ. ജറുസലേംനഗരവാസികൾ എങ്ങിനെയെങ്കിലും ക്രിസ്തുവിനെ വധിക്കുന്നതിനുള്ള ഗൂഢാലോചനകളിൽ ഏപ്പെട്ടിരുന്ന ഒരു അവസരവുംകൂടിയായിരുന്നു, അതു്. അങ്ങനെ പിരിയായിലെ മലഞ്ചെരുവിൽക്കൂടിയുള്ള യാത്ര ജീവഹാനിപോലും വരുത്തുമെന്നു ശിഷ്യന്മാർ ഭയപ്പെട്ടു. അവർ ഗുരുവിനെ തടസ്സപ്പെടുത്തി. അഭിമാനിക്കത്തക്ക ധീരമായ വിശ്വാസത്തോടുകൂടെയാണു് വി. തോമസ് ആ രംഗത്തിൽ പ്രത്യക്ഷപ്പെടുന്നതു്. ഉൽക്കണ്ഠാകുലരായി, സംശയഗ്രസ്തരായി, ഭീരുക്കളായി നില്ക്കുന്ന സ്നേഹിതന്മാരോടു ധീരനായ വി. തോമസു് മുമ്പോട്ടുവന്നു വിരോചിതമായ തീക്ഷ്ണതയോടും കറയററ സ്നേഹത്തോടുംകൂടി പറയുന്നു: "വരുവിൻ, നമുക്കും പോയി അദ്ദേഹത്തോടൊന്നിച്ചു മരിക്കാം." തന്റെ ഗുരുനാഥനോടൊന്നിച്ചു മരിക്കാനുള്ള ആഗ്രഹവും സന്നദ്ധതയുമല്ലേ അദ്ദേഹം അവിടെ പ്രകടിപ്പിച്ചതു്. അതേ, ഹൃദയം തുറന്ന സ്നേഹത്തിന്റെ വഴിത്താരയിൽ അനത്ഥങ്ങളും, അപകടങ്ങളും എന്നുവേണ്ട മരണം പോലും വിലങ്ങടിച്ചുനിൽക്കുന്നില്ല. സ്നേഹിതനുവേണ്ടി മരണംവരിക്കുന്നതു സ്നേഹത്തിന്റെ പരമപ്രകടനമാണു്. അതിൽ കവിഞ്ഞ സ്നേഹമില്ലെന്നു ദിവ്യഗുരു സ്പഷ്ടമായി അരുളിച്ചെയ്തിട്ടുണ്ടു്. എത്ര ഉത്തേജനസമ്പൂണ്ണമായ ധീരത! പ്രചോദനാത്മകമായ നമ്മുടെ പിതാവിന്റെ വാക്കുകൾ നമ്മുടെ മുദ്രാവാക്യമായിരിക്കട്ടെ. മററു പതിനൊന്നു ശിഷ്യന്മാരും സംഭീതരായിനിന്ന അവസരത്തിൽ അവർക്കു ധീരമാതൃക കാട്ടിയ ആ ശിഷ്യസത്തമനെ ഗുരു എങ്ങനെ അളവററു സ്നേഹിച്ചിരിക്കും! അതു വെറും ആവേശത്തള്ളലോ, മിത്ഥ്യാഭാഷണമോ ആയിരുന്നില്ല.



മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകളിൽ പ്രധാനഭാഗം ഇപ്പോൾ സൂക്ഷിച്ചിരിക്കുന്ന ഓർട്ടോണാ ദേവാലയം.

പിന്നീടു അതു വ്യക്തമായി.

വിദൂരസ്ഥിതമായ ഇന്ത്യാരാജ്യത്തിൽ സുവിശേഷവിത്തു വിതയ്ക്കാൻ വി. തോമസ്തന്നെ പുറപ്പെട്ടു. വ്യത്യസ്തഭാഷകളാലും, ഭിന്നപരിഷ്കാരങ്ങളാലും, ആദർശങ്ങളാലും, ആചാരങ്ങളാലും നയിക്കപ്പെട്ടിരുന്ന ജനസമൂഹത്തിന്റെമദ്ധ്യേ ആ പ്രതിബന്ധങ്ങളുടെ കോട്ടകളെ തട്ടിത്തകത്തുകൊണ്ടു് വി. തോമസ് സുവിശേഷദൗത്യം സുധീരം നിവ്വഹിച്ചു. ഇതു കണ്ടപ്പോൾ നമ്മുടെ പിതാവു പുരോഹിതവർഗ്ഗത്തിന്റെ വിദ്വേഷാഗ്നിയിൽ ആഹുതിചെയ്യപ്പെട്ടു. ശത്രുക്കൾ വിശുദ്ധന്റെ ഹൃദയം കുന്തംകൊണ്ടു കുത്തിത്തുറന്നു. അങ്ങനെ മരണത്തിലും ഗുരുവിനോടു സാധമ്മ്യംവഹിച്ചു് സ്വരക്തംകൊണ്ടു് വിശ്വാസത്തിനു മുദ്രയടിച്ചു.

ക്രിസ്തുശിഷ്യനിൽ നിന്നു തന്നെ സുവിശേഷതത്വങ്ങൾ ഗ്രഹിച്ചു് സത്യസഭയിലെ അംഗങ്ങളായിത്തീരാൻ ഭാഗധേയംസിദ്ധിച്ച കേരളകത്തോലിക്കർ ഭാഗ്യവാന്മാർതന്നെയാണ്; സംശയമില്ല. രണ്ടായിരംവർഷത്തോളം നമ്മുടെ വിശ്വാസത്തിൽനാം ഉറച്ചുനിന്നുപോരുന്നു. നമ്മുടെ വിശ്വാസം നമ്മൾ കാത്തുസൂക്ഷിച്ചു. അതു നമ്മുടെ വമ്പിച്ച നേട്ടമാണു്. ചുരുക്കം ചിലരൊക്കെ നമ്മിൽനിന്നു അകന്നുപോയിട്ടുണ്ടെങ്കിലും നമുക്കു കുറച്ചൊക്കെ അഭിമാനം കൊള്ളാം. എന്നാൽ ഇന്നത്തെ കേരളകത്തോലിക്കർക്കു് മനസ്സാക്ഷിയെ മുൻനിത്തി തല ഉയത്തിപ്പിടിച്ചുനില്ക്കുവാൻ കഴിയുമോയെന്നു നാം വിനീതമായി ചിന്തിക്കേണ്ടതാണു്. വി. തോമ്മാശ്ലീഹാ കൊളുത്തിയ സുവിശേഷദീപം ഇന്നു കേരളത്തിന്റെ നാലതിരുകൾക്കുള്ളിൽനിന്നുകൊണ്ടു മാത്രം കത്തുന്നു. അതും ആളിക്കത്തുന്നുണ്ടോയെന്നു ഈ ലേഖകൻ വിനീതമായി ചോദിക്കുകയാണു്. ക്രിസ്തുവിന്റെ ആദ്ധ്യാത്മികസാമ്രാജ്യത്തിനു ഭൂമിശാസ്ത്രപരമായി അതിരുകളില്ലെന്നു നാം മനസ്സിലാക്കണം. ഇവിടെ നിരത്ഥകമായ ആത്മാഭിമാനത്തിനു സ്ഥാനമില്ല. ഭാരതം ഇന്നും അജ്ഞാനാന്ധകാരത്തിൽ തപ്പിത്തടയുന്നു. ക്രിസ്ത്യാനികൾ രണ്ടു ശതമാനംമാത്രം. ഇതു കേൾക്കുമ്പോൾ നാം തന്നെ അമ്പരക്കുന്നു.

നമ്മുടെ കേരളത്തിലെ സ്ഥിതിയോ? കടുത്ത നിരീശ്വരത്വം വിജയിച്ചുവെന്നു കരുതപ്പെടുന്നു. ബാലററുപെട്ടികളിൽക്കൂടി നിരീശ്വരത്വം കയറിപ്പററിയിട്ടുള്ള ലോകത്തിലെ ആദ്യത്തെ സംസ്ഥാനമാണത്രെ കേരളം. സ്വാത്ഥതയും വൈരവും കേരളത്തിൽ ശക്തിപ്പെട്ടുപോയിരിക്കാം. അങ്ങനെ നാം ഒരുപക്ഷെ പ്രതീക്ഷിക്കാത്ത പലതും നമ്മുടെ നാട്ടിൽ നടന്നു. തീർച്ചയായും അതിനുള്ള ഉത്തരവാദിത്വം "മാർത്തോമ്മാക്രിസ്ത്യാനികളെ"ന്നഭിമാനിക്കുന്ന നമ്മിൽ ഓരോരുത്തരിലും സ്ഥിതിചെയ്യുന്നുണ്ടു്. നമ്മുടെ അലസതയും വിശ്വാസരാഹിത്യവും എത്രവലിയ ഒരപരാധമാണെന്നും സ്വയം ചിന്തിച്ചുനോക്കുക. കേരളത്തിലെ ഈ അന്തരിക്ഷത്തിൽ നാം ആത്മശോധനചെയ്യുന്നതു നല്ലതായിരിക്കും.

നമ്മുടെ പിതാവിനോടുള്ള ഭക്തി കേരളത്തിൽ തീരതല്ലുകയാണു്. വി. തോമ്മാശ്ലീഹായുടെ സന്തതികളായ നമ്മിൽ ഹൃദയംഗമായ സ്നേഹവും വിശ്വാസദാർഢ്യവും പരിപൂണ്ണമായ അനുസരണവും പരിശുദ്ധിയുമാണു് അവിടുന്നു അഭിലഷിക്കുന്നതു്. പിതാവു ആരംഭിച്ച ജോലി പൂത്തിയാക്കാനുള്ള കടമ നിക്ഷിപ്തമായിരിക്കുന്നതു നമ്മിൽതന്നെയാണു്. ആകയാൽ നമ്മുടെ മന്ദതയും ഉദാ

ജീവചരിത്രം

# ആബെ പീറെ

(തോമസ് മാത്തിപ്പറമ്പിൽ)

ലോകത്തിന്റെ ഏതുമൂലയിലും ഭവനരഹിതരെ കാണാം. പരിഷ്കൃത ഗവമ്മെന്റുകളെല്ലാം അതിനുള്ളപരിഹാര പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. കുറെയെല്ലാം പരിഹരിക്കപ്പെട്ടും വരുന്നു. എന്നാൽ ഇനിയും പരിഹാരം കാണാതെ നട്ടംതിരിയുന്ന ആളുകളും രാജ്യങ്ങളും സുലഭമാണ്. ഈദൃശമായ ഭവനനിർമ്മാണപദ്ധതിയിലൂടെ ഫ്രഞ്ചുജനതയെ സേവിക്കുന്ന ഒരു സാമൂഹ്യപ്രവത്തകനാണ് ആബെ പീറെ.

1954 ഫെബ്രുവരി ഒന്നാം തീയതി രാത്രിയിൽ ഫ്രാൻസിലെ കാലാവസ്ഥ വളരെ മോശമായിരുന്നു. പറഞ്ഞറിയിക്കാൻ വയ്യാത്ത ശൈത്യം. പാക്കാൻ വീടില്ലാത്തവർ ഇതിലധികം കഷ്ടപ്പെടുവാനില്ല. അന്നേദിവസം ഒരു വൃദ്ധ മരവിച്ചു ചരമഗതി പ്രാപിച്ചു അതിന്റെ കുട്ടിയും അതിന്റെ കൈകളിൽ അങ്ങനെതന്നെ. ഇതിനു കാരണം, ഫ്രാൻസിൽ അന്നു പ്രാബല്യത്തിലിരുന്ന ഒരു നിയമമാണ്. അവിടെ നല്ലനല്ല കെട്ടിടങ്ങൾ മാത്രം നിർമ്മിക്കുന്നതിനേ നിയമം അനുവദിച്ചിരുന്നുള്ളു. എന്നാൽ അതിന്റെ വാടകയോ, സാധാരണജനങ്ങളുടെ കഴിവിനപ്പുറം. അതിനാൽ ഹോട്ടലുകളിലും മററിതുപോലുള്ള സ്ഥലങ്ങളിലും ആളുകൾ തിങ്ങിപ്പാർത്തിരുന്നു

ഈ കുറവു പരിഹരിക്കുന്നതിനു ആബെ 1500 വീടുകൾ ഒരു വർഷത്തിൽ നിർമ്മിച്ചു. എങ്കിലും 1955 ലേക്കു 1200 എണ്ണംകൂടെ വേണ്ടിയിരുന്നു. മുൻപറഞ്ഞ അത്യാഹിതങ്ങൾ കണ്ടുകൊണ്ടാണ് ആബെ റേഡിയോവിൽ സംസാരിച്ചതു്. ടെൻറുകൾ, കോട്ട്, കമ്പിളികൾ മുതലായ സാധനങ്ങൾ ആബെ ആവശ്യപ്പെട്ടു. അതുകൾ ഹോട്ടൽ റോച്ചസ്റ്ററിൽ ഏല്പിക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നതു്. അതുകൾ ഉടൻ കിട്ടുന്ന പക്ഷം മുൻപിലത്തേതുപോലെയുള്ള അപകടങ്ങൾ ആവത്തിക്കപ്പെടുകയില്ല. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിച്ചാലും: "പാരിസ്നഗരത്തിന്റെ പ്രാന്തങ്ങളിലും, ഫ്രാൻസിലെ ഓരോ ഗ്രാമത്തിലും ശീതം നിലനില്ക്കുന്നിടത്തോളം കാലത്തേക്കു നമുക്കു രക്ഷാകേന്ദ്രങ്ങൾ വേണം. പ്രസ്തുത രക്ഷാകേന്ദ്രങ്ങൾ സാഹോദര്യത്തിൽനിന്നുൽഭൂതമായ തായിരിക്കണം. അതുകളുടെ വാതലുകളിൽ "ത്യാഗം സഹിക്കുന്നവർ ആരായിരുന്നാലും, അകത്തുപ്രവേശിക്കുക, ഉറങ്ങുക, സ്വല്പം ഭക്ഷിക്കുക, നല്ലതു പ്രതീക്ഷിക്കുക—കാരണം ഞങ്ങൾ നിങ്ങളെ ഒരു സഹോദരനെപ്പോലെ സ്നേഹിക്കുന്നു" എന്നു പറയുന്ന ഒരു അടയാളം ഉണ്ടായിരിക്കട്ടെ." ആബെയുടെ വാക്കുകൾ എല്ലാവരേയും തട്ടിയുണത്തി.

ഇരുപത്തിനാലുമണിക്കൂർ ഇടകൊണ്ടു് റോച്ചെസ്റ്റർ ഹോട്ടലിന്റെ പരിസരം വാഹനങ്ങൾകൊണ്ടു നിറഞ്ഞു. നിയന്ത്രണത്തിനു പോലീസുപോലും വേണ്ടിവന്നു. ഒന്നരമാസംകൊണ്ടു് പതിമൂന്നുലക്ഷത്തോളം ഡോളർ ശേഖരിക്കുവാൻകഴിഞ്ഞു. പലരും അവരുടെ പുറംകുപ്പായങ്ങൾ മുൻ ഹോട്ടലിൽ ഇട്ടിരുന്നു. യാദൃച്ഛികമായി വന്ന ഒരു അമേരിക്കൻ സേനാനി തന്റെ നിറഞ്ഞിരുന്ന പെട്ടികൾ ഹോട്ടലിൽ ഒഴിവാക്കിയിട്ടുപോയി.

II

പതിനെട്ടാമത്തെ വയസ്സിൽ Henri-Antoine Grovis — അതായിരുന്നു ആബെയുടെ ശരിയായ പേരു്—ഒരു രാത്രി മുഴുവൻ, തന്റെ പോക്കററിൽ വി. ഫ്രാൻസിസിന്റെ ഒരു ജീവചരിത്രവുമായി, ധ്യാനനിരതനായി, അസ്സിസിയിൽക്കൂടെ ചുററിസഞ്ചരിച്ചു. പ്രഭാതത്തിൽ വി ഫ്രാൻസിസിന്റെ പ്രചോദനഫലമെന്നോണം അദ്ദേഹംഒരു പുരോഹിതനാകണമെന്നുറച്ചു. ആബെ തന്റെ പിതാവിന്റെ സന്നിധിയിൽ ചെന്നിട്ടു് തന്റെ തീരുമാനം അറിയിച്ചു. തന്റെ അവകാശം വാങ്ങി രണ്ടുമണിക്കൂർകൊണ്ടു് അതു സാധുക്കളുടെ ഇടയിൽ വിതരണംചെയ്തു.

യുവാവായ ആബെ ലിയോൺസിലെ ഈശോസഭാ കോളേജിലെ വിദ്യാഭ്യാസത്തിനുശേഷം ഒരു കപ്പൂച്ചിൻ ആശ്രമത്തിൽ ചേന്നു. അവിടത്തെ എട്ടുവർഷത്തെ ജീവിതത്തിനുശേഷം അനാരോഗ്യംമൂലം അവിടെനിന്നും പിരിഞ്ഞു. അനന്തരം ആശുപത്രി ചാപ്ലെനായും കല്ക്കരിഖനിയിലെ യുവാക്കന്മാരുടെ ഉദ്ധാരകനായും, ഫ്രാൻസിലെ ഒരു അനാഥമന്ദിരത്തിന്റെ അധിനാഥനായും ഗ്രെനോബിൾഭദ്രാസനത്തിന്റെ വികാരിയായും നിയമിതനായി.

രണ്ടാംലോകമഹായുദ്ധത്തിൽ അദ്ദേഹത്തിന്റെ സേവനം ധീരോചിതമായിരുന്നു. ഒരിക്കൽ അദ്ദേഹം ജനറൽ ഡിഗോളെയുടെ സഹോദരനെ ചുമലിൽ വഹിക്കുകയുണ്ടായി. നാസികളുടെ കൈയിൽ അകപ്പെട്ടെങ്കിലും പിന്നീടു് രക്ഷപെട്ടു. അനേകം തുറകളിൽ സേവനം അനുഷ്ഠിച്ചശേഷം അദ്ദേഹത്തെ 1945-ൽ പാരിസിലേക്കു തിരികെവിളിച്ചു്, ഫ്രഞ്ചുനാവികസേനയുടെ ചാപ്ലയിനാക്കി. ഇതേ ജോലി വി. വിൻസെൻറു് ഡി പോളും വഹിച്ചിട്ടുള്ളതാണല്ലോ.

അനന്തരം ആബെയുടെ ശ്രദ്ധ തിരിഞ്ഞതു് പാക്കാൻ ഇടമില്ലാത്തവക്കു സ്ഥലം ഉണ്ടാക്കികൊടുക്കുന്നതിനാണ്. ഒരു പഴയ കെട്ടിടം അതിലേക്കുകിട്ടി. അങ്ങനെ ഓരോ കുടുംബത്തേയും അതിൽ താമസിപ്പിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ ഏതാനുംപേർ ചേന്നു് പഴയവസ്തുങ്ങൾ ശേഖരിച്ചുവന്നു. താമസക്കാർ വർദ്ധിച്ചുവരികയും ഒടുവിൽ ഒരു കുടുംബത്തിനുവേണ്ടി തന്റെ കപ്പേളക്കൂടെ ഒഴിഞ്ഞുകൊടുക്കേണ്ടിവരികയും ചെയ്തു. തന്റെ ചെറിയ മുറിയിലേക്കു ദിവ്യസക്രാരി മാററി. "അങ്ങനെ മിശിഹാപ്പോലും ഫ്രാൻസിലെ പാപ്പിടമില്ലാത്തവക്കുവേണ്ടി ത്യാഗം അനുഭവിക്കേണ്ടിവന്നു."

എമ്മാവൂസിലെ—ദിവ്യരക്ഷകന്റെ ഉത്ഥാനത്തെ പ്രതീക്ഷിച്ചു ശ്ലീഹന്മാർ കാത്തിരുന്ന ജെറുസലേമിന്റെ പ്രാന്തപ്രദേശത്തുള്ള എമ്മാവൂസിനെ മനസ്സിൽ വച്ചുകൊണ്ടു് ആ പഴയ വീടിനെ അങ്ങനെ വിളിച്ചിരുന്നു—തിക്കും തിരക്കും വർദ്ധിച്ചുകൊണ്ടേയിരുന്നു. പുതിയ കെട്ടിടംപണി ധൃതഗതിയിൽ പുരോഗമിച്ചിരുന്നു. 1951-ൽ ആബെ ഫ്രാൻസിലെ നിയമസഭാംഗമായി. പകൽ അസംബ്ളിയിലായിരുന്ന ഈ മാന്യദേഹം ചുററികയും വാളും ഉപയോഗിച്ചു ജോലിചെയ്തിരുന്നു രാത്രിയിൽ. അങ്ങനെ തന്റെ ജീവിതയജ്ഞത്തെ പരിപോഷിപ്പിച്ചിരുന്നു. ഇതിനകം ഈ വൈദികന്റെ സാമൂഹ്യചെയ്തികൾ റേഡിയോമൂലം ഫ്രാൻസിലെങ്ങും പ്രസിദ്ധമായിത്തീന്നു.

1953-ൽ ഫ്രഞ്ചുഗവമ്മെൻറിന്റെ പരിഗണനയിൽ ഭവനരഹിതരുടെ കായ്യം വന്നപ്പോൾ അവക്കുവേണ്ടിയുള്ള കെട്ടിടത്തിന്റെ മാതൃക അംഗീകരണാത്ഥം അവതരിപ്പിക്കപ്പെട്ടു. അന്നു രാവിലെ ഒരു കുട്ടി മരിച്ചു. ആബെ പീറെ, ഉടൻതന്നെ Le Figaro എന്ന ദിനപത്രത്തിൽ പുനഃസംവിധാനമന്ത്രി Maurice Lemaire നു് ഒരു തുറന്ന കത്തു് എഴുതി. പ്രസ്തുത കുട്ടിയുടെ സംസ്കാരചടങ്ങിൽ സംബന്ധിക്കണമെന്നായിരുന്നു എഴുത്തിലെ താല്പയ്യം. ആബെയുടെ പ്രവൃത്തി ഫ്രഞ്ചുഗവമ്മേൻറിനെ ഇക്കായ്യത്തിൽ മുൻപോട്ടു കൊണ്ടുവരുന്നതിനു് പ്രേരകമായി എമ്മാവൂസിലെ തുണിസംഭരണക്കാർ ആർജ്ജിച്ചതും മററുള്ളവരിൽനിന്നും ലഭിച്ചതുമായ കുറെ കോടിപണം ആബെയിൽനിന്നും ഗവമ്മേൻറു കടമെടുത്തു.

ഇത്രയുമൊക്കെ ആയപ്പോൾ രാഷ്ട്രീയനേതാക്കന്മാർ അദ്ദേഹത്തിന്റെ കഴിവിൽ ആശ്ചയ്യപ്പെട്ടു. എന്നാൽ അദ്ദേഹം അവരോടു പറയുകയാണ്: "ഞാൻ നെപ്പോളിയനോ, ജോവാൻ ഓഫ് ആക്കോ അല്ല, ഭരണകത്താവിന്റെ രക്തചംക്രമണത്തെ സഹായിക്കുന്ന വെറുമൊരു ചെറുജീവിമാത്രം." കമ്മ്യൂണിസ്റ്റ് പത്രങ്ങൾപോലും ആബെയെ പ്രശംസിച്ചിരുന്നു. ഒരു കമ്മ്യൂണിസ്റ്റ് തച്ചനാണ എമ്മാവൂസിലെ പ്രധാന അൾത്താര നിർമ്മിച്ചുകൊടുത്തതു്. ആബെസ്നേഹായതുകൊണ്ടു് അയാൾ പ്രതിഫലം വാങ്ങിയില്ല.

ചിലരെല്ലാം സംശയിക്കുന്നുണ്ടു് ആബെ ഒരു കമ്മ്യൂണിസ്റ്റാണെന്നു്. പക്ഷേ അദ്ദേഹം ചെയ്യുന്നതും കമ്മ്യൂക്കൾ ചെയ്യുന്നെന്നു ഭാവിക്കുന്നതും തമ്മിൽ വളരെ അന്തരമുണ്ടു്. അദ്ദേഹത്തെ സംബന്ധിച്ചുള്ള ഈ തെററായ ധാരണ മാറുന്നതിനു് പരിശുദ്ധപിതാവു പന്ത്രണ്ടാംപിയൂസ് തിരുമനസ്സുകൊണ്ടു് മൂന്നുപ്രാവശ്യം സ്വകായ്യസന്ദർശനം അനുവദിച്ചു എന്നുള്ള വസ്തുത സഹായകമാകട്ടെ. ളോവ ധരിച്ച ഒരു കമ്മ്യൂണിസ്റ്റിനാൽ വഞ്ചിക്കപ്പെടുവാൻ ഈ ലോകത്തു് അവസാനത്തെ മനുഷ്യൻ പിയൂസ് പന്ത്രണ്ടാമനായിരിക്കുമല്ലോ!

III

ഫാദർ പീയറെ ഈയിടെ അമേരിക്ക സന്ദശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ യാത്രോദ്ദേശം നിർദ്ധനരെ ഉദ്ധരിക്കുന്നതിനെന്നു് അദ്ദേഹം വെളിവാക്കുകയുണ്ടായി. അദ്ദേഹം തന്നെത്തന്നെ വിളിക്കുന്നതു്, "ശബ്ദമില്ലാത്തവരുടെ ശബ്ദം" എന്നാണ്. അങ്ങനെയുള്ള ആളുകൾക്കു കുറച്ചുകൂടെ അനുഗ്രഹീതവും വിരോചിതവുമായ വാഗ്ധാടി വേണ്ടിയിരിക്കുന്നു. ആബെയുടെ അഭിപ്രായത്തിൽ രണ്ടു കുടുംബം ഉണ്ടെങ്കിൽ ഒ




Thanks for the speedy recovery.
Excuse for the delay.
Bro. Paschal

വി. ശൌയ്യാർ പുണ്യവാന്റെ മാദ്ധ്യസ്ഥത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ സുഖക്കേടു ഭേദമായതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

പടിഞ്ഞാറെ കൊച്ചുവീട്ടിൽ
മൈക്കൾ, പേരാവൂർ



തൃശ്ശൂർ "ജൂബിലി മിഷൻ ഹോസ്പിററ"ലിൽ പുതിയ എക്സ്റേ വിഭാഗം തൃശ്ശൂർമെത്രാൻ റൈററു് റവ. ഡോക്ടർ ജോർജ് ആലപ്പാട്ടു് ഡി ഡി. തിരുമനസ്സുകൊണ്ടു് ആശീർവ്വദിച്ചു് ഉൽഘാടനംചെയ്ത അവസരത്തിൽ എടുത്ത ഫോട്ടോ.



അമേരിക്കയിലെ "സ്വാതന്ത്ര്യപ്പട്ടയം" വിരചിച്ച ഐക്യരാജ്യ മൂന്നാംപ്രസിഡണ്ടായിരുന്ന തോമസ് ജെഫേർസണിന്റെ ഓമ്മയ്ക്കായി സ്ഥാപിച്ചിട്ടുള്ള സ്മാരകമന്ദിരം. അദ്ദേഹത്തിന്റെ 200-ാം ജന്മവർഷം പ്രമാണിച്ചു് 1943 ഏപ്രിൽ 13-ാം തീയതിയാണ് മനോഹരമായ ഈ സ്മാരകത്തിന്റെ പ്രതിഷ്ഠാകമ്മം പ്രസിഡണ്ടു് ഫ്രാങ്ക്ളിൻ ഡി. റൂസ്‌വെൽട്ടു നിർവ്വഹിച്ചതു്.



വിയററ്നാം പ്രസിഡണ്ടു് നിഗോഡിൻഡിയെ അമേരിക്കാ സന്ദശിച്ച അവസരത്തിൽ ഐക്യരാജ്യപ്രസിഡണ്ടു് ഡൈവററു് ഡി. ഐസനൊവർ അദ്ദേഹത്തെ തലസ്ഥാനത്തിൽ സ്വീകരിക്കുന്നു. യു. എസ് സ്റ്റേററു്സിക്രട്ടറി ജോൺ ഫോസ്റ്റർ ഡള്ളസും അതിൽ സംബന്ധിച്ചിരുന്നു.

സീനതയും സ്വാത്മതയും വൈരവും വിട്ടു് കമ്മത്തിന്റെ രണഭൂമിയിലേക്കു ഇനിയെങ്കിലും നാം പുറപ്പെടണം. നാം ക്രിസ്തുവിൽ ഉറച്ചുനില്ക്കണം. ആളും അത്ഥവും വേണ്ടവഴിക്കു് നിർല്ലോഭം വ്യയംചെയ്യാനുള്ള സന്മനസ്സും ധൈയ്യവും പിതാവു നമുക്കു നൽകട്ടെ! അപ്പോൾ ഭാരതത്തിന്റെ മാനസാന്തരവേല ത്വരിതമാകുകയും ചെയ്യും. നിരീശ്വരത്വത്തിന്റെ അന്ധകാരപടലങ്ങൾ കേരളത്തെ ആവരണംചെയ്തിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ സ്വന്തം നാടിനും നാട്ടാക്കും ക്ഷേമം കൈവരുത്തുവാൻ, സ്നേഹത്തിന്റെ തൈലത്തിൽ ധൈയ്യത്തിന്റെ കൈത്തിരി കത്തിച്ചു് മാർഗ്ഗദീപം കാട്ടാൻ, നമുക്കു പരിശ്രമിക്കാം.

# ആ 'മൂക'സഭ

(ജെ. കെ. തയ്യിൽ എസ്. ജെ.)

ഇന്നു "മൂക"സഭയിൽ മതപീഡനം ഉഗ്രതമമായി നടക്കുകയാണ്. ആ മർദ്ദിതസഭ ഇന്നും അനന്തം നരകരിപുവിന്റെ നിശിതഖഡ്ഗത്തിനിരയായി, മൂകശോകരായി. നാകലോകം പൂകുകയാണ്. അതുകൊണ്ടാണ് ആ മർദ്ദിതസഭയെ നാം "മൂകസഭ"യെന്നഭിസംബോധനം ചെയ്യുന്നത്.

ലോകത്തിന്റെ നാനാഭാഗങ്ങളിലായി ഇന്നു മൂന്നു കർദ്ദിനാളന്മാരും (ഒരാൾ വിമുക്തനായി) 150 മെത്രാന്മാരും, ആറു കോടി കത്തോലിക്കരും, പതിന്നാലു കോടി ക്രിസ്ത്യാനികളും ഈ മതപീഡനത്തിൽ പെട്ടു നട്ടംതിരിയുകയാണ്. എന്നാൽ അവരുടെ അത്മനാഥൻ നിശ്ശബ്ദനായി, നിസ്സഹായനായി, നിരപരാധിയായി വീരമരണം കൈവരിച്ചതുപോലെ അവരും ധീരധീരം ഘോരമർദ്ദനം അനുഭവിച്ചു ജീവരക്തം വാററി ഒഴുക്കുകയാണ്, തങ്ങളുടെ വിശ്വാസത്തിനും, സന്മാർഗ്ഗസംരക്ഷണത്തിനും വേണ്ടി.

ഇന്നു സഭാശത്രുക്കൾ കണ്ടുപിടിച്ചിരിക്കുന്ന ഒരു നൂതന ആയുധം ദേശഭക്തിയും ദേശീയസഭയുമാണ്. സ്വരാജ്യസ്നേഹമുള്ള എല്ലാവരും വിദേശീയരുമായുള്ള സകല ബന്ധവും വേർപെടുത്തി തങ്ങളുടെ വിശ്വാസവും സന്മാർഗ്ഗവും "ദേശസാല്ക്കരണം" ചെയ്യണം പോലും. മതത്തെ രാഷ്ട്രത്തിന്റെ കുത്തകയാക്കുവാൻ അനേക രാഷ്ട്രങ്ങൾ വെമ്പൽകൊള്ളുകയാണ്. അതിന്റെ പ്രതിധ്വനികളാണു നാം റഷ്യ, ചൈന, വിയററ്നാം, വിയാററ്മിൻ എന്നീ രാജ്യങ്ങളിൽ കേൾക്കുന്നതും അവിടത്തെ കത്തോലിക്കാ ജനതയ്ക്കും ഇതര ക്രിസ്തീയ ജനപദങ്ങൾക്കും ദേശീയസഭകൾ സ്ഥാപിക്കുവാൻ രാഷ്ട്രങ്ങൾ കൊട്ടമ്പിരികൊള്ളുന്നതും. ക്രിസ്തുമതം വിദേശീയ നേതാക്കന്മാരെ ആശ്രയിച്ചിരിക്കുന്നിടത്തോളം കാലം അതു വിദേശീയമാണെന്നും, വിശ്വസിക്കുവാൻ പാടില്ലാത്ത ഒരു "അഞ്ചാംപത്തി"യാണെന്നുമത്രെ ഇവരുടെ അഭിമതം അതിനു അനേകചരിത്രലക്ഷ്യങ്ങളും അവർക്കുണ്ടുപോൽ! അനേകം ഏഷ്യാററിക്ക് രാജ്യങ്ങളേയും, ആഫ്രിക്കൻ ആസ്ത്രേലിയൻ രാജ്യവിഭാഗങ്ങളേയും വിദേശകോയ്മകൾക്കു വിധേയമാക്കിയതു സഭയുടെ ഈ വിദേശീയ പരാധീനതയാകുന്നുവെന്നും, ഇന്നു ഈ സ്ഥലങ്ങളിൽ സഭാനേതാക്കന്മാരായി ഭരണം നടത്തുന്നതു വിദേശീയരാണെന്നും അവർ പടഹഘോഷണം ചെയ്യുന്നു. അതിനാൽ മാർപ്പാപ്പായും, കർദ്ദിനാളന്മാരും, മററു വിദേശീയ വൈദികാദ്ധ്യക്ഷഘടനകളുമായുള്ള സകല വേഴ്ചകളും വേർപെടുത്തണമെന്നും, ഓരോ രാജ്യത്തിലെ ജനങ്ങൾ മതകാര്യങ്ങളിലും സ്വന്തകാലിൽ നില്ക്കുവാൻ പഠിക്കണമെന്നുമാണു അവർ വാദിക്കുന്നത്. ചരിത്രങ്ങളുടെ ഏടുകൾ മറിച്ചുനോക്കിയാൽ ക്രിസ്തുവിന്റെ സന്ദേശവാഹകന്മാർ, ഏതൽരാജ്യങ്ങളുടെ അധിശശക്തികൾ സ്ഥാപിക്കുവാനുള്ള മുന്നോടികളാകുന്നുവെന്നു അവർ തെളിയിക്കുന്നു. ഇന്ത്യയിലെ ഏററവും വലിയ ഉദാഹരണമായി അവർ എടുത്തു കാണിക്കുന്നതു ഗോവയുടെ ചരിത്രമാണ്. പതിനഞ്ചാം നൂററാണ്ടിന്റെ അവസാനഘട്ടംമുതൽ കത്തോലിക്കസഭയുടെ അംഗങ്ങളായ ഗോവാക്കാർ ഇന്നും പരാശ്രയരാണെന്നും, ഈ നാനൂററമ്പതു വർഷങ്ങൾകഴിഞ്ഞിട്ടും ഗോവൻ ജനതയെ ഭരിക്കുന്നതു വിദേശീയരാണെന്നും, മതാദ്ധ്യക്ഷന്മാരിൽ ഒററ ഒരുത്തൻ പോലും ഇത്രയും കാലങ്ങളായിട്ടും ഒരു സ്വദേശീയനായിട്ടില്ലെന്നുമുള്ളതു നഗ്നമായ ഒരു യഥാർത്ഥ്യമാണെന്നും അവർ ഉൽഘോഷണംചെയ്യുന്നു. അതുകൊണ്ടു മതത്തിന്റെ പേരും പറഞ്ഞു വിദേശീയർ സ്വദേശീയരെ വഞ്ചിച്ചു, ആളും അർത്ഥവും കരസ്ഥമാക്കി, അധികാരവും അവകാശവും സ്വന്തമാക്കി, വിദേശീയ മേൽകോയ്മ സാധുജനങ്ങളുടെമേൽ കെട്ടിവയ്ക്കുകയാണെന്നു ഇക്കൂട്ടർ വീരവാദം മുഴക്കുന്നു.

ഇതെല്ലാം അല്പസ്വല്പ സത്യങ്ങൾ അടങ്ങിയ വ്യാജപ്രസ്താവനകളും വാഗ്ദാനങ്ങളുമാകുന്നു. ഇതു മർദ്ദിതരായ കത്തോലിക്ക വിശ്വാസികളെ ലജ്ജിപ്പിക്കുവാനും, ശത്രുക്കളുടെ ബീഭത്സപ്രവൃത്തികളെ സാധൂകരിക്കുവാനുമുള്ള ചില ആവരണങ്ങളും, അബദ്ധജഡിലങ്ങളായ ചില അർദ്ധസത്യങ്ങളുമാകുന്നു. പതിനാറാം നൂററാണ്ടുമുതൽ യൂറോപ്യൻ വിദേശീയരുടെ അശ്രാന്തപരിശ്രമത്താൽ അന്നറിയപ്പെട്ടതും അറിയപ്പെടാതിരുന്നതുമായ രാജ്യങ്ങൾ കണ്ടുപിടിച്ചു.

"ഇഷ്ടലോകരെ വെടിഞ്ഞു, ജീവനുമനാദരിച്ചു തൃണമെന്നപോൽ
ധൃഷ്ടരായ് കടലതും കടന്നിവിടെവന്നു "ചന്ദന" വണിക്കുകൾ."

വ്യാവസായിക ബന്ധത്തിലും; വാണിജ്യസമ്പർക്കത്തിലും ഏർപ്പെടുകയും, പുതിയ രാജ്യങ്ങളിൽ കുടിയേററങ്ങൾ നടത്തുകയും, അവരുടെ മതമായ ക്രിസ്തുമതം അവർ പോയ സ്ഥലങ്ങളിലെല്ലാം "ആചരിക്കുകയും, പ്രസംഗിക്കുകയും, പ്രചരിപ്പിക്കുകയും" ചെയ്തുവെന്നതും വാസ്തവമാണ്. "നിങ്ങൾ ലോകമെങ്ങും പോയി സകല ജനങ്ങളോടും എന്റെ സുവിശേഷം പ്രസംഗിച്ചു, അവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തി, ഞാൻ പഠിപ്പിച്ചവയെല്ലാം അവരെ പഠിപ്പിക്കുവിൻ" എന്നുള്ള നിത്യസത്യദൈവത്തിന്റെ അന്തിമശാസനം ശിരസ്സാ വഹിച്ചു, അവർ എല്ലായിടങ്ങളിലും സത്യമതം പ്രസംഗിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്തുക മാത്രമല്ല അതിനുവേണ്ടി അവർ ഭാരതത്തിലും, മദ്ധ്യപൗരസ്ത്യദേശങ്ങളിലും, അമേരിക്കൻ രാജ്യങ്ങളിലും പാശ്ചാത്യരാജ്യങ്ങളിലെന്നപോലെ "രുധിരം ചിന്തി കൊടും പീഡയെ സഹിച്ചു മൃതരായ് ദ്യോവിങ്കലെത്തിടിനാർ." അതേസമയംതന്നെ അവരുടെ രാജ്യക്കാരായ യൂറോപ്യർ വിവിധ രാജ്യങ്ങൾ കണ്ടുപിടിച്ചതോടെ സാഹചര്യങ്ങൾക്കനുസരിച്ചു കുടിയേററങ്ങൾ നടത്തി അവരുടെ അധികാരപരിധികൾ വിപുലമാക്കുകയും ചെയ്തു. അതിനിടയിൽ പാശ്ചാത്യമേധാവിത്വംമൂലം നിരവധി അനാശാസ്യസംഭവങ്ങൾ അന്നും ഇന്നും സംഭവിക്കുന്നുണ്ടെന്നും സമ്മതിക്കാതെ നിവൃത്തിയില്ല. തദ്വാരാ വിദേശീയരുടെ സംസ്കാരമേന്മയാലും, സാമ്പത്തികവും, സാമുദായികവും, മതപരവുമായ ശ്രേഷ്ഠതയാലും അവരിൽ അനേകംപേർ തിരുസഭാനേതാക്കന്മാരായെന്നുള്ളതും വാസ്തവം തന്നെ. അവരെല്ലാം ഒരേതോതിൽ ഉന്നതാശയന്മാരും സൽഗുണസമ്പന്നന്മാരുമാണെന്നും ആരും സമർത്ഥിക്കുന്നില്ല.

എന്നാൽ കത്തോലിക്കാസഭ വിദേശീയാധിപത്യത്തെ വിളിച്ചുവരുത്തി ശത്രുസംഹാരം നടത്തുന്ന ഒരു ഗൂഢക്കൂട്ടുകെട്ടാണെന്നോ, അതിനാൽ അപ്രകാരമുള്ള ബന്ധങ്ങളിൽനിന്നു അകന്നുനില്ക്കണമെന്നോ, അല്ലെങ്കിൽ അതു രാജ്യദ്രോഹപരമായ ഒരു പാതകമാണെന്നോ പറയുന്നതു പരമാബദ്ധവും, വ്യാജനിർമ്മിതവും, വഞ്ചനാനിർഭരവുമാണ്.

ക്രിസ്തുവിന്റെ സഭയുടെ പരമാദ്ധ്യക്ഷനായി നിലകൊള്ളുന്ന മാർപ്പാപ്പാ ഏതു ദേശീയനായാലും വിശ്വാസത്തിന്റെയും സന്മാർഗ്ഗത്തിന്റെയും പരിരക്ഷകനായി, ക്രിസ്തുവിന്റെ ദൃശ്യപ്രതിനിധിയായി, പത്രോസിന്റെ പിൻഗാമിയായി നിലനില്ക്കുന്നിടത്തോളംകാലം, ഏതൽവിഷയങ്ങളിൽ അദ്ദേഹത്തെ പരമാദ്ധ്യക്ഷനായി അംഗീകരിച്ചു, വിശ്വാസസന്മാർഗ്ഗവിഷയങ്ങളിൽ അദ്ദേഹത്തിന്റെ അപ്രമാദിത്വവരത്തിൽ വിശ്വസിച്ചു, അദ്ദേഹത്തിന്റെ കല്പനകൾ ശിരസ്സാ വഹിക്കേണ്ടതു സകല കത്തോലിക്കരുടേയും—അവർ ലോകത്തിന്റെ ഏതുഭാഗത്തും ഏതു ജനപദത്തിന്റെ അംഗമായും താമസിച്ചുകൊള്ളട്ടെ—അപരിഹാര്യകർത്തവ്യമാണ്. ഇതിൽനിന്നും കത്തോലിക്കാജനസഞ്ചയത്തെ ഒററപ്പെടുത്തുന്നതും, ദേശീയബോധം എന്ന വ്യാജപ്രസ്താവേന അവരെ ഈ ആദ്ധ്യാത്മിക വിധേയത്വത്തിൽനിന്നും വേർപെടുത്തുന്നതും ആത്മഹത്യാപരമെന്നു മാത്രമല്ല, കത്തോലിക്കമതത്തിന്റെ നാരായവേരിനു കോടാലിവയ്ക്കുന്ന പ്രവൃത്തിയുമാകുന്നു. മതപരമായ ഈ വിദേശീയപരാധീനത്വം കത്തോലിക്കരെ ഒരുവിധത്തിലും രാജ്യദ്രോഹികളോ, ദേശബോധമില്ലാത്തവരോ, നിയമവിധേയരല്ലാത്തവരോ ആക്കുന്നില്ല. പ്രത്യുത ഏതുരാജ്യത്തിലുള്ള ജനങ്ങളോടും, അധികാരങ്ങളോടും ചോദിച്ചുകൊൾക, കത്തോലിക്കർ രാജ്യഭക്തിയും, ദേശഭക്തിയും, നിയമവിധേയത്വവും ഉള്ളവരാണോ എന്നു്. എല്ലാററിലും ഉപരിയായി ദൈവത്തെ സ്നേഹിക്കുന്ന കത്തോലിക്കർ ജീവൻ പോയാലും തങ്ങളുടെ രാജ്യത്തെ ഒററിക്കൊടുക്കുന്ന "മോസ്സോ നോക്കി" കളാകയില്ല. അതിനാൽ വ്യാജപ്രസ്താവനകളും വാഗ്ദാനങ്ങളുംമൂലം മർദ്ദിതകത്തോലിക്കരുടെ വിശ്വാസം ക്ഷയിക്കാതിരിക്കുവാനും, അവരുടെ മൗലികാവകാശങ്ങൾ ഭദ്രമായിരിക്കുന്നതിനും "സഹനമെങ്കിൽ സഹനം, സമരമെങ്കിൽ സമരം, മരണമെങ്കിൽ മരണം" കൈവരിക്കുവാനും ഈ വീരകേസരികൾക്കു ആത്മചൈതന്യം ലഭിക്കട്ടെ. നമ്മുടെ തീവ്രപ്രാർത്ഥനകളും ധാർമ്മികശക്തിയും അവർക്ക് ഉപോൽബലകമായിരിക്കട്ടെ.

—o—



പോളണ്ടിലെ പ്രൈമേററായ കർദ്ദിനാൾ വിഷിൻസ്കി റോമിൽവച്ചു മാർപ്പാപ്പായിൽനിന്നും കർദ്ദിനാളിന്റെ സ്ഥാനചിഹ്നമായ ചുവന്നതൊപ്പി സ്വീകരിക്കുന്നു. 1953-ലാണ് തിരുമേനി കർദ്ദിനാളായി തിരഞ്ഞെടുക്കപ്പെട്ടതെങ്കിലും പോളണ്ടിലെ രാഷ്ട്രീയ പരിതസ്ഥിതികൾമൂലം ഇപ്പോഴാണ് പ്രസ്തുത കർമ്മം നിർവഹിക്കപ്പെടുവാൻ ഇടയായതു്.



സ്ഥാനാരോഹണശേഷം തിരുമേനിയുടെ വാസസ്ഥലത്തു നിരവധിപേർ വന്നു തിരുമേനിയെ അനുമോദിച്ചു. മതമർദ്ദനഘട്ടത്തിൽ പോളണ്ടിൽനിന്നു റോമയിൽ അഭയംതേടിയിട്ടുള്ള രണ്ടു പോളണ്ടുകാർ തിരുമേനിയെ അനുമോദിച്ചഭിവാദ്യം ചെയ്യുന്നതാണ് ചിത്രം.

ന്നിന്നു സൗകര്യമായി പാക്കാൻ ഇടമില്ല. ഇതു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നയനങ്ങൾ നിറഞ്ഞു. ലോകജനതയുടെ പകുതിക്കു വേണ്ടത്ര വിദ്യാഭ്യാസമോ, തൊഴിലോ, വൈദ്യസഹായമോ, ലഭിക്കുന്നില്ല. അതേസമയംതന്നെ ഈ ദുരവസ്ഥകൾ പരിഹരിക്കുന്നതിനുപയുക്തമായ രീതിയിൽ സമ്പൽസമൃദ്ധിയും, സാങ്കേതികജ്ഞാനവും അതിനു വേണ്ട നല്ല മനസ്സുപോലും മുൻകാലങ്ങളെ അപേക്ഷിച്ചു സുലഭമായിട്ടുണ്ടുതാനും!

"ബൃഹത്തായ ശക്തിയും നന്മനസ്സും ഉണ്ടായിട്ടു എന്തുകൊണ്ടാണ് വളരെ വൈകി താരതമ്യേന ചെറിയ ഫലങ്ങൾമാത്രം സംജാതമാകുന്നത്? ഇതിന്റെ കാരണം, മനുഷ്യരുടെ ഉടൻ പരിഹാരമാകേണ്ട അവശതകളെ, സമൃദ്ധിയിൽ കഴിയുന്നവർ—അവർ സമൃദ്ധിയിൽ കഴിയുന്നു എന്ന കാരണത്താൽ തന്നെ— അവഗണിക്കുന്നതുകൊണ്ടും, ദുരിതം അനുഭവിക്കുന്നവർ അവരുടെ ദുരവസ്ഥ ലോകത്തെ മനസ്സിലാക്കുന്നതിനു വിമുഖരായതുകൊണ്ട് അവർ അതു സഹിക്കുന്നു എന്ന കാരണത്താൽതന്നെയും ആണ്. ഈ സാഹചര്യത്തിൽ നാം അത്യാഹിതത്തിലേക്കു നീങ്ങുകയാണ്."

സാക്ഷാത്തായ സ്നേഹത്തിനു മാത്രമേ ഈ അത്യാഹിതത്തെ പരിഹരിക്കുന്നതിനു കഴിയുകയുള്ളു. അതു കഴിവതും വേഗം നടപ്പാക്കപ്പെടുകയും വേണം. കാരണം, ദുരിതം അനുദിനാഹാരമായി കഴിയുന്ന ആയിരമായിരം ജനങ്ങളെ അണിനിരത്തുന്ന ഒരു മനുഷ്യന്റെ അഥവാ ഒരു നിയമസംഹിതയുടെ വകയാണു ലോകത്തിന്റെ ഭാവി. ആ മനുഷ്യന്റെ സ്നേഹമാണ്—ക്രിസ്തുവിന്റെ സാഹോദര്യമാണ്—എമ്മാവൂസിലെ തുണിശേഖരണക്കാരിൽ കാണുന്നതും ആബെ പീറെ അമേരിക്കരിൽനിന്നും പ്രതീക്ഷിക്കുന്നതും. അങ്ങനെ ആബെ തുടങ്ങിയ ആ പ്രസ്ഥാനം ഈ അടിസ്ഥാനത്തിൽ ഉത്തരോത്തരം പുരോഗമിക്കട്ടെ.

LEARN HINDI THROUGH ENGLISH

Spare time method. Easy lessons and quick success. Enrol now. Admissions going on. Classes begin from July. Postal coaching at a minimum sum of Rs. 50-00 or Rs. 5 a month for 12 months for the whole course. You can read and write in forty to fifty lessons. Apply to: HAMSAB, (Correspondence School P B. 68, Golghar, Patna. (Bihar)




ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇയ്യപ്പൻ സോപ്പുവർക്ക്സ്
തൃശ്ശൂർ

രോഗവിവരക്കുറിപ്പുകൾ അയക്കേണ്ട വിലാസം:-

കാളൻവൈദ്യൻ,

നെല്ലായി (S. India)

# കേരളഗവർമ്മെണ്ടിൻെറ വിദ്യാഭ്യാസനയത്തിൽ നാടാകെ പ്രതിഷേധം

എറണാകുളം: കേരളഗവമ്മെൻറിൻെറ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി നാനാജാതിമതസ്ഥർ സംബന്ധിച്ച ഒരു യോഗം ജൂൺ 30-ാംതീയതി സെൻറ് ആൽബർട്ട്സ് കോളേജ്ഹാളിൽ കൂടി. യോഗത്തിൽ ജനാബ് ബി പോക്കർ എം പി ബി എ ബി എൽ അദ്ധ്യക്ഷത വഹിച്ചു. കമ്മ്യൂണിസ്റ്റുകൾക്കു ഭൂരിപക്ഷം കിട്ടാനിടയായ മലബാറിലെ ഡിസ്ത്രിക്ട്ബോർഡിൻെറ ആഭിമുഖ്യത്തിലുള്ള സ്കൂളുകളുടെകാര്യം അദ്ദേഹം വിശദീകരിച്ചു. മതത്തിലും ദൈവത്തിലും വിശ്വസിക്കുന്നവർക്ക് അങ്ങനെയുള്ള വിദ്യാലയങ്ങളിൽ തങ്ങളുടെ കുട്ടികളെ വിട്ടു പഠിപ്പിക്കാനാവുകയില്ലെന്നും അദ്ദേഹം പറഞ്ഞു. അദ്ധ്യക്ഷപ്രസംഗത്തിനുശേഷം ശ്രീ എം സി മാത്യു ബി എ ബി എൽ, ശ്രീ കെ ടി തോമസ് ബി എ ബി എൽ എന്നിവർ പ്രസംഗിച്ചു. തുടന്നു ശ്രീ കെ വി അഗസ്റ്റിൻ അവതരിപ്പിച്ച പ്രതിഷേധപ്രമേയം യോഗം അംഗീകരിച്ചു.

ചെമ്പുംതൊട്ടി: കേരള കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിൻെറ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധിക്കുന്നതിനു സ്ഥലത്തേയും സമീപസ്ഥലങ്ങളിലേയും പൗരാവലിയുടെ ഒരു വമ്പിച്ച യോഗം റവ. ഫാദർ ജേക്കബ് കുന്നപ്പള്ളിൽ അവർകളുടെ അദ്ധ്യക്ഷതയിൽക്കൂടി. മെ. ഡോമിനിക്ക് വെള്ളാപ്പിള്ളി, വറുഗീസ് ഞള്ളിമാക്കൽ എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

കുണ്ടന്നൂർ: ജൂൺ 23-ാംനു-ഞായറാഴ്ച വൈകുന്നേരം സ്ഥലം സെൻറ് ജോസഫ്സ് സ്കൂൾഹാളിൽ വെച്ച് ഒരു പൊതുയോഗം മുൻപഞ്ചായത്തു് പ്രസിഡണ്ടു് മി. എം കെ വക്കി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ഗവമ്മെൻറിൻെറ വഴിപിഴച്ച വിദ്യാഭ്യാസനയത്തിൽ പ്രതിഷേധിച്ച് പലരും പ്രസംഗിച്ചു. പ്രതിഷേധപ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കി.

കററാണം: സ്ഥലം സെൻറു സ്റ്റീഫൻസു് കത്തോലിക്കാപള്ളി ഇടവകയുടെ ആഭിമുഖ്യത്തിൽ കേരളഗവമ്മെൻറിൻെറ പുതിയ വിദ്യാഭ്യാസനയത്തെ പ്രതിഷേധിക്കുന്നതിനായി ഒരു പൊതുയോഗം ജൂൺ 16-ാംനു- ഉച്ചകഴിഞ്ഞു് സ്ഥലം ഹൈസ്കൂളിൽവച്ചു് റവ. ഫാദർ ഇ എസ് ജോൺ അവർകളുടെ അദ്ധ്യക്ഷതയിൽക്കൂടി. ശ്രീ പി സി ഗ്രിഗറി ബി എ ബി ററി, ശ്രീ പി ഒ ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. ശ്രീ എ ജോൺ ബി എ ബി എൽ അവതരിപ്പിച്ച പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സായി.

കുറിച്ചിത്താനം: കേരളഗവമ്മെൻറിൻെറ വിദ്യാഭ്യാസനയത്തെ പ്രതിഷേധിക്കുന്നതിനായി കുറിച്ചിത്താനം പൗരജനങ്ങളുടെ ഒരു യോഗം റവ. ഫാദർ ജോൺ മരങ്ങാട്ടു മ്യാലിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ജൂൺ 9-ാംതീയതി സ്ഥലം സ്കൂൾഹാളിൽ കൂടി. വിദ്യാലയങ്ങളുടെ ദേശസാല്ക്കരണം, മേഖലാകൗൺസിലുകൾ മുഖേനയുള്ള അദ്ധ്യാപകനിയമനം ഇവയെ ശക്തിയായി പ്രതിഷേധിച്ചു് ശ്രീ മാത്യു താമരക്കാട്ടു് ബി എസ്സി അവതരിപ്പിച്ച പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കപ്പെട്ടു.

വലപ്പാടു്: കേരളഗവമ്മെണ്ടിൻെറ വിദ്യാഭ്യാസനയത്തെ പ്രതിഷേധിക്കുന്നതിനായി ജൂൺ 23-ാംതീയതി ഞായറാഴ്ച സെൻറു് മേരീസ് ആർ സി സ്കൂളിൽവെച്ചു് ശ്രീ പി വി വേലായി (ഡിസ്ത്രിക്ട്ബോർഡുമെമ്പർ) അവർകളുടെ അദ്ധ്യക്ഷതയിൽ ഇന്നാട്ടുകാരുടെ വമ്പിച്ച ഒരു പൊതുയോഗം കൂടി. ശ്രീ കെ എൽ കൊച്ചുദേവസ്സി പ്രതിഷേധപ്രമേയം അവതരിപ്പിച്ചതു് ഐകകണ്ഠ്യേന പാസ്സാക്കി

മാനാശ്ശേരി: കേരളകമ്മ്യൂണിസ്റ്റ്ഗവമ്മേണ്ടിൻെറ വഴിപിഴച്ച വിദ്യാഭ്യാസപദ്ധതിയെ പ്രതിഷേധിക്കുന്നതിനു് ജൂൺ 20-ാംതീയതി മാനാശ്ശേരി, മുണ്ടംവേലി നിവാസികളുടെ ഒരു വമ്പിച്ച പൊതുയോഗം സെൻറു മൈക്കൾ പള്ളി മൈതാനത്തിൽ വെച്ചു റവ. ഫാദർ പീററർ പനക്കപ്പുരയ്ക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. റിട്ടയേർഡു് എലിമെണ്ടറി സ്കൂൾ ഹെഡ്മാസ്റ്റർ മി പി പി ചാറൽസ് പ്രസംഗിച്ചു. അനന്തരം പ്രതിഷേധപ്രമേയങ്ങൾ സർവ്വസമ്മതമായി പാസ്സാക്കി.

തൈക്കാട്ടുശേരി: കേരളഗവമ്മെൻറിൻെറ പുതിയ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധിച്ചു ജൂൺ 23-ാംതീയതി സ്ഥലം സെൻറു് ആൻറണീസ് സ്കൂൾഹാളിൽവെച്ചു മെ. ഇ ജെ അലക്സാണ്ടർ ബി എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ ചേന്ന പൗരമഹായോഗത്തിൽ മെ. കെ എ ജോൺ ബി എ, ജെ ജോസഫ് ബി എ, ജോസഫ് എബ്രാഹം അമ്പാട്ടു് എന്നിവർ പ്രസംഗിച്ചു. പ്രമേയങ്ങൾ യോഗം ഐകകണ്ഠ്യേന പാസ്സാക്കി.

## ചരമവാർത്തകൾ

കുററിപ്പുഴ: ഈ ഇടവക പാനികുളങ്ങര ശ്രീ പീററർ വക്കീൽ ജൂൺ 19-ാംതീയതി രാവിലെ അഞ്ചരമണിക്കു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരകർമ്മം അന്നു വൈകിട്ടു കുററിപ്പുഴ പള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

താന്നിപ്പുഴ: ഈ ഇടവക കുന്നത്താൻ പൈലി വക്കി അവർകൾ ജൂൺ 27-ാംനു- 87-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം അന്നു വൈകുന്നേരം യഥാവിധി നിർവ്വഹിക്കപ്പെട്ടു.

പൂവത്തോടു്: റവ. ഫാ. കുരുവിള കൊട്ടാരത്തുംകുഴിയുടെ സഹോദരഭാര്യയും ശ്രീ കെ എസ് കുരുവിളയുടെ മാതാവുമായ ശ്രീമതി ദേവസ്യ ഏലിയാമ്മ കൊട്ടാരത്തുംകുഴി ജൂൺ 18-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറെറദിവസം ഫാ. കുരുവിളയുടെ പ്രധാനകാർമ്മികത്വത്തിൽ പൂവത്തോടു പള്ളിസിമിററിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

ചങ്ങനാശ്ശേരി: ചങ്ങനാശ്ശേരി അതിരമ്പുഴ തെക്കേടത്തു് ദേവസ്യ മറിയം 90-ാമത്തെ വയസ്സിൽ ജൂൺ 18-ാം തീയതി നിര്യാതയായി. ശവസംസ്കാരകർമ്മങ്ങൾ യഥാവിധി നിർവ്വഹിക്കപ്പെട്ടു

R. I. P.

---

(12-ാംപേജ് തുടർച്ച)

യ മാർഗ്ഗത്തിലൂടെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും സോവ്യററു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദർശസിദ്ധാന്തങ്ങളുമായി ഏററുമുട്ടുന്നതിനുള്ള ഒരു സമാന്തരസമരരേഖ ശക്തിരാഷ്ട്രരംഗത്തു കൂടുതൽക്കൂടുതൽ വിശദമായി വരികയാണെന്നും നിരീക്ഷകർക്കു തെളിവായി കാണാവുന്നതത്രെ. ഇതിൻെറ ഭാവി എന്തായിരിക്കുമെന്നു തീർത്തുപറയുക എളുപ്പമല്ല. ഒരു കാര്യം തീർച്ചയാണു്. വിവിധ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ സോവ്യററു് കമ്മ്യൂണിസ്റ്റ് പാർട്ടിയേയും യൂണിയനേയും പ്രശംസിക്കുമ്പോൾ അതു അവ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെ മറയ്ക്കുന്നതിനുള്ള ഒരു മൂടുപടമായിട്ടാണു് മിക്കവാറും ഉദ്ദേശിക്കുന്നതു്.

# വിളക്കു് തെളിക്കുക

(മാത്യു മുഴിയിൽ എസ്. ജെ.)

1946 മെയ് മാസത്തിൽ ററ്യൂസിലെ മെത്രാപ്പോലീത്താ, കർദ്ദിനാൾ സലീയേജ് മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചയവസരത്തിൽ സംഭാഷണത്തിനിടയ്ക്കു പറഞ്ഞു: "പരിശുദ്ധ പിതാവേ, സാമുദായികനീതിയെപ്പററിയുള്ള തിരുസഭയുടെ ഉപദേശം എന്തെന്നു് തൊഴിലാളികൾ അറിയുന്നില്ല. ഇതാണു് തിരുസഭയുടെ ഇന്നത്തെ ഏററം വലിയ വിപത്തു്."

ക്രിസ്തുനാഥൻെറ ഉപദേശം—ചാക്രികലേഖനങ്ങൾവഴിയും, കത്തുകൾ വഴിയും, റേഡിയോ വഴിയും പരിശുദ്ധ സിംഹാസനം ആവർത്തിച്ചു നൽകിയിട്ടുള്ള തത്വങ്ങൾ—അറിയാത്തവർ ധാരാളമുണ്ടെന്നുള്ള വസ്തുത തന്നെ അത്യധികം വ്യസനിപ്പിക്കുന്നുവെന്നു് പരിശുദ്ധ പിതാവു് മറുപടിയിൽ വ്യക്തമാക്കി. മാർപ്പാപ്പാ തിരുമേനിയെ മാത്രമല്ല, ക്രൈസ്തവാദർശത്തിൽ വിശ്വസിക്കുന്ന ഏവരേയും ദുഃഖിപ്പിക്കുന്ന ഈ ദുരവസ്ഥയ്ക്കു് കാരണമെന്താണു്? മനുഷ്യവംശത്തിനു് ഐക്യവും ശാന്തിയും കൊടുക്കുവാൻ കഴിവുള്ള ദിവ്യസന്ദേശം പ്രചരിപ്പിക്കുന്നതിൽ നമുക്കുള്ള ഉദാസീനതതന്നെ.

ക്രിസ്തുവിനെപ്പററിയോ, അവിടുത്തെ ഉപദേശത്തെപ്പററിയോ ശരിയായി അറിഞ്ഞിട്ടില്ലാത്തവർ കേരളത്തിൽതന്നെ എത്രയോ പേരുണ്ടു്! തിരുസഭയെപ്പററി അകത്തോലിക്കർക്കുള്ള അജ്ഞതയ്ക്കും തെററിദ്ധാരണയ്ക്കും അതിരില്ല.

ഇരുപതു വർഷക്കാലം കമ്മ്യൂണിസത്തിനുവേണ്ടി പ്രവർത്തിച്ച ശേഷം കത്തോലിക്കാസഭയിൽ ചേന്ന ഡഗ്ലസ് ഹൈഡ് കമ്മ്യൂണിസത്തിലെ തൻെറ സഹപ്രവർത്തകരെപ്പററി പറയുന്നതു് ഇപ്രകാരമാണു്: "അവർ ആദർശത്തോടുകൂടിയാണു് വന്നതു്—സമുദായത്തിലെ നീചമായ പരിതഃസ്ഥിതിയോടുള്ള കോപത്തോടും—കമ്മ്യൂണിസത്തേക്കാൾ മെച്ചമായതൊന്നും ആരും അവരെ കാണിച്ചുകൊടുത്തില്ല 'എന്നതാണു് അതിൽ ചേരുവാൻ മിക്കവക്കും ഉണ്ടായിരുന്ന പ്രധാന കാരണം."

(cf, I Believed, Douglas Hyde, 2nd edition, Page 257)

സെമിനാരിയിൽ ചേന്നു ഇപ്പോൾ വൈദികപഠനം ആരംഭിച്ചിരിക്കുന്ന ഒരു യുവാവു് ഈ ലേഖകനോടു് പറയുകയുണ്ടായി: "ഞാൻ കമ്മ്യൂണിസ്റ്റ് പുസ്തകങ്ങൾ ധാരാളം വായിച്ചു് കമ്മ്യൂണിസത്തിൽ വിശ്വസിച്ചിരുന്നു. പിന്നീടു് ആലുവായിലെ എസ്. എച്ച്. ഷീഗിൻെറ ചില പുസ്തകങ്ങൾ വായിച്ചപ്പോൾ കമ്മ്യൂണിസം തെററാണെന്നു് പൂർണ്ണബോദ്ധ്യമായി. അങ്ങിനെയാണു് ഞാൻ കമ്മ്യൂണിസം ഉപേക്ഷിച്ചു വൈദികനാകുവാൻ തീരുമാനിച്ചതു്."

കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ ധാരാളം പ്രചരിപ്പിക്കയാണു് ഈയവസരത്തിൽ നാം സ്വീകരിക്കേണ്ടതായ ഒരു പ്രധാനപരിപാടി. ഈ സംഗതിയിൽ കുറെയൊക്കെ പ്രവർത്തിക്കുവാൻ നന്മനസ്സുള്ളപക്ഷം നമുക്കൊക്കെ സാധിക്കും.

കത്തോലിക്കാ സാഹിത്യത്തെ പ്രോത്സാഹിപ്പിച്ചു് പ്രചരിപ്പിക്കുവാൻ സഹായിക്കുന്ന പഞ്ചമാർഗ്ഗം "ഗ്രെയിൻ" മാസിക നിർദ്ദേശിക്കയുണ്ടായി.

1. കത്തോലിക്കാ പത്രമാസികകളും ലഘുലേഖകളും മററും വായിച്ചശേഷം മറെറാരാൾക്കു് വായിക്കാൻ കൊടുക്കുക.

2 മനസ്സിനു് ഉണർവുണ്ടാക്കുന്നതും പ്രശംസാർഹവുമായ ലേഖനമോ, പുസ്തകമോ നിങ്ങൾ വായിക്കാനിടയായാൽ, സൗകര്യമുണ്ടെങ്കിൽ എഴുത്തുകാരനെ ഒരു കത്തുവഴി പ്രോത്സാഹിപ്പിക്കുക.

3. പിറന്നാൾ, വിവാഹം മുതലായ അവസരങ്ങളിൽ സ്നേഹിതക്കും മററും നിങ്ങൾ കൊടുക്കുന്ന സമ്മാനം ഒരു നല്ല കത്തോലിക്കാ ഗ്രന്ഥമായിരിക്കട്ടെ.

4. നിങ്ങൾ വായിച്ചിട്ടുള്ള നല്ല പുസ്തകങ്ങളെപ്പററി അവസരം കിട്ടുമ്പോൾ മററുള്ളവരോടു് സംസാരിക്കുക. അവ വായിക്കുവാൻ അവരിലും ആഗ്രഹം ജനിപ്പിക്കുക.

5. കുടുംബത്തിലും മററും വിശ്രമസമയത്തു് ചിലപ്പോൾ കത്തോലിക്കാ പുസ്തകങ്ങൾ സംസാരവിഷയമാക്കുക. വിവേചനാപൂർവ്വം വായിക്കുവാനും വായിച്ചവയെ നിരൂപിക്കുവാനും ഇങ്ങനെയുള്ള സംഭാഷണങ്ങൾവഴി കുട്ടികളും പഠിക്കും.

ഇരുട്ടിനെ പഴിക്കുന്നതിലും നല്ലതു് ഒരു വിളക്കു് കത്തിക്കുകയാണു്.

—o—

## കർദ്ദിനാൾ മിൻസെന്തിയുടെ പൗരത്വം അപഹരിക്കാൻ ഒരുടവു്

ഹങ്കറിയിൽനിന്നും അഭയാർത്ഥികളായി നാടുവിട്ടുപോയിട്ടുള്ളവരുടെ പൗരാവകാശങ്ങൾ റദ്ദു് ചെയ്യുന്നതിനു ഹങ്കേറിയൻ പാർലമെൻറു ഇപ്പോൾ ഒരു പുതിയ നിയമം സൃഷ്ടിച്ചിട്ടുണ്ടു്. വിപ്ലവകാലത്തോ അതിനുശേഷമോ രാജ്യം വിട്ടുപോയിട്ടുള്ള എല്ലാവരേയും ഈ നിയമപരിധിയിൽ പെടുത്താനാണുദ്ദേശം. ഈ നിയമത്തെ ഒന്നുകൂടി ഭേദഗതിചെയ്തു് ഇപ്പോൾ അമേരിക്കൻ ലഗേഷനിൽ താമസിക്കുന്ന കർദ്ദിനാൾ മിൻസെന്തി തിരുമേനിയെക്കൂടി അതിൽ പെടുത്തുന്നതിനും ഉദ്ദേശമുണ്ടു്. കമ്മ്യൂണിസ്റ്റുകാരുടെ ബന്ധനത്തിൽനിന്നു തിരുമേനി വിമുക്തനായി നാലുദിവസം കഴിഞ്ഞപ്പോഴാണല്ലോ കമ്മ്യൂണിസ്റ്റുകൾ വീണ്ടും അവിടുത്തെ ബന്ധിക്കുന്നതിനു ഒരുങ്ങിയതും കഴിഞ്ഞ നവംബറിൽ തിരുമേനി അമേരിക്കൻ ലഗേഷനിൽ അഭയം തേടിയതും. ഒരു മുൻ പ്രധാനമന്ത്രിയായ ലാജോസ് ഡിന്നിയസ് എന്നയാളാണു് പാർലമെൻറിൽ ഈ ഭേദഗതിനിർദ്ദേശം കൊണ്ടുവന്നതു്. "രാജ്യത്തിനകത്താണെങ്കിലും രാജ്യാന്തരാവകാശങ്ങളുള്ള സ്ഥലങ്ങളിലും" എന്നുകൂടി ചേർക്കണമെന്നാണു് ഭേദഗതി. ഈ ഭേദഗതി കർദ്ദിനാൾ തിരുമേനിയെ മാത്രമേ ബാധിക്കുകയുള്ളു എന്നതിൽനിന്നു അതിൻെറ ഉദ്ദേശ്യം സ്പഷ്ടമാകുന്നുണ്ടല്ലോ.

## മാർപ്പാപ്പാ മുൻകൈ എടുക്കണമെന്നു്

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ 81-ാം ജന്മദിനം പ്രമാണിച്ചു് കോൺസ്റ്റാൻറിനോപ്പിളിലെ ഓർത്തഡോക്സ്പാത്രിയർക്കീസ് പരിശുദ്ധ പിതാവിനെ അനുമോദിച്ച അവസരത്തിൽ വിവിധ ക്രൈസ്തവസഭകളുടെ ഏകീകരണത്തിനു തിരുമേനി മുൻകൈയെടുത്തു പ്രവർത്തിക്കണമെന്ന ഒരഭ്യർത്ഥന നടത്തിയിരിക്കുന്നു. മാർപ്പാപ്പാ ആകുന്നതിനുമുമ്പുതന്നെ പന്ത്രണ്ടാം പീയൂസ് പ്രഖ്യാതനായ ഒരു വ്യക്തിയായിരുന്നുവെന്നും വേദപുസ്തകം അംഗീകരിക്കുന്ന എല്ലാ ക്രിസ്തീയവിഭാഗങ്ങളേയും ഒന്നിപ്പിക്കുന്ന പ്രകാശപൂർണ്ണമായ ഒരു ഭാവിയിലേക്കു തിരുമനസ്സുകൊണ്ടു് മാർപ്പാപ്പായായതുമുതൽ ക്രിസ്ത്യാനികളെല്ലാം ആശാപൂർവ്വം ഉററുനോക്കിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പ്രസ്താവിച്ചു. "സർവ്വവിധബഹുമാനാദരങ്ങളോടുംകൂടി ഞങ്ങൾ അവിടുത്തെ അഭിനന്ദിക്കുകയും അവിടുന്നു ദീർഘായുഷ്മാനായിരിക്കട്ടെയെന്നു ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യുന്നു. മാർപ്പാപ്പാമാരിൽ ഏററവും മഹാൻ എന്നു ചരിത്രം ഘോഷിക്കാൻ ഇടയാകുത്തക്കവിധത്തിൽ അവിടുന്നു സഭകളെ ഏകീകരിക്കുന്ന കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കണമെന്നാണു് ഞങ്ങളുടെ ആഗ്രഹം" എന്നദ്ദേഹം പറയുകയുണ്ടായി.

## 11-ാം പീയൂസ് മാർപ്പാപ്പായുടെ ശതാബ്ദവാർഷികം

11-ാം പീയൂസ് മാർപ്പാപ്പായുടെ ജനനത്തിൻെറ ശതാബ്ദവാർഷികം മേയ് 31-ാം തീയതി യഥാർഹം കൊണ്ടാടപ്പെട്ടു. തിരുമനസ്സിലെ ജന്മസ്ഥലവും മാർപ്പാപ്പായാകുന്നതിനുമുമ്പു 1922 വരെ മെത്രാപ്പോലീത്തായായി ഭരിച്ച അതിരൂപതയുമായ മിലാനിൽ 21 ആചാരവെടികൾ വെക്കപ്പെട്ടു. ദേവാലയമണികളെല്ലാം അടിച്ചു ഡേസിയോയിൽ തിരുമേനി ജനിച്ചതും ഇപ്പോൾ ഒരു അനാഥമന്ദിരത്തിൻെറ കപ്പേളയായി ഉപയോഗിച്ചുപോരുന്നതുമായ മുറിയിൽ തിരുമേനിക്കുവേണ്ടി ദിവ്യബലിയർപ്പിക്കപ്പെട്ടു. സെൻറു് പീറേറഴ്സിൽ തിരുമനസ്സിലെ പൂജ്യാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന ക്രിപ്ററിനടുത്തുള്ള അൾത്താരയിലും തിരുമേനിക്കുവേണ്ടി ദിവ്യബലികൾ അർപ്പിച്ചു. ഈ അവസരം പ്രമാണിച്ചു് 12-ാം പീയൂസ് മാർപ്പാപ്പാ ഇപ്പോൾ മിലാനിലെ മെത്രാപ്പോലീത്തായായ മൊന്തിനി തിരുമേനിക്കയച്ച ഒരു ലേഖനത്തിൽ ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് തിരുമേനിയെപ്പററി പറഞ്ഞിരിക്കുന്നതു്, "അവിടുന്നു് മഹാന്മാരിൽ മഹാനായ മാർപ്പാപ്പായായിരുന്നു" എന്നാണു്.

## വത്തിക്കാൻ ഒബ്സർവേററിക്കു് പുതിയ ദൂരദർശിനി

കോക്സ്, ഹാർഗ്രീവ്സ് ആൻറു് തോംപ്സൻ എന്ന ബ്രിട്ടീഷ്കമ്പനിയിൽനിന്നും മാർപ്പാപ്പാ ഒരു പുതിയ ദൂരദർശിനിയന്ത്രം വാങ്ങിയിരിക്കുന്നു. പുതിയ ഷ്മിററ്മാതൃകയിലുള്ള ഈ യന്ത്രത്തിൻെറ തൂക്കം 15 ടണ്ണാണു്. വത്തിക്കാൻ നിരീക്ഷണശാലയ്ക്കു സമ്മാനിക്കുന്നതിനുവേണ്ടിയാണു് പരിശുദ്ധ പിതാവു ഇതു വാങ്ങിയിട്ടുള്ളതു്.

—o—

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി
റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 JULY 3 || No. 44.


# ഭാരതത്തിന്റെ പ്രേഷിതപിതാവ്

ആധുനികഭാരതത്തിന്റെ രാഷ്ട്രപിതാവാണല്ലോ ഗാന്ധിജി. ഗാന്ധിജിയെ അനുസ്മരിക്കുകയും ബഹുമാനിക്കുകയും ചെയ്യാത്തതായ ഒരു പൗരനും ഇന്ത്യയിലുണ്ടാവുകയില്ല. കാരണം അദ്ദേഹമാണ് വിദേശീയാടിമത്തത്തിൽ ആണ്ടുകിടന്ന ഭാരതമാതാവിനെ ഉദ്ധരിച്ചു സ്വാതന്ത്ര്യയാക്കുന്നതിൽ നേതൃത്വം നൽകിയതു്. അദ്ദേഹം മന്ദതയിൽ കഴിഞ്ഞിരുന്ന ജനതയെ ഉത്തേജിപ്പിച്ചു; സ്വാതന്ത്ര്യത്തിന്റെ സന്ദേശം അവരുടെ ഇടയിൽ പ്രചരിപ്പിച്ചു; പൊതുജനങ്ങൾക്കു നേതൃത്വം നൽകി. ഉൽബുദ്ധവും ഉത്ഥിഷ്ഠുവുമായ ഒരു ജനപദം ഒന്നാകെ സ്വാതന്ത്ര്യത്തിലേക്കു കുതിച്ചു. ഭാരതം സ്വതന്ത്രയായി. ഇതൊരു കഴിഞ്ഞ അദ്ധ്യായമാണ്. പക്ഷേ ഭാരതസ്വാതന്ത്ര്യം അവികലം പുരോഗമിക്കണമെങ്കിൽ രാഷ്ട്രപിതാവിന്റെ ഉത്തേജനം ജനഹൃദയങ്ങളിൽ പരമ്പരയാ പ്രസരിച്ചുകൊണ്ടിരിക്കണം. ഗാന്ധിയൻ ആദർശങ്ങൾ പരിരക്ഷിക്കപ്പെടണം. ആ ആദർശത്തിന്റെ പ്രചോദനത്തിൽ കരുപ്പിടിപ്പിക്കപ്പെട്ട ഭാരതത്തിന്റെ ഭരണഘടന അന്യൂനം പാലിക്കപ്പെടണം. ഇതിലാണ് രാഷ്ട്രപിതാവിന്റെ പൈതൃകം ഭാരതം നിലനിർത്തേണ്ടതു്. എന്നാൽ സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം, രാഷ്ട്രപിതാവിന്റെ തിരോധാനത്തിനുശേഷം ഭാരതീയരിൽ പ്രസ്തുതാദർശനിഷ്ഠ മാഞ്ഞുമറഞ്ഞുകൊണ്ടിരിക്കുകയാണെന്നുള്ള പരാതികൾ ഇതിനകം നേതൃമണ്ഡലത്തിൽനിന്നുതന്നെ മുഴങ്ങിക്കൊണ്ടാണിരിക്കുന്നതു്. ഇതു് ഇന്ത്യയുടെ രാഷ്ട്രീയജീവിതത്തിലെ ഒരു പരാജയമാണ്. അതു പരിഹരിക്കുവാൻ രാജ്യസ്നേഹികളായ പൗരസഞ്ചയം മുന്നിട്ടിറങ്ങണം. ഇത്രയും ഭാരതത്തിന്റെ രാഷ്ട്രീയവശമാണ്.

എന്നാൽ ഭാരതത്തിന്റെ ആദ്ധ്യാത്മികരംഗത്തും അതിനു അഭിമാനംകൊള്ളാവുന്ന ഒരു പ്രേഷിതപിതാവുണ്ടു്. ഭാരതത്തിൽ ആദ്യമായി ക്രിസ്തുവിന്റെ ദിവ്യസുവിശേഷം പ്രചരിപ്പിച്ച മാർ തോമ്മാശ്ലീഹാ— ഇന്ത്യയിൽ ക്രൈസ്തവാദർശങ്ങളെ നട്ടുപിടിപ്പിക്കുകയും ക്രൈസ്തവജീവിതക്രമം അടിയുറപ്പിക്കുകയും ചെയ്ത പ്രേഷിതധന്യൻ. മാർത്തോമ്മാശ്ലീഹായുടെ ആഗമനം ഒരാദ്ധ്യാത്മികനവോത്ഥാനത്തെയാണ് കുറിക്കുന്നതു്. ആദ്ധ്യാത്മികസ്വാതന്ത്ര്യത്തെ ഭാരതീയലക്ഷങ്ങൾക്കു പ്രദാനം ചെയ്ത ഭാരതത്തിന്റെ ആദ്ധ്യാത്മികപിതാവാണ് അവിടുന്നു്. മാർത്തോമ്മാശ്ലീഹാ സത്യൈകക്രിസ്തുമതത്തെ ഭാരതത്തിൽ നട്ടുവളർത്തിയശേഷം അതിന്റെ വളർച്ചയ്ക്കുവേണ്ടി സ്വജീവരക്തം ഹോമിച്ചു ചിരചരമമടഞ്ഞതിന്റെ സ്മരണയാണ് ഇന്നു നാമാചരിക്കുന്നതു്. ആ പിതാവിന്റെ ആദർശങ്ങളും ഉത്തേജനങ്ങളും ഇന്നു സവിശേഷം ഭാരതീയരുടെ ശ്രദ്ധയെ സമാകർഷിക്കേണ്ടതാണ്. ആ പിതാവിന്റെ പൈതൃകം നമുക്കു മാർഗ്ഗദർശകമാകേണ്ടതുമാണ്.

ക്രിസ്തുമതാവിർഭാവത്തിനു വളരെക്കാലം മുമ്പുതന്നെ ആദ്ധ്യാത്മികതയിൽ അതിമാത്രം മികച്ചുനിന്ന ആർഷഭാരതത്തിനു എന്തിനാണ് ഒരു പുതിയ മതമെന്നു ചോദ്യംചെയ്യുന്നവർ അന്നും ഇന്നും കുറവല്ല. മതവേദാന്തികളുടേയും ഋഷിവരന്മാരുടേയും നാടായ ഭാരതത്തിനു എന്തു് ആദ്ധ്യാത്മികസ്വാതന്ത്ര്യം നേടാനാണ് എന്നു് ഔദ്ധത്യപൂർവ്വം അവർ ആക്രോശിക്കുകയാണ്. ആദ്ധ്യാത്മികതയിൽ ഭാരതത്തിനുണ്ടെന്നു ഭാവിക്കുന്ന ഈ സ്വയംപര്യാപ്തതാബോധമാണ് ഇന്നും ഭാരതത്തെ ആദ്ധ്യാത്മികാടിമത്തശൃംഖലയിൽ ബന്ധിച്ചിരിക്കുന്നതു് എന്നു പറഞ്ഞാൽ പലർക്കും അതു രസിക്കുകയില്ലെങ്കിലും, പലരും ആ പ്രസ്താവത്തിനെതിരായി പടഹം മുഴക്കുമെങ്കിലും, അതൊരു യാഥാർത്ഥ്യമാകയാൽ മറച്ചുവയ്ക്കാൻ നിവൃത്തിയില്ല. മതവിഷയകമായി ഭാരതീയരുടെ ഇടയിൽ വളരെയധികം മിഥ്യാധാരണകളുണ്ടു്. അഗാധബുദ്ധിമാന്മാരായ മഹാന്മാർപോലും മതതത്വചിന്തയിൽ വലിയ പാപ്പരത്വമാണു പ്രദർശിപ്പിക്കുക. വസ്തുനിഷ്ഠമായ സത്യങ്ങളെ ആധാരമാക്കി മതതത്വങ്ങളെ ന്യായാന്യായവിവേചനം ചെയ്യുന്നതിനോ, വഞ്ചനാപരമായ മിഥ്യാബോധത്തിൽനിന്നും ബുദ്ധിയെ പ്രതിനിവർത്തിപ്പിച്ചു് യഥാർത്ഥസത്യത്തിൽ എത്തിച്ചേരുന്നതിനോ അവർ ബദ്ധപ്പെടാറില്ല. ഈ അനാസ്ഥാപരമായ മനോഭാവത്തിന്റെ ഫലമാണ് മതനിഷ്പക്ഷത. മതം ഒരാചാരമാണ്; മതമേതായാലും വിരോധമില്ല; എല്ലാ മതങ്ങളും ദൈവത്തിലേക്കുള്ള മാർഗ്ഗങ്ങളാണ് എന്നിങ്ങനെ എവിടെയും കൊള്ളിക്കാവുന്ന ചില സിദ്ധാന്തങ്ങളിൽ ആശ്രയിച്ചു് ബഹുഭൂരിപക്ഷവും അവരുടെ മനസ്സാക്ഷിയെ സമാധാനിപ്പിക്കുവാൻ ശ്രമിക്കുന്നു. ഈ നിലപാടു് ആദ്ധ്യാത്മികമായ ഒരടിമത്തമാണെന്നു മനുഷ്യൻ ഗ്രഹിക്കുകയും ആ അടിമത്തശൃംഖലയെ പൊട്ടിച്ചു സത്യമതത്തെ അറിഞ്ഞനുവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം കൈവരിക്കുകയും ചെയ്യേങ്കിൽമാത്രമേ മനുഷ്യൻ മനുഷ്യോചിതമായവിധത്തിൽ ആദ്ധ്യാത്മികസ്വാതന്ത്ര്യം നേടുന്നുള്ളൂ.

ക്രിസ്തുമതം അവകാശപ്പെടുന്നതു്, അതു മാത്രമാണ് ദൈവം ലോകത്തിൽ സ്ഥാപിച്ചിട്ടുള്ള രക്ഷാമാർഗ്ഗമെന്നാണ്. മററു മതസ്ഥാപകരായ ശ്രീബുദ്ധനേയോ, കൊൺഫ്യൂഷിയസിനേയോ, മെൻഷിയസിനേയോ, ടാവിനേയോ, സൊറൊആസ്റ്ററിനേയോ മററോ പോലെ ലോകത്തിനു ഒരു വിശിഷ്ടസന്ദേശം പ്രദാനംചെയ്ത ലോകഗുരു എന്നുള്ള പദമല്ല ക്രിസ്തു അവകാശപ്പെടുന്നതു്. അധഃപ്പതിച്ച മനുഷ്യവർഗ്ഗത്തെ ഉദ്ധരിക്കുന്നതിനു അവതരിച്ച ദൈവമനുഷ്യനാണവിടുന്നു്. ലോകാരംഭംമുതൽ അവിടുത്തെ ആഗമനം ദൈവാവിഷ്കരണങ്ങൾവഴിയും ദീർഘദർശനങ്ങൾവഴിയും ലോകത്തിൽ പ്രഖ്യാപിതമായിരുന്നു. കാലത്തിന്റെ തികവിൽ അവിടുന്നു പ്രവചനാനുസാരം ലോകത്തിൽ അവതരിക്കുകയും അവിടുത്തെ ദിവ്യദൗത്യം നിർവ്വഹിക്കുകയും ചെയ്തു. നിരവധി അത്ഭുതകൃത്യങ്ങൾവഴി അവിടുന്നു അവിടുത്തെ ദൈവത്വത്തേയും ദിവ്യദൗത്യത്തേയും വിശദമാക്കി എന്നതു ചരിത്രവസ്തുതകളാണ്. അങ്ങിനെ ഈ ലോകരക്ഷകനായ ക്രിസ്തു അതിനുള്ള മാർഗ്ഗമായ സത്യമതത്തെ ലോകത്തിൽ സംസ്ഥാപിച്ചു. ഈ രക്ഷാമാർഗ്ഗമായ സത്യമതത്തെ ലോകത്തിൽ എല്ലായിടത്തും പ്രചരിപ്പിച്ചു എല്ലാ ജാതിജനങ്ങളേയും അതുവഴി നിത്യസൗഭാഗ്യത്തിൽ എത്തിക്കുന്നതിനുള്ള ദൗത്യമാണ് അവിടുന്നു ക്രിസ്തീയസഭയ്ക്കു പ്രദാനം ചെയ്തിട്ടുള്ളതു്. "നിങ്ങൾ പോയി എല്ലാ ജാതികളേയും പഠിപ്പിക്കുവിൻ." ഇതിലാണ് ക്രിസ്തുവിന്റെ ആദ്ധ്യാത്മികസ്വാതന്ത്ര്യം മനുഷ്യനു കൈവരുന്നതു്. അതുകൊണ്ടു് ക്രിസ്തുമതത്തെ സഹിഷ്ണതയില്ലാത്ത ഒരു മതമെന്നോ, സങ്കുചിതമായ ഒരു സിദ്ധാന്തമെന്നോ, വൈദേശികമായ ഒരു ഇറക്കുമതിയെന്നോ, മററൊ മുദ്രയടിച്ചു അവജ്ഞയോടുകൂടി പുറംതള്ളുന്നതിനുമുമ്പു അതിന്റെ യഥാർത്ഥത്തിലുള്ള വാദമെന്താണ് എന്നു നിഷ്പക്ഷമായ ഒരന്വേഷണം നടത്തണമെന്നു മാത്രമാണ് ക്രിസ്തുമതം ഓരോ മനുഷ്യവ്യക്തിയോടും ആവശ്യപ്പെടുന്നതു്. നിർബന്ധത്തിന്റേയോ അടിച്ചേല്പിക്കലിന്റേയോ യാതൊരു പരിപാടിയും അതിനില്ല.

## തിരുനാൾ മംഗളം



കോട്ടയം മെത്രാൻ
റൈററ് റവ. ഡോക്ടർ തോമസ്
തറയിൽ ഡി ഡി.
തിരുമനസ്സുകൊണ്ടു്
(തിരുനാൾ ജൂലൈ 3)

ഭാരതം എക്കാലത്തും മതത്തോടു് അന്യാദൃശമായ സഹിഷ്ണത പ്രദർശിപ്പിച്ചുപോന്നിട്ടുണ്ടു് എന്നു ചരിത്രം തെളിയിക്കുന്നു. കഴിഞ്ഞ 20 നൂററാണ്ടുകാലം ക്രിസ്തുമതത്തോടും അതു പൊതുവെ ഈ സഹിഷ്ണതാമനോഭാവം പുലർത്തിയിട്ടുണ്ടു്. ആധുനികഭാരതവും ഇതേ ആദർശത്തെയാണ് അതിന്റെ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഭാരതീയർക്കു അവരുടെ മനസ്സാക്ഷിപ്രകാരം ഏതു മതത്തിൽ വിശ്വസിക്കുന്നതിനും അവകാശമുണ്ടു്. മതവിശ്വാസസ്വാതന്ത്ര്യവും, മതാനുഷ്ഠാനസ്വാതന്ത്ര്യവും, മതപ്രചാരണസ്വാതന്ത്ര്യവും ഭരണഘടന സുവ്യക്തം പ്രഖ്യാപിക്കുന്നുണ്ടു്. നൈയാമികമായും പ്രായോഗികമായും അതൊരു മതേതരരാഷ്ട്രമാണ്. മതേതരരാഷ്ട്രമെന്നാൽ മതവിരുദ്ധ രാഷ്ട്രമെന്നല്ല അർത്ഥം. നേരെ മറിച്ചു് ഭാരതീയരിൽ മതബോധം നിലനില്ക്കണമെന്നും മതജീവിതംവഴി അവർ ധർമ്മാധർമ്മബോധമുള്ള ഉത്തമപൗരന്മാരായി വർത്തിക്കണമെന്നുമാണ് ഭാരതീയ രാഷ്ട്രസംവിധായകന്മാർ ഉദ്ദേശിച്ചിട്ടുള്ളതു്. വിവിധമതങ്ങൾ നിലവിലുള്ള ഒരു രാജ്യത്തു് മതസഹിഷ്ണതാപരമായ ഈ നിലപാടുമാത്രമേ നീതിബോധമുള്ള ഒരു രാഷ്ട്രത്തിനു സ്വീകരിക്കുവാൻ സാദ്ധ്യമാവുകയുള്ളൂ. അതുകൊണ്ടു് മതത്തിൽ ആത്മാർത്ഥമായി വിശ്വസിക്കുന്ന ഒരു വ്യക്തി അതിന്റെ സത്യതയെ മററുള്ളവർക്കു വിശദമാക്കിക്കൊടുക്കുവാൻ ശ്രമിക്കുന്നതും ആ മതത്തെ സ്വീകരിക്കുവാൻ മററുള്ളവരേയും പ്രേരിപ്പിക്കുന്നതും സ്വാഭാവികവും ന്യായയുക്തവുമായ പ്രവൃത്തിയാണ്. അവന്റെ മതപ്രചാരണസംരംഭങ്ങളെ അസഹ്യമായി വീക്ഷിക്കുന്നതും അവയ്ക്കെതിരായി അന്ധമായി വിപ്ലവങ്ങൾ സൃഷ്ടിക്കുന്നതും അനീതിപരവും നിയമവിരുദ്ധവുമാണ്. ഏതാദൃശമായ ഒരു മനോഭാവം ആധുനികകാലത്തു ഇന്ത്യയിൽ പലേടത്തും തലപൊക്കുന്നതായി കാണുന്നുണ്ടു്. സകലമതങ്ങളേയും ഉന്മൂലനം ചെയ്യുന്നതിനു കച്ചകെട്ടി ഇറങ്ങിയിട്ടുള്ള കമ്മ്യൂണിസത്തിന്റെ നടമാട്ടങ്ങളും ഇന്ത്യയുടെ ഒരററംമുതൽ മറേറ അററംവരെ പ്രത്യക്ഷപ്പെടുന്നുണ്ടു്. എല്ലാ മതവിശ്വാസികളേയും പ്രത്യേകിച്ചും ക്രിസ്തീയമതാവലംബികളേയും കണ്ണുതുറപ്പിക്കേണ്ട ഒരു സാഹചര്യമാണിതു്. ആദ്ധ്യാത്മികതയോടും മതവിശ്വാസത്തോടുമുള്ള ഈ വെല്ലുവിളി സ്വീകരിക്കുന്നതിനും മതത്തോടുള്ള കർത്തവ്യങ്ങളെ യഥാവിധി നിർവ്വഹിക്കുന്നതിനും മതപ്രേഷിതനായ മാർത്തോമ്മായുടെ മഹനീയാദർശം ഓരോ ഭാരതീയനേയും ഉത്തേജിപ്പിക്കേണ്ടതാണ്.

മതസ്വാതന്ത്ര്യത്തെ പ്രത്യക്ഷമായി നിരോധിക്കുന്നതിനോടൊപ്പംതന്നെ അതിനു തുരങ്കം വയ്ക്കുന്ന പരോക്ഷമായ പല പദ്ധതികളുമുണ്ടു്. ഇന്നത്തെ കേരളഗവമ്മെണ്ടിന്റെ വഴിപിഴച്ച വിദ്യാഭ്യാസനയം അതിനു് ഒരു മകുടോദാഹരണമായെടുക്കാം. കുട്ടികളെ മതബോധമുള്ളവരായി വളർത്തുന്നതിനു മാതാപിതാക്കന്മാർക്കുള്ള പ്രകൃതിസഹജമായ മൗലികാവകാശത്തെ കൈയടക്കുന്നതിനുള്ള സ്റ്റേററിന്റെ നിയമവിരുദ്ധമായ ഒരു സാഹസിക സംരംഭമാണ് അതിൽ നിഴലിക്കുന്നതു്. കമ്മ്യൂണിസ്റ്റുകൾ പ്രാബല്യത്തിൽ വന്നിട്ടുള്ള എല്ലാ രാജ്യങ്ങളിലും ഈ നയം അവർ സ്വീകരിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ് സിദ്ധാന്തമനുസരിച്ചു മതവിരുദ്ധമായ—നിരീശ്വരപരമായ—ഒരു തലമുറയെ വാർത്തെടുക്കുന്നതിനു ഉത്തമോപാധിയായി അവർ കരുതിയിട്ടുള്ളതു് ഈ മാർഗ്ഗമാണ്. അതുകൊണ്ടു് കമ്മ്യൂണിസത്തിന്റെ ഈ പൊതുനയത്തിന്റെ "ആപ്പ്" നമ്മുടെ വിദ്യാലയപ്രവർത്തനത്തിൽ അടിച്ചിറക്കുന്നതിനുള്ള പാർട്ടിയുടെ പരിശ്രമങ്ങൾ ദൈവവിശ്വാസവും മതഭക്തിയുമുള്ള സർവ്വജനങ്ങളും ഒററക്കെട്ടായിനിന്നു എതിർക്കുകയും പരാജയപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അദ്ധ്യാപകനിയമനത്തിൽ കൈകടത്തുന്നതിനുള്ള വ്യഗ്രത ഇതു വിശദമാക്കുന്നു. ന്യൂനപക്ഷങ്ങളോ മതവിഭാഗങ്ങളോ നടത്തുന്ന പ്രൈവററു സ്കൂളുകളിൽ അദ്ധ്യാപകനിയമനാധികാരത്തിന്റെ പേരിൽ അവർക്കു അസ്വീകാര്യരും ആദർശത്തിൽ നിരീശ്വരവാദികളുമായ അദ്ധ്യാപകന്മാരെ തള്ളിക്കയററുന്നതിനുള്ള സാഹസികയത്നം ഈ ദുരുദ്ദേശപൂർത്തീകരണത്തിനല്ലെങ്കിൽ പിന്നെ എന്തിനുവേണ്ടിയാണെന്നു് സമചിത്തതയോടെ നാം ചിന്തിക്കേണ്ടതാണ്. മാതാപിതാക്കന്മാർ അഭിലഷിക്കാത്തതും മതബോധത്തെ ഹനിക്കുന്നതുമായ ആശയങ്ങൾ കുട്ടികളുടെ ഇളംമനസ്സുകളിൽ കുത്തിവച്ചു് അവരെ വഴിപിഴപ്പിച്ചു് മതവൈരികളായ കമ്മ്യൂണിസ്റ്റുകളായി വളർത്തിക്കൊണ്ടുവരുന്നതു് മതവിശ്വാസികളും മതഭക്തരുമായ മാതാപിതാക്കന്മാർക്കു നിശ്ശബ്ദരും നിസ്സഹായരുമായി കണ്ടുകൊണ്ടിരിക്കുവാൻ സാധിക്കുമോ? മതസംരക്ഷണഭാരം വഹിക്കുന്ന മതാദ്ധ്യക്ഷന്മാർക്കു ഇക്കാര്യത്തിൽ മിണ്ടാൻ അവകാശമില്ലെന്നാണോ ഭാവം? ഒരു ജനാധിപത്യ ഗവമ്മെണ്ടെന്നു പറയുന്ന ഭരണകൂടത്തിനു പൊതുജനാഭിലാഷത്തിനെതിരായതും ന്യൂനപക്ഷങ്ങളുടെയും മതസംഘടനകളുടേയും അവകാശങ്ങളെ വ്യക്തമായി പ്രതിപാദിക്കുന്ന ഭരണഘടനാനിയമങ്ങൾക്കു കടകവിരുദ്ധമായതുമായ ഈ അധികാരദുർവ്വിനിയോഗം ഒട്ടും പന്തിയല്ലതന്നെ. ഇക്കാരണത്താലാണ് മതവിശ്വാസമുള്ള ജനവിഭാഗങ്ങൾ, ഒററക്കെട്ടായിനിന്നു ഒരു ജനകീയഗവമ്മെണ്ടിന്റെ ദുരുപദിഷ്ടമായ ഈ സംരംഭത്തെ ചെറുത്തു പരാജയപ്പെടുത്തണമെന്നു ഞങ്ങൾ ബോധിപ്പിക്കുന്നതു്.

ഭാരതത്തിനു ആദ്ധ്യാത്മിക സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്നതിനു് സത്യവേദപ്രബോധകനായി ഭാരതത്തിൽ വരികയും പ്രേഷിത പിതാവായി ക്രിസ്തീയവിശ്വാസത്തിൽ ഭാരതീയർക്കു ജന്മം നൽകുകയും ചെയ്ത മാർത്തോമ്മാശ്ലീഹാ മതതീക്ഷ്ണതയോടുകൂടി ജീവിക്കുന്നതിനും, മതവിരുദ്ധമായ ആക്രമണങ്ങളെ വീറോടെ ചെറുക്കുന്നതിനും നമുക്കു പ്രചോദനം നൽകട്ടെ. ഭാരതത്തിന്റെ പ്രേഷിതപിതാവായ മാർത്തോമ്മാശ്ലീഹാ എന്നും വിജയിക്കട്ടെ.

പ്രസാധകക്കുറിപ്പുകൾ

## സ്വഭാവശുദ്ധിയാണു ഇന്നത്തെ ആവശ്യം

ഇന്ത്യൻ യൂണിയന്റെ പ്രശസ്തനായ വൈസ് പ്രസിഡന്റ് ഡോക്ടർ എസ്. രാധാകൃഷ്ണൻ അവർകൾ ജൂൺ 15-ാംതീയതി ബോമ്പെയിൽ ചെയ്ത ഒരു പ്രസ്താവന ഇന്ത്യൻ പൗരാവലിയുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്. ഇന്നു ഇന്ത്യയിൽ നാം വലിയ വലിയ ആദർശങ്ങളെപ്പററി പ്രതിപാദിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ടു്; എന്നാൽ പുരമുകളിൽനിന്നു നാം പ്രഖ്യാപിക്കുന്ന ഈ ആദർശങ്ങളിൽനിന്നു വളരെയധികം വഴിതെററിയാണ് നമ്മുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതു്. സ്വഭാവശുദ്ധിയെ സംബന്ധിച്ചിടത്തോളം ഇന്നു ഒരു പരീക്ഷണഘട്ടം ആവിർഭവിച്ചിരിക്കുന്നു എന്നായിരുന്നു അദ്ദേഹം അതിൽ വിശദമാക്കിയതു്. ഇന്ത്യയുടെ ഈ സ്വാതന്ത്ര്യകാലഘട്ടത്തിൽ അതിന്റെ ഉന്നമനത്തിനായി ചെയ്യപ്പെടുന്ന പരിശ്രമങ്ങൾ അതിലേർപ്പെടുന്ന വ്യക്തികളുടേയും സംഘടനകളുടേയും സ്വഭാവശുദ്ധിയില്ലായ്മമൂലം വിഫലമാവുന്നു എന്നു ഇന്ത്യൻ പ്രധാനമന്ത്രി ഒന്നിലധികം പ്രാവശ്യം വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതും അനുസ്മരണാർഹമാണ്. "ഇന്ത്യയുടെ അഭിവൃദ്ധിമാർഗ്ഗത്തിൽ പ്രധാന വിലങ്ങുതടിയായി നില്ക്കുന്നതു് വേണ്ടത്ര സത്യസന്ധതയുടേയും കഠിനപ്രയത്നത്തിനുള്ള സന്നദ്ധതയുടേയും അഭാവമാണ്" എന്നു ഈയിടെ കേന്ദ്രഅസംബ്ലിയിൽ ഡോക്ടർ പി. ജെ. തോമസ് പ്രകടിപ്പിച്ച അഭിപ്രായം പല പത്രങ്ങളും പ്രശംസിക്കുകയുണ്ടായി. ചുരുക്കത്തിൽ ഇന്ത്യയിൽ പൗരാവലി സ്വഭാവശുദ്ധിയിൽ വളരെയധികം പുരോഗമിക്കേണ്ടതു് രാജ്യശ്രേയസ്സിനു

ഏററവും ആവശ്യമായ ഒരു സംഗതിയാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ സ്വഭാവശുദ്ധിയുടെ നിലവാരം പൊതുവെ വളരെയധികം താണുപോയിട്ടുണ്ട് എന്നുള്ളത് ഖേദകരമായ ഒരു യാഥാർത്ഥ്യമത്രെ. ത്യാഗശീലം, സേവനസന്നദ്ധത, സഹകരണമനോഭാവം, ഐക്യബോധം, അനുസരണ, വിശാലമനസ്കത, രാജ്യസ്നേഹം, സഹനം ആദിയായ സ്വഭാവവൈശിഷ്ട്യങ്ങൾ ഒരു വിദേശീയമായ അധിശക്തിയോടെതിർക്കുന്നതിൽ മാതൃകാപരമായ വിധം നാം പ്രകടമാക്കി. എന്നാൽ ആ ഗുണവിശേഷങ്ങൾ സ്വാതന്ത്ര്യലാഭത്തിനുശേഷം അപ്രത്യക്ഷമാവുകയും തൽസ്ഥാനത്തു അതിൽനിന്നു വളരെ വ്യത്യസ്തമായ ദുർഗ്ഗുണങ്ങൾ തഴച്ചുവളരുകയുമാണ് ചെയ്യുന്നത്. അത്യാഗ്രഹം, സ്വാർത്ഥലോലുപത്വം, വിശ്വസ്തതയില്ലായ്മ, വഞ്ചന, അധരസേവ ആദിയായവ യാതൊരു മനസ്സാക്ഷിയും കൂടാത്തവിധത്തിൽ പ്രയോഗിക്കപ്പെടുകയാണ്. ഔദ്യോഗികവൃത്തങ്ങളിൽ അഴിമതികളും, സ്വജനപക്ഷപാതങ്ങളും, സ്വകാര്യലാഭേച്ഛയും നടമാടുന്നു. മഹത്തായ ഗാന്ധിയൻതത്വങ്ങളും ആദർശങ്ങളും മററുള്ളവരോടു് പ്രസംഗിച്ചിട്ട് അനുദിനജീവിതത്തിൽ ഇത്തരത്തിൽ നാം മുമ്പോട്ടുപോവുകയാണെങ്കിൽ അതിലെന്തു സ്വഭാവശുദ്ധിയോ ആത്മാർത്ഥതയോയാണുള്ളത്? നമുക്കു പ്രശസ്തമായ പഞ്ചവത്സരപദ്ധതികളുണ്ട്; പ്രഗത്ഭമായി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള വ്യാവസായീകരണപ്ലാനുകളുണ്ട്; അന്താരാഷ്ട്രീയ രംഗത്തിൽ ഇന്ത്യയുടെ പഞ്ചശീലങ്ങൾ വാനോളം പ്രശംസിക്കപ്പെടുന്നുണ്ട്. ശരിതന്നെ. പക്ഷെ, ഇവ ഫലദായകങ്ങളാകണമെങ്കിൽ നമ്മിൽതന്നെ ആത്മസംസ്കരണം പ്രഥമത സാധിതമാകണം. അതുകൊണ്ടാണ് നമ്മുടെ രാഷ്ട്രനേതാക്കന്മാർ സർവ്വപ്രധാനമായ ഈ വിഷയത്തെ പൗരസഞ്ചയത്തിന്റെ ശ്രദ്ധയ്ക്കു വീണ്ടും വീണ്ടും വിഷയമാക്കുന്നതു്. ഒരു തികഞ്ഞ ചിന്തകനും വേദാന്തിയുമായ ഡോക്ടർ രാധാകൃഷ്ണൻ അവർകൾ ഇന്ത്യൻ ജനതയുടെ മനോഭാവത്തെ ശരിയായി ചികഞ്ഞുനോക്കി ഗ്രഹിക്കുകയും പരമാർത്ഥമായി പ്രകാശിപ്പിക്കുകയും ചെയ്തിട്ടുള്ള ഈ അഭിപ്രായത്തിനു അർഹമായ പ്രാധാന്യം ഓരോരുത്തരും നൽകുമെന്നു പ്രതീക്ഷിക്കട്ടെ.

× × ×

## വ്യവസായത്തിൽ തൊഴിലാളികളുടെ ഭരണഭാഗഭാഗിത്വം

ഏതാനും മാസങ്ങൾക്കുമുമ്പ് വിവിധ സ്റ്റേററുകളിലെ തൊഴിൽവകുപ്പുമന്ത്രിമാരുടെ സമ്മേളനം ന്യൂഡൽഹിയിൽ ചേർന്നപ്പോൾ അവർ തീരുമാനിച്ചു. വ്യവസായത്തിൽ തൊഴിലാളികൾക്കും അതിന്റെ ഭരണം സംബന്ധിച്ചു ഭാഗഭാഗിത്വം ഉണ്ടാകത്തക്കവണ്ണം ഒരു പദ്ധതി ആവിഷ്കരിക്കണമെന്നു്. ഇന്ത്യ സോഷ്യലിസ്റ്റുമാതൃകയിലുള്ള ഒരു സാമൂഹികക്രമം ലക്ഷ്യമായി സ്വീകരിച്ചിരിക്കുന്നതുകൊണ്ട്, വ്യവസായത്തിന്റെ ഭരണപരമായ കാര്യങ്ങളിലും തൊഴിലാളിവിഭാഗത്തിനു അഭിപ്രായപ്രകടനാവസരം നൽകപ്പെടേണ്ടതാണെന്നും, സ്ഥാപനത്തിന്റെ ശാന്തവും കാര്യക്ഷമവുമായ പ്രവർത്തനത്തിൽ തൊഴിലാളിക്കും ചില താല്പര്യങ്ങളുണ്ടെന്നുള്ള ബോദ്ധ്യതയിൽ അവന്റെ അഭിമാനബോധം സംധാരണം ചെയ്യപ്പെടേണ്ടതാണെന്നും, ഇപ്രകാരം വ്യാവസായികജനാധിപത്യത്തിലേക്കുള്ള മാർഗ്ഗം സുഗമമാക്കപ്പെടാവുന്നതാണെന്നുമായിരുന്നു അവരുടെ അഭിപ്രായം. തൊഴിൽ വകുപ്പു സിക്രട്ടറി മി. വിഷ്ണുസഹായുടെ നേതൃത്വത്തിൽ ഇന്ത്യാ ഗവമ്മെണ്ടിന്റെ ഒരു പഠനസമിതി രൂപവൽക്കരിക്കപ്പെടുകയും അവർ ഗ്രേററുബ്രിട്ടൻ, സ്വീഡൻ മുതലായ രാജ്യങ്ങൾ സന്ദർശിച്ചു അവയുടെ പരിചയസമ്പന്നമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഒരു റിപ്പോർട്ടു് രൂപവൽക്കരിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ നിയമനിർമ്മാണത്തെക്കാൾ മനസ്ഥിതിയാണു ആവശ്യമെന്നായിരുന്നു അവരുടെ നിഗമനം. എങ്കിലും ഇപ്പോൾ പ്രസിദ്ധീകൃതമായിരിക്കുന്ന അവരുടെ റിപ്പോർട്ടിൽ പറയുന്നതു്, യാതൊരു നിയമപരമായ നിർബന്ധങ്ങളും ചെലുത്താത്തപക്ഷം ഫലം വെറും അനാസ്ഥമാത്രമായിരിക്കുമെന്നും, തൊഴിലാളികളുടെ ഭാഗത്തുനിന്നുള്ള അകൽച്ചയേയും മാനേജുമെന്റിന്റെ ഭാഗത്തുനിന്നുള്ള വിരസതയേയും ദൂരീകരിക്കുന്നതിനു് സഹായകമായ ഒരഭിപ്രായാന്തരീക്ഷം സൃഷ്ടിക്കുന്നതിനു് നിയമനിർമ്മാണം തന്നെ ആവശ്യമാണെന്നുമാണ്. ഏതാദൃശമായ നിയമംമൂലം ഗവമ്മെണ്ടുകൾക്കു്, തൊഴിലാളികളും മാനേജുമെന്റും ഭാഗഭാക്കാകുന്ന ചില പദ്ധതികളെ ഏതാനും വ്യവസായ സ്ഥാപനങ്ങളിൽ നടപ്പാക്കുവാൻ നിർദ്ദേശിക്കുവാൻ സാധിക്കും. വ്യവസായസ്ഥാപനത്തിന്റെ കെല്പിനെയും വലിപ്പത്തെയും തൊഴിലാളി യൂണിയന്റെ ഉറപ്പിനേയും പരിഗണിച്ചു പററുന്ന വ്യവസായങ്ങൾ ഗവമ്മെണ്ടുതന്നെ തിരഞ്ഞെടുക്കുന്നതായിരിക്കും. നിയമനിർമ്മാണത്തിനുപുറമേ, തൊഴിലാളികളേയും മാനേജുമെന്റുകളേയും ഈ വിഷയത്തിൽ പ്രബുദ്ധരാക്കുന്നതിനു ഒരു പ്രചാരണപദ്ധതി ഗവമ്മെണ്ടു നടപ്പാക്കണമെന്നും റിപ്പോർട്ടാവശ്യപ്പെടുന്നുണ്ട്. തൊഴിലാളികളുടെ കൗൺസിലുകൾ സ്ഥാപനത്തിന്റെ പൊതുവായ സാമ്പത്തികമായ നിലയെപ്പററിയും, ഉല്പന്നങ്ങളുടെ വിലനിലവാരത്തെപ്പററിയും, ഉല്പാദന വില്പന പദ്ധതികളെപ്പററിയും, സംഘടന, നിർമ്മാണരീതി, സ്ഥിതിവിവരക്കണക്കു മുതലായവയെപ്പററിയും പഠിച്ചു് അഭിപ്രായങ്ങൾ ക്രോഡീകരിക്കണം; തൊഴിലാളികളെ കുറയ്ക്കുക, പ്ലാന്റുകൾ കുറയ്ക്കുകയോ നിർത്തുകയോ ചെയ്യുക, പുതിയ പദ്ധതികൾ നടപ്പിലാക്കുക, തൊഴിലാളികളെ പുതുതായി ചേർക്കുകയോ ശിക്ഷിക്കുകയോ ചെയ്യുക എന്നീ കാര്യങ്ങളിൽ കൗൺസിലുകളുമായി ആലോചിക്കണം; ഉല്പാദനം വർദ്ധിപ്പിക്കുന്നതിലും, കയററിറക്കുകൾ നടത്തുന്നതിലും, തൊഴിൽ സാഹചര്യങ്ങളും ജീവിതസൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിലും, നിയമങ്ങളേയും ഉടമ്പടികളേയും നിറവേററുന്നതിലും പരസ്പരം സഹകരിക്കണം. കൂലിനിരക്ക്, ബോണസ്, തൊഴിലാളികളുടെ പരാതികൾ എന്നീ പൊതുവായ പ്രശ്നങ്ങൾ ട്രേഡ് യൂണിയനുകൾക്കു് വിടേണ്ടതും അവയിൽ തൊഴിലാളി കൗൺസിലുകൾ ഇടപെടേണ്ട ആവശ്യമില്ലാത്തതുമാണെന്നാണ് റിപ്പോർട്ടിലെ ആശയം. തൊഴിൽ മന്ത്രിമാരുടെ സമ്മേളനത്തിന്റെ നിയോഗമനുസരിച്ചു് സംഘടിതമായ വിദഗ്ദ്ധപഠനസമിതിയുടെ മേലുദ്ധരിച്ച അഭിപ്രായം വ്യവസായ മാനേജുമെന്റുകളും തൊഴിലാളി വിഭാഗങ്ങളും ശരിയായി പഠിക്കുകയും ഇരുഭാഗക്കാർക്കും സ്വീകാര്യമായ വിധത്തിൽ പ്രായോഗികമായ ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ വ്യവസായരംഗത്തു ഇന്നു നടമാടിക്കൊണ്ടിരിക്കുന്ന നിരവധി ഏററുമുട്ടലുകൾ ഒഴിവാക്കാവുന്നതും ഇന്ത്യയുടെ വ്യാവസായീകരണത്തിൽ വളരെ പുരോഗതി എളുപ്പത്തിൽ നേടാവുന്നതുമാണെന്നു പറയേണ്ടതില്ലല്ലോ. പൊതുജനശ്രദ്ധ ഇക്കാര്യത്തിലേക്കു ക്ഷണിച്ചുകൊള്ളട്ടെ.

## അടുത്തയാഴ്ചയിൽ

ജൂലൈ

4 വ്യാ: വി. അജേവൂസ് നിവ്യാ
5 വെ: വി. ഡൊമിസിയൂസ്
6 ശ: വി. ഏശയ്യാ നിവ്യാ
7 ഞാ: പന്തക്കു: 4-ാം ഞായർ.
8 തി: വി. ഹാഡ്റിയാൻ
9 ചൊ: വി. ക്ലാവുദിയൂസ്
10 ബു: വി. ലെയോൻസിയൂസ്


## For Favours Received



Excuse delay
Alamma P. Karimalil,
Oozhakode


(1-ാംപേജ് തുടർച്ച)

ണാതെ വിശ്വസിക്കുവാൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത മാർത്തോമ്മാശ്ലീഹായിൽനിന്നു നമ്മൾ പഠിക്കേണ്ട ഒരു സംഗതിയാണു് കാണാതെ വിശ്വസിക്കുകയെന്നതു്. കാണുന്നതു വിശ്വസിക്കേണ്ടതില്ലല്ലോ.

കേരളം ഇന്നു വിശ്വാസത്തിന്റെ കേന്ദ്രമാണെങ്കിൽ അതു് അതേസമയം അവിശ്വാസത്തിന്റെ കേന്ദ്രവും കൂടിയാണ്. അതു ഒരു കൊച്ചുറഷ്യയായി പരിണമിച്ചിരിക്കുന്നു. റഷ്യയിലെ ഒരു പ്രധാനനഗരത്തിനു് ഒരിക്കൽ സെൻറ് പീറേറഴ്സ് ബർഗ്ഗ് എന്നായിരുന്നു പേരു്; അതാണു ലെനിൻഗ്രാഡും പിന്നീടു സ്റ്റാലിൻഗ്രാഡും ആയിത്തീർന്നതു്. കേരളം യഥാർത്ഥത്തിൽ സെൻറ് തോമസ് ബർഗ്ഗാണു്; അതു് ഇപ്പോൾ ചിന്നറഷ്യ എന്ന നാമത്തിനു അർഹമായിത്തീർന്നിട്ടുണ്ട്. കേരളീയരിൽ ഒരു വലിയഭാഗം ഈശ്വരനിലുള്ള വിശ്വാസം നശിപ്പിച്ചതുകൊണ്ടാണ് മതവിരുദ്ധമായ കമ്മ്യൂണിസത്തിനു് ഇവിടെ ഇത്രയും ഉറച്ച ഒരു ചവിട്ടുകിട്ടിയതു്. നമ്മൾ ഒരു വിവാഹം ആലോചിക്കുമ്പോൾ കുട്ടിയുടെ സൗന്ദര്യവും ധനസ്ഥിതിയും മാത്രമല്ല പരിഗണിക്കുന്നതു്, സ്വഭാവവുംകൂടെ വീക്ഷിക്കുന്നു. എന്നാൽ നമ്മുടെ ഗവമ്മെൻറ് ഇന്നു നിയമമുണ്ടാക്കുമ്പോൾ സമ്പാദ്യവും ഐശ്വര്യവും സുഖവുംമാത്രം പരിഗണിക്കുന്നു. തോമ്മാശ്ലീഹാ പഠിപ്പിച്ചിട്ടുള്ള ക്രിസ്തീയതത്വങ്ങൾക്കു് ഇവിടെ സ്ഥാനമില്ലാതെയാണു വന്നിരിക്കുന്നതു്. യഥാർത്ഥസംസ്കാരത്തിനോ സ്വഭാവനൈർമ്മല്യത്തിനോ നിയമനിർമ്മാണത്തിൽ പരിഗണനയില്ലാതായി. കാണാവുന്ന കാര്യങ്ങൾതന്നെ കാണാതെയോ അവഗണിച്ചോ ആണു് ഭരണകർത്താക്കളും അവരെ സ്ഥാനത്തിരുത്തിയവരും വർത്തിക്കുന്നതു്. മതവിശ്വാസവും സന്മാർഗ്ഗബോധനവും തദ്ധിഷ്ഠിതമായ ശിക്ഷണവും നൽകിയിട്ടുകൂടി മനുഷ്യൻ ഇത്ര അധഃപതിച്ചിരിക്കുന്നെങ്കിൽ മതബോധവും സന്മാർഗ്ഗശിക്ഷണവും നാടുകടത്തി കമ്മ്യൂണിസ്റ്റ് അന്തരീക്ഷത്തിൽ വളരുന്ന തലമുറയുടെ ഭാവി എന്തായിരിക്കും? കാണാവുന്ന യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കുന്ന കേരളീയർക്കാണു് മാർത്തോമ്മായുടെ സന്ദേശം ലഭിച്ചിരിക്കുന്നതു്, കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാരെന്നു്.

കണ്ടുവിശ്വസിച്ച തോമ്മാശ്ലീഹായുടെ സന്താനങ്ങൾ കണ്ടുവിശ്വസിക്കുന്നവരായിരിക്കയാണു്. ചിലർ കമ്മ്യൂണിസ്റ്റുകക്ഷിക്കു വോട്ടുകൊടുത്തപ്പോൾ പറഞ്ഞതു് അവർ ഭരിക്കുന്നതൊന്നു കാണട്ടെയെന്നാണു്. തത്വങ്ങൾ കേട്ടാൽ പോരാ പ്രായോഗികമാക്കി കാണണമെന്നു് അവർ ശഠിക്കുന്നു, അവ നല്ലതോ ചീത്തയോ എന്നു നിർണ്ണയിക്കാൻ. ആറാംപ്രമാണം ആവശ്യമാണോ എന്നു നിശ്ചയിക്കുവാൻ അതിന്റെ ലംഘനംകൊണ്ടുവരാവുന്ന നാശങ്ങൾ കാണണമെന്നുസാരം. തത്വങ്ങൾ പരിശോധിച്ചു തീരുമാനമെടുക്കാതെ പ്രവൃത്തി കാണുവാൻ വെമ്പൽകൊള്ളുമ്പോൾ തോമ്മാശ്ലീഹായുടെ മുദ്രലസ്വരം ശ്രവിച്ചാൽകൊള്ളാം: "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ".

വി. കർബാന കൂദാശചെയ്തു് ഉയർത്തുമ്പോഴും മററു പല സന്ദർഭങ്ങളിലും നമ്മൾ ഉച്ചരിക്കാറുള്ള ഒരു വാക്യമാണു് "എന്റെ കർത്താവേ, എന്റെ ദൈവമേ". അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ മറഞ്ഞിരിക്കുന്ന മിശിഹായെ കാണാത്തതുകൊണ്ടു് അവിടുത്തെ ഏററുപറഞ്ഞു് ആരാധിക്കുന്നതിൽചിലർക്കു വലിയതീക്ഷ്ണതയൊന്നുമില്ല. ചിലരുടെ പെരുമാററം കാണുമ്പോൾതോന്നും അവിടുത്തെ യഥാർത്ഥത്തിൽ കണ്ടാലേ ഭക്തിയോടുകൂടെ അവർ പെരുമാറുകയുള്ളുവെന്നു്. ഉയിർത്തെഴുന്നള്ളിയ മിശിഹായെ നേരിട്ടുകണ്ടാലേ വിശ്വസിക്കുകയുള്ളുവെന്നു ശഠിച്ച മാർത്തോമ്മാശ്ലീഹാ ഉയിർപ്പുകഴിഞ്ഞു എട്ടാംദിവസമേ അവിടുത്തെ ദർശിച്ചുള്ളു; ശേഷം എല്ലാവരും ഉയിർപ്പുദിവസംതന്നെ അവിടുത്തെ കണ്ടു. അതിനാൽ നമ്മൾ വിശ്വസിക്കുന്ന സംഗതികളെല്ലാം ഇവിടെവച്ചു കാണണമെന്നു നമ്മൾ ശഠിക്കരുതു്; സ്വർഗ്ഗത്തിൽ അവയെല്ലാം കണ്ടു ഗ്രഹിക്കുന്നതിനു് നിത്യത്വംതന്നെയുണ്ടല്ലോ. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ.

വർഷംപ്രതി ജൂലായ് 3-ാം തീയതി നാം തോമ്മാശ്ലീഹായുടെ മരണത്തിരുനാൾ കൊണ്ടാടുമ്പോൾ ശ്ലീഹായുടെ സ്തുതികൾ പ്രകീർത്തിച്ചാൽ പോരാ. "മ്രൻ റാൻ മാർത്തോമ്മാ അൽമദ്ബെഹ് കുദശാ അംദകനെ ദാനസഹ് സഹദേ ദെസ്കല്ലൽ" എന്നു ഉറക്കെ പാടിയാലും മതിയാകയില്ല. മാർത്തോമ്മാശ്ലീഹായുടെ ധൈര്യവും വിശ്വാസതീക്ഷ്ണതയും നാം പ്രകടമാക്കണം. ലാസറിന്റെ മരണവാർത്തകേട്ടു ദിവ്യഗുരു ബഥനിയിലേക്കു പുറപ്പെടുവാൻ ഭാവിച്ചപ്പോൾ ശ്ലീഹന്മാർ അവിടെ ഉണ്ടായേക്കാവുന്ന പീഡനങ്ങളും കല്ലേറും അനുസ്മരിപ്പിച്ചു. തദവസരത്തിൽ ശ്ലീഹാ പറഞ്ഞു: "നമുക്കും അവിടുത്തെക്കൂടെ പോയി മരിക്കാം." ഇന്നത്തെ സാഹചര്യങ്ങളിൽ മതവിശ്വാസികൾക്കു പല കല്ലേറും അനുഭവപ്പെട്ടേ

ആദ്ധ്യാത്മികവീഥി

## ദൈവവിളി—പ്രോത്സാഹനം

ദൈവത്തിന്റെ വത്സലമക്കളേ,

സ്വന്തമക്കളെ അയക്കാൻ സാധിക്കാത്തവർക്കു മററു കുട്ടികളെ ദത്തെടുത്തു ധനസഹായം ചെയ്തു വൈദികാന്തസ്സിനോ സന്യാസാന്തസ്സിനോ വേണ്ടി അയക്കാമെന്നു കഴിഞ്ഞ ദിവസം പറഞ്ഞതല്ലോ. ദൈവാനുഗ്രഹത്താൽ നല്ല ധനസ്ഥിതിയുള്ള ആളുകൾക്കു അതെളുപ്പമാണ്. നമ്മുടെ നാട്ടിൽതന്നെ ചിലരെല്ലാം അങ്ങനെ ചെയ്യുന്നുണ്ടെന്നുള്ളതു് ആശ്വാസജനകമത്രെ. വളരെപ്പേർ അവരെ അനുകരിക്കാൻ ദൈവം ഇടയാക്കട്ടെ.

എന്നാൽ ധനവാന്മാർക്കു മാത്രമല്ല പാവപ്പെട്ടവർക്കും വൈദികവിദ്യാർത്ഥികളെ പണം കൊടുത്തു സഹായിക്കാൻ സാധിക്കും. യഥാർത്ഥത്തിൽ അവരുടെ കൊച്ചുകാശുകൊണ്ടാണു മഹാഭൂരിപക്ഷം വൈദികരും തങ്ങളുടെ പഠനം നിർവ്വഹിച്ചിട്ടുള്ളതു്.

ഏതാനും കൊല്ലം മുൻപു അമേരിക്കയിലെ ഒരു സ്ത്രീ തന്റെ മരണക്കിടക്കയുടെ അടുക്കൽ പതിമൂന്നു മക്കളേയും വിളിച്ചു ഇപ്രകാരം പറഞ്ഞു: "നിങ്ങളിൽ ഒന്നു രണ്ടു പേരെയെങ്കിലും ദൈവശുശ്രൂഷയ്ക്കായി അയക്കണമെന്നു് ഞാൻ വളരെ ആഗ്രഹിക്കയും അപേക്ഷിക്കയും ചെയ്തു. പക്ഷേ അതിനുള്ള ഭാഗ്യം എനിക്കു ലഭിച്ചില്ല. എങ്കിലും എന്റെ മരണശേഷം അൾത്താരയുടെ പക്കൽ എന്നെ ഓർക്കുന്നതിനായി ഒരന്യനെയെങ്കിലും വൈദികവൃത്തിക്കു പഠിപ്പിക്കണമെന്നു ഞാൻ നിശ്ചയിച്ചു. ദരിദ്രയായ ഞാൻ ദിവസേന ഒന്നും രണ്ടും സെൻറു ഇക്കാര്യത്തിനായി മാററിവച്ചു. ഇതാ ഒരാളെ പഠിപ്പിക്കുന്നതിനുള്ള തുക ഉണ്ടാക്കിയിരിക്കുന്നു. നിങ്ങൾ ഇതു റോമിലേക്കു അയച്ചുകൊടുത്തു എന്റെ ആഗ്രഹം അറിയിക്കണം."

മാതാവിന്റെ നിർദ്ദേശാനുസരണം അവർ പ്രവർത്തിച്ചു. കുറെ കഴിഞ്ഞു റോമിൽനിന്നു അവർക്കൊരെഴുത്തുകിട്ടി, അവർ അയച്ചുകൊടുത്തപണം സ്പെല്ലിനാക്കു് എന്ന ഒരു വൈദികവിദ്യാർത്ഥിയുടെ പഠനത്തിനായി ചെലവഴിക്കയാണെന്നു്. ഇദ്ദേഹമാണു ലോകപ്രസിദ്ധനായ കാർഡിനൽ സ്പെല്ലിനാക്കു്.

കല്ക്കരിഖനിയിൽ ജോലിചെയ്തിരുന്ന ഒരു മനുഷ്യനു ക്ഷയരോഗം പിടിച്ചു. ഖനിയിലെ പണി ഉപേക്ഷിക്കണമെന്നു നിർദ്ദേശിച്ച ഡോക്ടരോടു അയാൾ ചോദിച്ചു: "ഈ പണി തുടരുന്നപക്ഷം എത്രകൊല്ലംകൂടി എനിക്കു ജീവിക്കാൻ സാധിക്കും?"

"രണ്ടു മൂന്നുകൊല്ലംകൂടി ജീവിച്ചേക്കും."

"എനിക്കതു മതി. അതുകൊണ്ടു ഞാൻ പണി ഉപേക്ഷിക്കാൻ കരുതുന്നില്ല."

"എന്താണങ്ങനെ പറയുന്നതു്?"

"കുറെ കൊല്ലങ്ങളായി ഞാൻ ഒരു വൈദികവിദ്യാർത്ഥിയുടെ ചെലവു വഹിച്ചുകൊണ്ടിരിക്കയാണ്. ഇനി രണ്ടു കൊല്ലംകൊണ്ടു പഠനം പൂർത്തിയാകും. ഈ പണി ഉപേക്ഷിച്ചാൽ അദ്ദേഹത്തെ സഹായിക്കാൻ സാധിക്കയില്ല. അദ്ദേഹം പട്ടമേററതിനുശേഷം മരിക്കുന്നതിനു ഞാൻ തയ്യാറാണ്."

ഒരു വൈദികനുവേണ്ടി എത്ര വലിയ ത്യാഗമാണു സ്വന്തജീവനെപ്പോലും പണയംവച്ചുകൊണ്ടു അയാൾ അനുഷ്ഠിക്കുന്നതെന്നു നോക്കുക!

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.

# ഇന്ത്യൻ കാത്തലിക്ക് യൂണിയൻ പാസ്സാക്കിയ പ്രമേയങ്ങൾ

ബോംബെയിൽ ബാൻഡ്റായിലുള്ള സെൻറ് ആൻഡ്റൂസ് ഹൈസ്കൂളിൽവച്ച് ജൂൺ 9-ാം തീയതി നടത്തപ്പെട്ട വാർഷിക സമ്മേളനത്തിൽ പാസാക്കപ്പെട്ട പ്രമേയങ്ങളാണ് ചുവടെ ചേർക്കുന്നത്:-

1) ഇന്ത്യയിലെ കത്തോലിക്കർ പൊതുജീവിതത്തിലും പ്രവത്തനങ്ങളിലും പ്രദശിപ്പിച്ചുപോരുന്ന ഉദാസീനമനോഭാവത്തിൽ ഖേദിക്കുകയും തങ്ങളുടെ നാട്ടുകാരുമായി പൊതുപ്രവത്തനങ്ങളിൽ പൂണ്ണമായ സഹകരണം പ്രദശിപ്പിക്കുന്നതിനു കത്തോലിക്കരോടു പൊതുവായും അഭ്യസ്തവിദ്യരായ കത്തോലിക്കരോടു പ്രത്യേകിച്ചും അഭ്യത്ഥിക്കുകയും ചെയ്യുന്നു. രാജ്യത്തിലെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ വിദഗ്ധമായ രീതിയിൽ പഠിക്കുകയും അവയുടെ പരിഹാരത്തിനു സൃഷ്ടിപരമായ മാഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുക; ഇന്ത്യയിൽ പ്രവത്തനംനടത്തുന്നതും കത്തോലിക്കാസിദ്ധാന്തങ്ങളോടു യോജിക്കുന്നതുമായ രാഷ്ട്രീയപാർട്ടികളിൽ അംഗങ്ങളായി ചേരുകയും അതുവഴി പ്രസ്തുത പാർട്ടികളുടെ ആദശങ്ങളിലും പരിപാടികളിലും വേണ്ടത്ര പ്രേരണ ചെലുത്തുകയും ചെയ്യുക; പഞ്ചായത്തുതുടങ്ങി പാർലമെൻറുവരെയുള്ള എല്ലാ ഭരണകൂടങ്ങളിലും സേവനം നിവ്വഹിക്കത്തക്കവണ്ണം പഠനവും പരിശീലനവുംവഴി സ്വയം പ്രാപ്തരാവുക; രാജ്യത്തേയും സമുദായത്തേയും സേവിക്കുന്നതിനുള്ള ഉത്തമമാഗ്ഗം അധികാരപ്രയോഗത്തെക്കാൾ സേവനത്തിനുള്ള സന്നദ്ധതയാകയാൽ, ജനങ്ങളുടെ സുരക്ഷിതത്വത്തിനും ഉന്നമനത്തിനും സഹായകമായ പ്രവത്തനരംഗങ്ങളിൽ സന്നദ്ധഭടന്മാരായി ആത്മാത്ഥമായ സേവനമനുഷ്ഠിക്കുവാൻ തയാറാവുക എന്നിവയാണ് ഈ സമ്മേളനം പ്രത്യേകം ശുപാശ്ചെയ്യുന്നതു്.

2) നിയോഗിക്കമ്മിററിറിപ്പോർട്ടിലെ അടിസ്ഥാനരഹിതവും വിദ്വേഷപരവുമായ ആരോപണങ്ങളെ രാജ്യത്തിനു പൊതുവെ മാതൃകാപരമായ വിധത്തിൽ മാന്യമായി പ്രതിഷേധിക്കുന്നതിൽ ഇന്ത്യയിലാകെയുള്ള വിവിധ കത്തോലിക്കാസംഘടനകൾ പ്രദർശിപ്പിച്ച സഹകരണത്തിൽ അവയെ അനുമോദിക്കുകയും, റിപ്പോർട്ടിലെ ക്രിസ്തുമതവിരുദ്ധമായ ശുപാർശകളെ നടപ്പാക്കുന്നതിനു കേന്ദ്രഗവർമ്മെൻേറാ, മദ്ധ്യപ്രദേശ്ഗവർമ്മെൻേറാ സന്നദ്ധമാവുകയില്ലെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

3) ഗർഭധാരണനിരോധനോപകരണങ്ങളെസംബന്ധിച്ച പരിശീലനമുൾപ്പെടെയുള്ള കുടുംബസംവിധാനപദ്ധതിക്കായി പൊതുമുതൽചെലവഴിക്കുന്നതിൽ ഈ യൂണിയൻ ഖേദിക്കുകയും പ്രകൃതിക്കും ധമ്മബോധത്തിനും കടകവിരുദ്ധമായ ഏതാദൃശപരിപാടികളിൽനിന്നു പിന്മാറണമെന്നു ഗവമ്മെൻറുകളോടഭ്യർത്ഥിക്കുകയും ചെയ്യുന്നു. കുടുംബസംവിധാനപരിപാടികളിൽ ഏപ്പെട്ടിരിക്കുന്ന സ്റ്റേററ്ഗവമ്മെൻറുകൾ മദ്രാസ് ഗവമ്മെൻറിനെ അനുകരിച്ച് ഇക്കായ്യത്തിൽ മെഡിക്കലും നഴ്സിങ്ങും വിഭാഗങ്ങളുടെ മനസ്സാക്ഷിപരമായ വൈഷമ്യങ്ങളെ പരിഗണനാർഹമാക്കണമെന്നു അഭ്യർത്ഥിക്കുന്നു.

4) ഇന്ത്യയിലെ 37 കോടി ജനങ്ങളുടെ ഭൗതികവും സാമൂഹികവുമായ സ്ഥിതിഗതികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഇന്ത്യാഗവമ്മെൻറിൻെറ മഹത്തായ ഉദ്യമങ്ങളെ ഈ യോഗം വിലമതിക്കുകയും, കുടുംബസംവിധാനപദ്ധതിയൊഴിച്ചുള്ള പഞ്ചവത്സരപദ്ധതികളിൽ ഹൃദയപൂവ്വം കത്തോലിക്കർ സഹകരിക്കണമെന്നും ത്യാഗപൂവ്വം പങ്കെടുക്കണമെന്നും ഉൽബോധിപ്പിക്കുകയും, ഈ ആവശ്യത്തിനുവേണ്ടി ജനങ്ങളിൽനിന്നു വായ്പയായും നികുതിയായും പിരിച്ചെടുക്കുന്ന പണം ഏററവും കായ്യക്ഷമമായും പാഴ്ച്ചിലവുകൾ വരുത്താതെയും ഗവമ്മെൻറുകൾ വിനിയോഗിക്കണമെന്നാവശ്യപ്പെടുകയും ചെയ്യുന്നു.

5) തൊഴിലാളിവിഭാഗത്തിൻെറ രക്ഷയ്ക്കും അഭിവൃദ്ധിക്കും ഇന്നത്തെ വ്യവസ്ഥിതിയിൽ ആരോഗ്യപരമായി പ്രവത്തിക്കുന്ന ട്രേഡ്യൂണിയനുകൾ അവശ്യാവശ്യമായിരിക്കുന്നതുകൊണ്ടു് രാഷ്ട്രീയപാർട്ടികളുടെ കെണികളിൽ കുരുങ്ങാത്തതും ഒരു ക്ഷേമരാഷ്ട്രസംവിധാനത്തിനു സഹായിക്കുന്നതുമായ യൂണിയനുകളിൽ എല്ലാ കത്തോലിക്കാതൊഴിലാളികളും ചേരണമെന്നുൽബോധിപ്പിക്കുന്നു. രൂപതാദ്ധ്യക്ഷന്മാരുമായി വേണ്ടവിധത്തിൽ ആലോചിച്ച് സാമൂഹികപ്രവത്തകർക്ക് ട്രേഡ്യൂണിയൻനേതൃത്വപരിശീലനം നൽകാൻ കത്തോലിക്കാസംഘടനകളോടഭ്യർത്ഥിക്കുന്നു.

6. ഓരോ സ്ഥലത്തേയും ആവശ്യങ്ങൾക്കനുസരിച്ച വിവിധോദ്ദേശ്യ സഹകരണസംഘങ്ങൾ സ്ഥാപിച്ച് കടവായ്പ, താമസസ്ഥലം, ചെറുകിടവ്യവസായങ്ങൾ മുതലായ പ്രാദേശികപ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുവാൻ എല്ലാ കത്തോലിക്കാ സംഘടനകളുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഗ്രാമപ്രദേശങ്ങളിലെ കത്തോലിക്കർ കമ്മ്യൂണിററി പ്രോജക്ററുകളിലും ഔദ്യോഗികമായി പ്രോത്സാഹിപ്പിക്കപ്പെടാവുന്ന മററു ഗ്രാമോദ്ധാരണസംരംഭങ്ങളിലും സവ്വാത്മനാ സഹകരിക്കുന്നതിനുപദേശിക്കപ്പെടണമെന്നും എല്ലാ സംഘടനകളോടും അഭ്യത്ഥിക്കുന്നു.

7. "1956-ലെ വിമെൻസ് ആൻറ് ചിൽഡ്റൻസ് ഇൻസ്റ്റിററ്യൂഷൻസ് (ലൈസെൻസിംഗ്) ആക്ററും", "1956 ലെ ഓർഫനേജസ് ആൻറ് വിഡോസ് ഹോംസ് ബില്ലും" നടപ്പാക്കുന്നതിനെ ഈ യോഗം കഠിനമായി പ്രതിഷേധിക്കുന്നു. സഹാനുഭൂതിയേയും, വ്യക്തിഗതമായ ഔദാർയ്യത്തേയും, മാനുഷികമായ ദീനദയാലുത്വത്തേയും അടിസ്ഥാനമാക്കിയുള്ള ഈ ജീവകാരുണ്യപ്രവത്തനങ്ങളെ, ഒരു സ്റ്റേററ്യന്ത്രത്തിനു ഒരിക്കലും ചെയ്യുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് അവയെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം അവയുടെ പ്രവത്തനങ്ങളെ നിയന്ത്രിക്കുകയും രാജ്യത്തിൻെറ വലിയൊരാവശ്യത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നതു് സ്വീകാര്യമായ നടപടിയല്ല. വിഭാവനം ചെയ്യപ്പെടുന്ന നിയന്ത്രണനടപടികൾ അനാവശ്യവും, ക്രമമായി നടത്തപ്പെടുന്ന സ്ഥാപനങ്ങൾക്കു വളരെയധികം പ്രതിബന്ധങ്ങളും അസൗകയ്യങ്ങളും വരുത്തിവയ്ക്കുന്നവയുമാണ്.

8. കത്തോലിക്കാ സംഘടനകൾ പാടുള്ളിടത്തോളം ഇടവകാടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെടുകയും, ഈ ഇടവകയൂണിററുകൾവഴി സാമൂഹികക്ഷേമകേന്ദ്രങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം.

9. 1945-ൽ കത്തോലിക്കാ യൂണിയൻ സ്ഥാപിതമായതു മുതൽ അതിൻെറ പ്രസിഡൻെറന്നനിലയിൽ ഷെവലിയർ രത്നസ്വാമി ചെയ്തിട്ടുള്ള സേവനങ്ങൾക്ക് അഭിനന്ദനം.

## ഇടവകവാർത്തകൾ

**ഒല്ലൂർ:** ഒല്ലൂർനിന്നു് പ്രസിദ്ധീകരിച്ചുവരുന്ന "കേരളവാണി"യുടെ ഒരു പ്രമുഖപ്രവത്തകനായിരുന്ന ശ്രീ പോൾ കടവി വൈദികപഠനാത്ഥം തിരുത്തൂർ സലേഷ്യനിലേക്ക് പോകുന്നതു പ്രമാണിച്ച് ജൂൺ 26-ാം നു- ആപ്പീസിൽവച്ച ഒരു യാത്രയയപ്പ് നൽകിയിരിക്കുന്നു. തദവസരത്തിൽ ശ്രീ ജെ പി ഒല്ലൂർ (സാഹിത്യവിശാരദ്), പോൾ പൊറുത്തൂർ എന്നിവർ പ്രസംഗിക്കുകയുണ്ടായി.

**അഹമ്മദബാദ്:** സ്ഥലം മലയാളികാത്തലിക്ക്അസോസിയേഷൻ വാർഷികയോഗം റവ. ഫാ. ലോറൻസ് എസ് ജെ. യുടെ അദ്ധ്യക്ഷതയിൽ സെൻറ് സേവ്യേഴ്സ് സ്കൂളിൽ കൂടി. ശ്രീ കെ ജെ സിറിയക്ക് (എം എ വിദ്യാത്ഥി) പ്രസംഗിച്ചു. അടുത്ത വർഷത്തേക്കുള്ള യോഗഭാരവാഹികളെ തിരിഞ്ഞെടുത്തതോടുകൂടി യോഗം സമംഗളം പയ്യവസാനിച്ചു. വാർഷികം പ്രമാണിച്ചു. മേയ് 26-ാം തിയതി രാവിലെ ഭദ്രാസനദേവാലയത്തിൽ പ്രത്യേകം ദിവ്യബലി അപ്പിക്കപ്പെടുകയും അസോസിയേഷൻ അംഗങ്ങൾ പൊതുദിവ്യകാരുണ്യ സ്വീകരണം നടത്തുകയും ചെയ്തു.

**വലപ്പാട്:** ഈ ഇടവകയിലെ സെൻറ് വിൻസെൻറ് ഡി പോൾ, മരിയാസഖ്യം, അൾത്താരസംഘം എന്നീ സംഘടനകളുടെ സിക്രട്ടറി മേച്ചേരി താരുപോൾ വൈദികപഠനാത്ഥം പോകുന്നതുപ്രമാണിച്ച് ആർ. സി. ഗേൾസ് സ്കൂളിൽവച്ച് ഒരു യാത്രയയപ്പുയോഗം റവ. ഫാദർ അബ്രാഹം കിഴക്കൂടൻ (ജൂണിയർ) അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. അനുമോദനപ്രസംഗങ്ങൾക്കു ശ്രീ പോൾ സമുചിതമായ മറുപടി പറഞ്ഞു.

തിരുക്കുടുംബത്തിൻെറയും വി. യൂദാസ് തെദേവൂസ് ശ്ലീഹായുടേയും വി. പത്താംപീയൂസിൻെറയും മാദ്ധ്യസ്ഥത്താൽ എൻെറ സുഖക്കേടിനു് ആശ്വാസമുണ്ടായതിനു് ഉപകാരസ്മരണ.

B. C.

**തൃശ്ശൂർ:** ഷെവലിയർ ഐ ഐ ഇയ്യപ്പൻ കെ എസ് ജി അവർകളുടെ സഹോദരപുത്രിമാർ കുമാരി മേരി ഇട്ട്യേച്ചൻ, അന്ന ഇട്ട്യേച്ചൻ എന്നിവരുടെ വിവാഹം തൃശ്ശൂർ ലൂർദ്പള്ളിയിൽവച്ചു ജൂൺ 17-ാംനു സമംഗളം നടന്നിരിക്കുന്നു. മതിലകത്തു് (ഓലപ്പുറം) ഓ വി സൈമൺ ബി എസ്സി, എ എം ഐ ഇ അവർകളാണ് മേരിയുടെ വരൻ. ഇരിഞ്ഞാലക്കുട (കുററിക്കാട്ട്) കെ വി വർഗീസു് എം എ യാണ് അന്നയുടെ വരൻ. മി. സൈമൺ എറണാകുളത്തു് കോളേജ് ഓഫ് എൻജിനീയറിങ്ങിലെ പ്രിൻസിപ്പലും, മി. വറുഗീസ് മദ്രാസ് ലയോളാ കോളേജിലെ ഒരു പ്രഫസറുമാണ്.



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ അസുഖങ്ങൾ മാറിയതിനു കൃതജ്ഞത

ഉതുപ്പ് ജോസഫ്, പോത്താനിക്കാട്.

## ലൂർദ്ദിലെ സെൻറിനറി ഉൽഘാടനം

ലൂർദ്ദിൽ പരിശുദ്ധ കന്യകമറിയം വിശുദ്ധ ബെന്നർദീത്തായ്ക്കു ആദ്യമായി പ്രത്യക്ഷപ്പെട്ടതിൻെറ ശതവാർഷികം പ്രമാണിച്ചു 1958 ഫെബ്രുവരി 11-ാം തീയതി സെൻറിനറി ആഘോഷങ്ങൾ ഔദ്യോഗികമായി സമുൽഘാടനം ചെയ്യപ്പെടുന്നതാണ്. ആ തീയതിയിലാണല്ലൊ ലൂർദ് നാഥയുടെ തിരുനാളും ആചരിക്കപ്പെടുന്നതു്. സെൻറിനറി സംബന്ധിച്ച റോമയിൽ സംഘടിപ്പിച്ചിട്ടുള്ള സാവ്വത്രികകമ്മററി പുതുതായൊരാഴ്ച്ചകഴിഞ്ഞു് അതിൻെറ പ്രവത്തനങ്ങളിൽ ഏപ്പെട്ടിരിക്കുകയാണ്. സെൻറിനറി തിരുക്കമ്മങ്ങളിൽ സംബന്ധിക്കുന്ന തീത്ഥകരെ ഉദ്ദേശിച്ചു നൽകപ്പെടുന്ന പ്രത്യേകദണ്ഡവിമോചനങ്ങൾ അടുത്തുതന്നെ പ്രഖ്യാപിക്കപ്പെടും. പരിശുദ്ധ പിതാവു് സെൻറിനറി പ്രമാണിച്ചു ലൂർദ് സന്ദശിക്കുമെന്നുള്ള കിംവദന്തി വത്തിക്കാൻ സിററി ഉദ്യോഗസ്ഥന്മാർ നിഷേധിച്ചിരിക്കുന്നു. പരിശുദ്ധ പിതാവിൻെറ പ്രായാധിക്യവും പരിശുദ്ധ പിതാവിനും അവിടുത്തെ പരിവാരങ്ങൾക്കും അവിടെ സൗകയ്യപ്രദമായ താമസസ്ഥലങ്ങളുടെ അഭാവവുമാണ് കാരണങ്ങളായി പ്രസ്താവിക്കപ്പെട്ടിട്ടു്. വത്തിക്കാനിലെ തപാൽവകുപ്പ് ലൂർദ് സെൻറിനറി പ്രമാണിച്ചു ഒരു ഗണം സ്മാരകസ്റ്റാമ്പുകൾ പുറപ്പെടുവിക്കുന്നതായിരിക്കും.

---

ക്കും; താദൃശസന്ദർഭങ്ങളിൽ മനം കലങ്ങാതെ, ഹൃദയം കലുങ്ങാതെ സാഹചയ്യങ്ങളെ അഭിമുഖീകരിക്കുവാനുള്ള ആഹ്വാനമാണ് ശ്ലീഹാ തരുന്നതു്. ഏതാണ്ടു നാല്പതു കൊല്ലം കഴിഞ്ഞു് ഈശോയുടെ നാമത്തെപ്രതി ശ്ലീഹാ മരിച്ചു. മിശിഹായെപ്രതിയാണു മരിച്ചതെന്നു നമ്മൾ കണ്ടില്ല. കാണാതെ വിശ്വസിക്കുന്നവർ മിശിഹായെപ്രതിയും മിശിഹായുടെ നാമത്തിലും മരിക്കും. അവർ ഭാഗ്യവാന്മാർ.



# ഹംഗേറിയൻ വിപ്ളവത്തെപ്പററിയുള്ള

## ഐക്യരാഷ്ട്ര അന്വേഷണക്കമ്മററിയുടെ റിപ്പോർട്ടു്

കഴിഞ്ഞ ശരൽക്കാലത്തു ഹങ്കറിയിൽ "സ്വാഭാവികമായുണ്ടായ ദേശീയവിപ്ലവ"ത്തെ അടിച്ചമർത്താൻ സോവ്യററു യൂണിയൻ "വൻതോതിൽ സായുധമായ ഇടപെടൽ" നടത്തി എന്നു് സ്ഥാപിക്കുന്ന ഐക്യരാഷ്ട്ര അന്വേഷണക്കമ്മീററി റിപ്പോർട്ടു് ജൂൺ 20-ാംതീയതി ന്യൂയോക്കിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

കമ്മീററിയിൽ അഞ്ചു രാഷ്ട്രങ്ങളാണുള്ളതു്. ഇവിടെവച്ചും യൂറോപ്പിൽവച്ചും തെളിവെടുത്തശേഷമാണു് കമ്മീററി ഒന്നരലക്ഷം വാക്കുകളുള്ള ഈ റിപ്പോർട്ടു് തയ്യാറാക്കിയിരിക്കുന്നതു്. ഇപ്പോഴത്തെ ഹങ്കേറിയൻ പ്രധാനമന്ത്രിയായ മി. ജാനോസ് കാദർ "തൊഴിലാളികളുടെ ശക്തി നശിപ്പിക്കാൻ ക്രമേണക്രമേണ നടപടികളെടുത്തുപോരുന്നു" എന്നു് റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ നവംബർ 4-ാംതീയതി സോവ്യററു യൂണിയൻ രണ്ടാമതു് ഇടപെട്ടശേഷം "മി. കാദറിൻെറ ഗവർമ്മെൻറിനു ജനങ്ങളുടെ പിന്തുണയുള്ളതിൻെറ ഒരു ലക്ഷണവുമില്ല" എന്നു് അതിൽ എടുത്തുകാണിച്ചിട്ടുണ്ടു്.

ഡെന്മാർക്കിലെ മി. അലസെൻ അൻഡേഴ്സൻ (ചെയർമൻ) സിലോണിലെ മി. ആർ എസ് എസ് ഗുണവർദ്ധനെ ടുണിഷ്യയിലെ മി മോങ്കിസ്ലിം, ഉറുഗ്വെയിലെ പ്രൊഫസർ എൻറിക് റോഡ്റിഗസ് ഫാബ്രിഗററു്, ആസ്ത്രേലിയായിലെ മി. കെ സി ഒ ഷാൻ എന്നിവരായിരുന്നു കമ്മീററി അംഗങ്ങൾ.

ഹങ്കറിയിൽ കടക്കാൻ മി. കാദറുടെ ഗവമ്മെൻറു് തങ്ങൾക്കനുമതി നിഷേധിച്ചതിൽ കമ്മീററി വ്യസനം രേഖപ്പെടുത്തി. "അതു കാരണം കമ്മീററിക്കു് ആ ഗവർമ്മെണ്ടിനെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ നേരിട്ടറിയാൻ കഴിഞ്ഞില്ല." നടന്ന കാര്യങ്ങളുടെ വസ്തുനിഷ്ഠമായ ഒരു ചിത്രം അവതരിപ്പിക്കണമെന്ന ഉദ്ദേശത്തോടെയാണു് കമ്മീററി അന്വേഷണം നടത്തിയതെന്നു് റിപ്പോർട്ടിൽ പറയുന്നു. അതിനാൽ റിപ്പോർട്ടിൽ സോവ്യററു് ഗവമ്മെൻറിൻെറയും കാദർ ഗവമ്മെൻറിൻെറയും അഭിപ്രായങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടു്. 13 കാര്യങ്ങളിലാണു് കമ്മീററി അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതു്. വിപ്ലവത്തിനു നേതൃത്വം നൽകിയതു് വിദ്യാർത്ഥികളും തൊഴിലാളികളും പട്ടാളക്കാരും ബുദ്ധിജീവികളുമാണെന്നു് മനസ്സിലാക്കിയിരിക്കുന്നു. ഇവരിൽ അധികം പേരും കമ്മ്യൂണിസ്റ്റുകാരോ മുമ്പു് കമ്മ്യൂണിസ്റ്റു് കാരായിരുന്നവരോ ആണു്.

ഹങ്കറിയിലെ പിന്തിരിപ്പൻ ശക്തികളാണു് വിപ്ലവത്തിനു പ്രേരണ നൽകിയതെന്നും പടിഞ്ഞാറൻ സാമ്രാജ്യശക്തികളിൽ നിന്നാണു് അതു ശക്തിയാർജ്ജിച്ചതെന്നുമുള്ള ആരോപണം ശരിയല്ലെന്നു റിപ്പോർട്ടിൽ പറയുന്നു. വിപ്ലവം ഒരുകൂട്ടരുടേയും പ്രേരണയാലല്ലെന്ന കാര്യത്തെപ്പററി തങ്ങൾ കൂലംകഷമായി അന്വേഷണം നടത്തിയെന്നു കമ്മീററി അവകാശപ്പെട്ടു. "റഷ്യയുടെ സായുധമായ ഇടപെടൽ കാരണവും പുറമേനിന്നു് സഹായം ലഭിക്കാഞ്ഞതുകൊണ്ടുമാണു് സ്വാതന്ത്ര്യസമരക്കാരുടെ ശ്രമങ്ങൾ പരാജയപ്പെട്ടതെ"ന്നു് കമ്മീററി എടുത്തു കാണിക്കുന്നു.

അമേരിക്കയുടെ ആഭിമുഖ്യത്തിലുള്ള പ്രക്ഷേപണസജ്ജീകരണങ്ങളെക്കുറിച്ചു കമ്മീററി പറഞ്ഞതു് "ചില പ്രക്ഷേപണങ്ങൾ പുറമേനിന്നു സഹായം ലഭിക്കുമെന്ന ധാരണ ഹങ്കറിക്കാരിൽ ഉളവാക്കി" എന്നാണു്. അത്തരം പരിതസ്ഥിതികളിൽ രാഷ്ട്രാന്തരീയ പ്രക്ഷേപണങ്ങളിൽ അങ്ങേയററത്തെ നിയന്ത്രണവും കരുതലും ഉണ്ടായിരിക്കണമെന്നു കമ്മീററിക്കു തോന്നുന്നു.

"വിപ്ലവം മുൻകൂട്ടി ആസൂത്രണം ചെയ്തതായിരുന്നില്ല അതു് പെട്ടെന്നാണുണ്ടായതു്. സോവ്യററു് യൂണിയനിൽനിന്നു കൂടുതൽ സ്വാതന്ത്ര്യമായി നിൽക്കാൻ നടത്തിയ വിപ്ലവത്തിൽ പോളണ്ടിനുണ്ടായ വിജയവും കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ കേന്ദ്രക്കമ്മീററിയുടെ ഒന്നാംസെക്രട്ടറി മി. എർണോഗെരോ ഒക്ടോബർ 23-ാംതീയതി യൂഗോസ്ലാവിയയിൽനിന്നു മടങ്ങിയെത്തിയശേഷം ചെയ്ത പ്രസംഗത്തെ സംബന്ധിച്ചുണ്ടായ നിരാശയുമാണു് വിപ്ലവത്തിനു കാരണമായതു്. ഒക്ടോബർ 22-ാംനു വിദ്യാർത്ഥികൾ പ്രകടിപ്പിച്ച പൊതുജനാഭിലാഷങ്ങളെ സംബന്ധിച്ചു് കമ്മ്യൂണിസ്റ്റുപാർട്ടി സെക്രട്ടറി പ്രസംഗത്തിൽ അനുഭാവപൂർണ്ണമായ ഒരു മനോഭാവം കൈക്കൊള്ളുമെന്നാണു് എല്ലാവരും ആശിച്ചിരുന്നതു്. സായുധമായ ഇടപെടൽ നടത്താൻ സോവ്യററു് അധികൃതന്മാർ ഒക്ടോബർ 20-ാംനു-യായപ്പോഴേക്കും തയ്യാറായിക്കഴിഞ്ഞിരുന്നുവെന്നു്റിപ്പോർട്ടിൽ പറയുന്നു. അന്നുമുതൽക്കേ പടനീക്കങ്ങളുടേയൊ അതിനുള്ള ഉദ്ദേശത്തിൻേറയൊ തെളിവുകൾ കാണുന്നുണ്ടു്. ആദ്യത്തെ ഇടപെടലിനുതന്നെ ഹങ്കറിക്കു പുറത്തുള്ള സോവ്യററു സൈന്യത്തെ ഉപയോഗിച്ചിരുന്നു.

# ഹങ്കറിയിലെ ഇന്നത്തെ സ്ഥിതി

## അടിമവേലത്താവളങ്ങളും ജയിലുകളുമെല്ലാം രാഷ്ട്രീയബന്ധികളെക്കൊണ്ടു നിറഞ്ഞുകവിഞ്ഞു

ഒരു മ്യൂണിക്കു് റിപ്പോർട്ടിങ്ങനെ പറയുന്നു:- ഹംഗറിയിൽ നിന്നിയിടെ രക്ഷപെട്ട ദൃക്സാക്ഷികളിൽനിന്നു ലഭിച്ച വിവരങ്ങളുടെ വിശകലനത്തിൽനിന്നു മനസ്സിലാകുന്നതു്, ഹംഗറിയിലെ അടിമവേലത്താവളങ്ങളും ജെയിലുകളും തടങ്ങൽ പാളയങ്ങളും ആയിരക്കണക്കിനു രാഷ്ട്രീയ തടവുകാരെക്കൊണ്ടു് നിറഞ്ഞു കവിഞ്ഞിരിക്കയാണെന്നത്രേ.

ചുരുങ്ങിയ കാലത്തേക്കുണ്ടായിരുന്ന രാഷ്ട്രീയശാന്തതയുടെ കാലത്തു പൂട്ടപ്പെട്ട പാളയങ്ങൾ എല്ലാം വീണ്ടും തുറന്നുകഴിഞ്ഞു. കഴിഞ്ഞകൊല്ലം നടന്ന സോവ്യററു വിരോധ ലഹളകൾക്കുശേഷം അറസ്റ്റുചെയ്ത അനേകായിരങ്ങളെ പാർപ്പിക്കാൻ പുതിയ പാളയങ്ങൾ സ്ഥാപിക്കയും ചെയ്തിട്ടുണ്ടെന്നാണു് റിപ്പോർട്ടുകളെല്ലാം പറയുന്നതു്. രാഷ്ട്രീയകുററങ്ങൾ ആരോപിച്ചു് നിർബന്ധിതമായ തടങ്ങലിൽ വച്ചിരിക്കുന്നവരായി കുറഞ്ഞപക്ഷം 40,000 പേരെങ്കിലും ഉണ്ടെന്നു് അതിസൂക്ഷ്മമായ കണക്കുകൂട്ടലിൽനിന്നു കാണുന്നു. ഈ സംഖ്യ 60,000 വരെയും പോകാവുന്നതാണു്.

രഹസ്യപ്പോലിസ് അഥവാ എ. വി. എച്ചു്. രാജ്യത്താകെ നൂറിലധികം രാഷ്ട്രീയ തടവുകൾ നടത്തുന്നുണ്ടു്. കൂടാതെ 12 അടിമവേലത്താവളങ്ങളും കുറഞ്ഞപക്ഷം രണ്ടു വലിയ തടങ്ങൽപാളയങ്ങളുമുണ്ടവർക്കു്. ഏററവുംവലിയ തടങ്ങൽപാളയങ്ങളിൽ ഒന്നു് ബുഡാപ്പെസ്റ്റിനു നേർകിഴക്കു് കിത്താർക്സാ എന്ന ഗ്രാമത്തിലാണു്. അതിലിപ്പോൾ പതിനായിരത്തോളം തടവുകാരുണ്ടെന്നു കണക്കാക്കാം. വിപ്ലവക്കമ്മീററികളുടെയും തൊഴിലാളി കൗൺസിലുകളുടെയും അംഗങ്ങളെ തടങ്ങലിൽ വയ്ക്കുന്ന മുഖ്യകേന്ദ്രമാണു് കിസ്റ്റാർക്ക്സാ പാളയം. ഹംഗറിയിൽ സോവ്യററു് റഷ്യ സൈനികമായി ഇടപെട്ടശേഷം, കാദർ ഗവമ്മെൻറു് ഈ കൗൺസിലുകളും കമ്മററികളും നിയമഭ്രഷ്ടമാക്കി എന്നതു് പ്രസ്താവ്യമത്രേ. കിസ്റ്റാർക്സാ പാളയം വിപുലീകരിക്കയുംബുഡാപ്പെസ്റ്റിൽനിന്നും 200 കിലോമീററർ തെക്കുകിഴക്കുമാറി സെഗേദിനടുത്തു് പുതിയൊരു പാളയം പണികഴിച്ചുകൊണ്ടിരിക്കയുമാണെന്നു് റിപ്പോർട്ടുകൾ സ്ഥിരീകരിക്കുന്നു. പുതിയ പാളയത്തിൽ പതിനായിരം തടവുകാരെ പാർപ്പിക്കാമത്രെ. മറെറാരു തടങ്കൽപാളയം ജാസ്ബെറേനിയിലാണെന്നാണു് അറിവു്. അതിൻെറ സൗകര്യങ്ങൾ മുഴുവൻ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

രാഷ്ട്രീയതടവുകാരെ പാർപ്പിക്കുന്ന നാലു ജെയിലുകളെങ്കിലും ബുഡാപ്പെസ്റ്റിലുള്ളതായി അറിവുണ്ടു്. ഫോളത്കാ, ഗ്യൂച്ചോ ഫോഗാസ്, സാൽക്കാ മാത്തേലാക് താന്യാ, മോസോന്യത്സാ എന്നിവയാണവ. ബുഡാപ്പെസ്റ്റിൻെറ ഉപാന്തത്തിലുള്ള സാബാദ്സ്ഛേഗിയിൽ എ. വി. എച്ചു്. ൻെറ യാതനാകേന്ദ്രങ്ങളുണ്ടെന്നാണു് കേൾവി. ബുഡാപ്പെസ്റ്റിനു വെളിയിലുള്ള ഏററവും മോശപ്പെട്ട രണ്ടു രാഷ്ട്രീയജയിലുകൾ ഒന്നു ബുഡാപ്പെസ്റ്റിനു് 70 കിലോമീററർ വടക്കു് മാരിയാനോസ്ട്രായിലും മററതു് 120 കിലോമീററർ തെക്കു് കലോക്സായിലുമുള്ളവയാണു്.

രാഷ്ട്രീയ തടവുകാരുടെ തടങ്ങൽകാലം അവരുടെ പേരിൽ ആരോപിച്ച കുററത്തിൻെറ ഗുരുലഘുത്വം അനുസരിച്ചു് ഏറിയും കുറഞ്ഞും ഇരിക്കും. ചിലർ ഹംഗറിയിലെ കോടതികൾ വിധിച്ച ശിക്ഷയാണനുഭവിക്കുന്നതു്. എന്നാൽ മററുള്ളവരെ സംശയത്തിന്മേൽ പിടിച്ചു് അനിശ്ചിതകാലത്തേക്കു് തടങ്ങലിൽ വച്ചിരിക്കയാണു്. ചോദ്യം ചെയ്യലിനു വിധേയരായി ഏതാനും ദിവസം കഴിച്ചുകൂട്ടുന്ന ചിലരുമുണ്ടു്. ചോദ്യം ചെയ്യലിലിരിക്കുന്നവരേയും കേസു തീരുമാനിച്ചിട്ടില്ലാത്തവരേയും ബുഡാപ്പെസ്റ്റിലെ ഫോളത്കാ ജയിലിൽ പാർപ്പിച്ചിരിക്കുന്നതായി വിശ്വാസ്യമായ അറിവു ലഭിച്ചിട്ടുണ്ടു്. പുതിയൊരു വിപ്ലവം ആസൂത്രണം ചെയ്തവരെന്നു് സംശയിച്ചു പിടിച്ച 15000 പേർ ഇക്കൊല്ലത്തെ വസന്തകാലത്തു്, ഗ്യൂച്ചോഫോഗാസ് ജയിലിലുണ്ടായിരുന്നു.

നഗരങ്ങളിൽനിന്നും നാട്ടുമ്പുറങ്ങളിൽനിന്നും വന്ന രാഷ്ട്രീയ തടവുകാരുടെ സംഖ്യകൾ തമ്മിൽ താരതമ്യം ചെയ്താൽ കൂടുതൽ പേരും ഹംഗറിയിലെ അസംഖ്യങ്ങളായ ഗ്രാമങ്ങളിൽനിന്നു വന്നവരാണെന്നു കാണാം. വിപ്ലവത്തിൽ കൊല്ലപ്പെട്ടവർ ഓരോ ഗ്രാമത്തിൽനിന്നും ഒന്നോ രണ്ടോ പേർ മാത്രമാണു്. എന്നാൽ ഓരോ ഗ്രാമത്തിൽനിന്നും എ. വി. എച്ചു് അറസ്റ്റു് ചെയ്തവരുടെ എണ്ണം മൂന്നുമുതൽ പതിനഞ്ചു വരെയാണു്. ഗ്രാമങ്ങളിൽനിന്നു ബലാല്ക്കാരേണ നീക്കം ചെയ്തവരുടെ ആകെത്തുക 35000 ഓളം വരുമെന്നാണു് കണക്കാക്കുന്നതു്. തടങ്ങലുകളിലുള്ള ഈ ആൾപ്പെരുപ്പത്തെപ്പററി തടങ്ങൽ വിട്ടുപോന്നവരെല്ലാം സാക്ഷിക്കുന്നു. 80 പേർക്കുവേണ്ടി പണുത മുറികളിൽ ഇപ്പോൾ കുറഞ്ഞതു് ഇരുനൂറു പേർ വീതമുണ്ടു്. മാറാൻ മുണ്ടോ, കുളിക്കാൻ വെള്ളമോ മിക്കപേർക്കും കിട്ടുന്നില്ല. തടവുകളിലെ ശുചിത്വം ഏററവും മോശമായ നിലയിലാണു്.

ഗ്രാമങ്ങളിൽനിന്നും ബുഡാപ്പെസ്റ്റിൽനിന്നും പിടിച്ചുകൊണ്ടുപോയ അനേകായിരങ്ങളെപ്പററി യാതൊരു വിവരവും കിട്ടുന്നില്ല. അവരെപ്പററി പിന്നീടൊന്നും കേട്ടിട്ടേയില്ല. സ്റ്റാലിൻതന്ത്രമനുസരിച്ചുള്ള മൃഗീയമായ അടിച്ചമർത്തലിൻെറ ഏററവും മനുഷ്യത്വഹീനമായ വശമിതാണു്.

—o—

## വിനോദശാല



"ശടാ! ഇത്തവണ അവന്മാരു് നമ്മളെയാണല്ലോ പററിച്ചതു്!"

× × ×

അമ്മ:- ജിമ്മീ, നീ ഇന്നു സ്കൂളിൽ പോകുന്നില്ലേ? ദാ ചേച്ചിയെല്ലാം സ്കൂളിൽ പോകാൻ തയാറായിക്കഴിഞ്ഞു.

ജിമ്മി:- അമ്മച്ചീ, ഞാൻ സ്കൂളിൽ പോകുന്നില്ല.

അമ്മ:- അതെന്താ, കഴിഞ്ഞ ആഴ്ചയല്ലേ നിന്നെ സ്കൂളിൽ ചേത്തുള്ളു. ഇത്രവേഗം മടിപിടിച്ചവോ?

ജിമ്മി:- മടിയൊന്നുമല്ലമ്മച്ചീ. എന്തിനാ സ്കൂളിൽ പോകുന്നേ?

അമ്മ:- അതോ? കുഞ്ഞു് പഠിച്ചു മിടുക്കനായി വന്നിട്ടുവേണ്ടേ വലിയ ഉദ്യോഗസ്ഥനാകാൻ. അങ്ങേലെ അച്ചാച്ചൻ ഇന്നാൾ ഉദ്യോഗം കിട്ടി വന്നതു കണ്ടില്ലേ?

ജിമ്മി:- അതിനാ ഞാനും സ്കൂളിൽ പോയേ; എന്നാൽ ഞങ്ങടെ സാറു ഒന്നും പഠിപ്പിക്കുകയില്ല. അയാൾക്കൊന്നും അറിഞ്ഞുകൂടാ. വല്ലപ്പോഴും നടന്നു കുട്ടികളോടു ചോദിച്ചാ അതിയാൻ പഠിക്കണേ, പശുവിനെ എന്തിനു കൊള്ളാം, പട്ടിക്കു എത്ര കാലുണ്ടു്, കോഴിക്കു എത്ര കാലുണ്ടു് എന്നെല്ലാം.

# ഹങ്കറിയിലെ സ്വാതന്ത്ര്യസമരത്തെപ്പററി

## അന്താരാഷ്ട്രീയ സ്വതന്ത്രതൊഴിലാളിസംഘടന

ഹംഗേറിയൻ ദേശീയസമരത്തെ റഷ്യ അടിച്ചമർത്തിയതിനെപ്പററിയുള്ള ഐക്യരാഷ്ട്ര സ്പെഷൽ കമ്മററിയുടെ റിപ്പോർട്ടിനെ ഇൻറർനാഷനൽ കോൺഫെഡറേഷൻ ഓഫ് ഫ്റീ ട്രേഡ്യൂണിയൻസ് (ഐ. സി. എഫ്. ടി. യു) ശക്തിപൂർവ്വം പിന്താങ്ങിയിരിക്കുന്നു. കഴിഞ്ഞ ഒക്ടോബറിലും നവംബറിലും ഹംഗറിയിലുണ്ടായ സംഭവങ്ങളെപ്പററിയുള്ള കൂലങ്കഷവും നിർഭയവുമായ അപഗ്രഥനത്തിനു് ഐ. സി. എഫ്. ടി. യു. റിപ്പോർട്ടിനെ അഭിനന്ദിച്ചിട്ടുണ്ടു്. ഹംഗേറിയൻവിപ്ലവത്തിൻെറ പ്രാരംഭം മുതൽ ഐ. സി. എഫ്. ടി. യു. വും ലോകത്തിലെ സ്വതന്ത്രട്രേഡ്യൂണിയനുകളും എടുത്തിട്ടുള്ള നിലപാടു് റിപ്പോർട്ടിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. പ്രത്യേകിച്ചും ഈ വിപ്ലവം തികച്ചും ജനകീയ സ്വഭാവത്തോടുകൂടിയതാണെന്ന കാര്യത്തിൽ തങ്ങളുടെ ജീവനും ഭാഗധേയങ്ങളും നിയന്ത്രിക്കുന്നതിനുള്ള അവകാശം തങ്ങൾക്കാണെന്നു് നിർഭയം പ്രഖ്യാപിക്കുന്നതിനുള്ള ദേശവ്യാപകമായ പ്രസ്ഥാനത്തിൻെറ അനന്തരഫലമാണതു്. ഹംഗേറിയൻ ജനതയെ മർദ്ദകരിൽനിന്നും മോചിപ്പിക്കുന്ന തിനു വേണ്ടി ലോകത്തെ യുദ്ധത്തിൽ ആഴ്ത്തുവാൻ സുബോധമുള്ള യാതൊരാളും, ഹംഗേറിയൻ തൊഴിലാളികൾ തീർച്ചയായും അഭിലഷിക്കുന്നില്ല. എന്നാൽ സ്വതന്ത്രലോകത്തിൽ പൊതുജനാഭിപ്രായം കഴിയുന്നത്ര വിപുലമായ തോതിൽ സംഘടിപ്പിക്കേണ്ടതുണ്ടു്. ഇക്കാര്യത്തിൽ ഐക്യരാഷ്ട്രസമിതിക്കു് ഒരു പ്രത്യേകോത്തരവാദിത്വം ഉള്ളതുമാകുന്നു. ഇതിൻെറ ഫലമായുണ്ടാകുന്ന സമ്മർദ്ദം കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിലെ ജനങ്ങളിലും പരോക്ഷമായി അവരുടെ ഗവർമ്മെണ്ടുകളിലും ഉണ്ടാകാതിരിക്കുകയില്ല. ഹംഗറിയിൽ സ്വാതന്ത്ര്യം അടിച്ചമർത്തപ്പെടുന്നതിനെ പ്രതിഷേധിക്കുവാനും ഹംഗേറിയൻ ജനതയോടു സഹാനുഭൂതി പ്രദർശിപ്പിക്കുവാനും ഐ. സി. എഫ്. ടി. യു. യാതൊരു അവസരവും പാഴാക്കുന്നതല്ല.


**Xavier Labour Relations Institute**
**Jamshedpur, Bihar**

The Xavier Institute of Labour Relations offers an M. A. degree from Bihar University in Labour and Social Welfare. This year the Institute has been empowered by the Central Government to give diploma in Industrial Relations which will be recognized for the purposes of employment under the Factories Act. Both courses are Post-Graduate and for a period of two years. At present the hostel accomodation is limited. But a building programme is on its way so as to have a fully established hostel.

As for admissions and additional information
please write to:-

Eugene J. Power, S. J
Registrar.

(16-ാംപേജ് തുടർച്ച)

കൾ. പുല്ലാംകുഴലിൽപോലും പകർത്തിയെടുക്കാൻ പാടില്ലാത്ത മോഹനഗാനം. പിഞ്ചുഹൃത്തടത്തിൽ മോഹത്തിന്റെ മുഖക്കുമ്പുകൾ അങ്കുരിപ്പിക്കുന്ന നീലപ്പൊന്മാൻ! അതിനെ കുററപ്പെടുത്തേണ്ടായിരുന്നു; ആത്മാർത്ഥമായി ഞാനാഗ്രഹിച്ചു. എന്റെ ചിന്തകളെല്ലാം കുരുങ്ങി. ഞാനവയെല്ലാം അഴിച്ചഴിച്ചു പരിശോധിച്ചു. എല്ലാം വെട്ടിത്തിരുത്തുവാൻ തീരുമാനിച്ചു. തൂലിക അതിന്റെ പ്രവൃത്തി യഥാവസരം നിർവ്വഹിച്ചു—എല്ലാം വെട്ടിത്തള്ളി.

ഞാൻ സൂക്ഷിച്ചുനോക്കി; വെട്ടും കുത്തുമുള്ള ചില കടലാസ്സുകൾ. എന്റെ ഹൃദയം തകർന്നു. പ്രതീക്ഷകൾ കരിഞ്ഞു. വേദനയോടുകൂടി എന്റെ ഹൃദയം അനാരതം മിടിച്ചു.

തോട്ടിറമ്പിലിരുന്നു് ചില മണ്ഡൂകങ്ങൾ എന്നെ കളിയാക്കി. എനിക്കു വാശിയായി. ഒരു കഥ എഴുതിയേ എന്റെ തൂലിക താഴത്തുവയ്ക്കു എന്നു ഞാൻ നിശ്ചയിച്ചു. ചിന്തയുടെ സുന്ദരഊഞ്ഞാലിലേക്കു ഞാൻ കയറിയിരുന്നു. പക്ഷെ ആടുന്നില്ല. ഇനിയും ഞാനെന്തുചെയ്യും?

എനിക്കു ദേഷ്യംവന്നു. എങ്കിലും വീണ്ടും ഞാൻ സമാധാനിച്ചു. ചിന്താമൂകയായി ഏറിയസമയം ഞാനങ്ങനെയിരുന്നു. "ചേച്ചി" പിന്നിൽനിന്നു് ഒരു വിളി ഉയർന്നു. സ്നേഹംമുററിയ ആ വാക്കുകൾ എന്റെ കൊച്ചനിയത്തിയുടേതാണെന്നെനിക്കു മനസ്സിലായി എങ്കിലും ഞാൻ തിരിഞ്ഞുനോക്കിയില്ല.

"ചേച്ചി" എന്നോടു ചേർന്നുനിന്നുകൊണ്ടവൾ വിളിച്ചു. ഞാൻ മിണ്ടിയില്ല.

എന്തൊക്കെയോ വികാരങ്ങൾ അവളുടെ ഹൃദയത്തിലും കൂടുകെട്ടി. "ചേച്ചീ, ചേച്ചിക്കെന്നോടു പിണക്കമാണോ?" ശാന്തമായവൾ ചോദിച്ചു.

ഞാനെത്രനേരം മൂകയായിരിക്കും. അവളുടെ ഓരോ വാക്കുകളും എന്റെ ഹൃദയത്തെ അലിയിച്ചു. ഞാനവളുടെ തുവക്ത്രത്തിലേക്കു നോക്കി. ചില ചുവപ്പുരേഖകൾ തെളിഞ്ഞുകാണാമായിരുന്നു. "എന്റെ പൊന്നു ജെസിയല്ലേ" ഞാനവളെ ആശ്വസിപ്പിച്ചുകൊണ്ടു് ആലിംഗനംചെയ്തു.

"ചേച്ചിക്കെന്നോടു കെറുവാണോ?"

"എന്റെ അനിയത്തിയോടു് എന്തിനാ ഞാൻ കെറുവിക്കുന്നതു്?"

"ഞാൻ വിളിച്ചിട്ടു പിന്നെന്താ മിണ്ടാഞ്ഞതു്?"

"ജെസി എന്താ പറയുമെന്നറിയുവാൻ."

"ഉം, കള്ളം."

"നേരു്."

അപ്പോഴേക്കുമവളുടെ മുഖം പ്രസന്നമായി. അവളുടെ അധരങ്ങൾക്കിടയിൽ ഒരു പുഞ്ചിരിപ്പൂ വിരിഞ്ഞു. അവളെന്തൊക്കെയോ പ്രതീക്ഷകളോടുകൂടിയാണു് വന്നുനില്ക്കുന്നതെന്നു എനിക്കു മനസ്സിലായി. പക്ഷെ എന്റെ ആശകളെല്ലാം വാടിക്കരിഞ്ഞു. എനിക്കൊരു കഥയെഴുതണം. അതിനുവേണ്ടി ഞാൻ ചിന്തിച്ചു ആശയതന്തുക്കളെല്ലാം പൊട്ടിത്തകർന്നു. എന്റെ ഹൃദയം വേദനിച്ചുരുകി. എന്റെ കൊച്ചനിയത്തിയും ഇതാ എന്നെ ശല്യപ്പെടുത്തുന്നു. എന്റെ കരളിന്റെ കരളാണവൾ; ഞാനവളുടേയും. ഞാനെന്തെങ്കിലും പറഞ്ഞാൽ അവൾ വാവിട്ടു കരയും. പിന്നെ ഞാനെന്തു ചെയ്യും?

"ചേച്ചീ, വാ കുരുവീ......എന്ന പാട്ടൊന്നു പാടിക്കെ." അവൾ പുസ്തകം തുറന്നെന്റെ മടിയിൽ വച്ചു. ഞാൻ മൗനമായിരുന്നതേയുള്ളു. അവൾ എന്റെ കവിൾത്തടത്തിൽ ചുംബിച്ചുകൊണ്ടു് വീണ്ടും യാചിച്ചു: "പാടിക്കെ ചേച്ചീ."

ഞാനവളുടെ ആഗ്രഹം സാധിച്ചില്ലെങ്കിൽ അവൾ കരയും. പക്ഷേ, ഞാനെന്തുചെയ്യും? സൂര്യനസ്തമിക്കാൻ ചില നിമിഷങ്ങളെ ഉള്ളു. മന്ദസമീരണൻ തെങ്ങോലകളിൽ തത്തിക്കളിക്കുന്നു. മണ്ഡൂകങ്ങൾ വെല്ലുവിളിയെന്നോണം ഉറക്കെ ശബ്ദിച്ചു.

ഞാനെന്തൊക്കെയാണു ചെയ്യേണ്ടതെന്നു് എനിക്കുതന്നെ അറിയുവാൻ പാടില്ല. ജെസിയോടെന്തെങ്കിലും സാന്ത്വനവാക്കുകൾ പറഞ്ഞാൽ അവൾ അനുസരിക്കുമോ? എന്തോ? ഏതായാലും ഒന്നു പറഞ്ഞുനോക്കാമെന്നു നിശ്ചയിച്ചു. അപ്പോഴേക്കും വീണ്ടും അവളുടെ ആഗ്രഹം ഉണർത്തുകയായി "പാടിക്കേ ചേച്ചീ."

"ജെസീ, ഞാൻ പിന്നെ പാടി കേൾപ്പിക്കാം."

അവളുടെ മുഖം വാടി. കണ്ണുകൾ നിറഞ്ഞു. ദീർഘമായി അവളൊന്നു നിശ്വസിച്ചു. ഏതു ശിലാഹൃദയത്തേയും അലിയിപ്പിക്കുമാറു്, എന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് സൗദാമിനിപോലെ അപ്രത്യക്ഷയായി.

അവൾ പിണങ്ങിപ്പോയതാണെന്നെനിക്കു മനസ്സിലായി. പക്ഷേ, പിന്നെ ഞാൻ വിളിക്കുമ്പോൾ അവൾ കുണുങ്ങിക്കുണുങ്ങി വരാതിരിക്കയില്ല. ഞാൻ ആശ്വസിച്ചു.

വീണ്ടും ഞാൻ ചിന്തയിൽ മുഴുകി. എനിക്കൊരു പ്ലാൻ കിട്ടി. ആ ആശയത്തിനു പൊടിപ്പും, തൊങ്ങലുംവച്ചുകൊണ്ടു് ഒരു കഥ എഴുതാൻ തീരുമാനിച്ചു. വെമ്പിനിന്ന എന്റെ തൂലിക വേഗത്തിൽ ചലിച്ചു.

മുറിക്കുള്ളിൽനിന്നു് ഒരു ദുഃഖരോദനം കനത്ത ഭിത്തികളെപ്പോലും മരവിപ്പിച്ചുകൊണ്ടു് എന്റെ കണ്ണുത്തിലെത്തി. അതു ജെസിയുടേതാണെന്നെനിക്കു മനസ്സിലായി. "ജെസീ" ഞാൻ വിളിച്ചു. ഏങ്ങിയേങ്ങിക്കരയുകമാത്രം! എന്റെ ഹൃദയചഷകം പൊട്ടിത്തകർന്നു. ഞാൻ എഴുന്നേററു് അവളുടെ അടുത്തെത്തി. "ജെസീ" ഞാൻ വിളിച്ചു ഒരു കതകിന്റെ പാളിയോടു ചേർന്നിരുന്നു് അവൾ ഏങ്ങിയേങ്ങിക്കരയുന്നു! എന്റെയും കണ്ണുകൾ നിറഞ്ഞു. "ജെസീ, നീയിത്ര മണ്ടിയാണോ?" അവളുടെ കൈക്കു ഞാൻ പിടിച്ചുയർത്തി. എന്റെ കരം അവൾ ഉതറിമാററി. അവളെന്നോടു ആത്മാർത്ഥമായി പിണങ്ങി. ഞാനവളെ കോരിയെടുത്തുകൊണ്ടുവന്നു കസേരയിൽ ഇരുത്തി.

സൂര്യനസ്തമിച്ചു. പലതും പറഞ്ഞു ഞാൻ ജെസിയെ സമാധാനിപ്പിച്ചു. അവസാനം അവളുടെ അധരയുഗളത്തിൽ ഒരു പുഞ്ചിരി അലിഞ്ഞുചേർന്നു. എനിക്കാശ്വാസമായി. ഇനിയും ഞാനവളെ സങ്കടപ്പെടുത്തുമോ എന്നറിയാനെന്നോണം അവൾ ആവശ്യപ്പെടുകയാണു്: "ചേച്ചീ ഒന്നു പാടിക്കേ" എന്നു്.

"പാടാം" ഞാൻ പാടി.

"ചേച്ചി ഇനീം എന്നെ കരേപ്പിക്കുമോ?"

"ഒരിക്കലുമില്ല." ഞാൻ പ്രതിജ്ഞചെയ്തു. ആനന്ദതുന്ദിലയായി അവളെന്നെ ചുംബിച്ചു. ഞാനവളെയും. അപ്പോഴേക്കും ആകാശത്തൊരു വെള്ളിനക്ഷത്രം മിന്നിത്തെളിയുന്നുണ്ടായിരുന്നു; ഞങ്ങളുടെ ജീവിതത്തിനു് ഒരു കൈത്തിരിയായി. എന്റെ പ്രതിജ്ഞയെ നിറവേററുവാൻ ഞാൻ കടപ്പെട്ടവളാണു്. എന്നെ പരാജയപ്പെടുത്താതെ, അല്ലയോ, വെള്ളിനക്ഷത്രമേ, കൈത്തിരിയുമായി നീ എന്നെന്നും മായാതെ നില്ക്കണമേ!




# റഷ്യയിലേയും ചൈനയിലേയും കമ്മ്യൂണിസ്റ്റ് ശക്തികൾ കൂട്ടിമുട്ടുമോ?

സോവ്യററു യൂണിയനും കമ്മ്യൂണിസ്റ്റ്ചൈനയും തമ്മിൽ ആദർശപരമായ കാര്യങ്ങളിൽ വിടവുകൾ വർദ്ധിച്ചുവരുന്നതായിട്ടാണു് ആധുനികസംഭവങ്ങൾ വെളിവാക്കുന്നതു്. പൂർവ്വയൂറോപ്പിലെ സോവ്യററ ധീനരാഷ്ട്രങ്ങളെല്ലാംതന്നെ മോസ്കോയിലെ പൊളിററു്ബ്യൂറോയുടെ സ്വേച്ഛാപരമായ നിയന്ത്രണത്തിലാണല്ലോ കഴിഞ്ഞുകൂടിയിരുന്നതു്. കഴിഞ്ഞ കൊല്ലത്തിലുണ്ടായ ഹങ്കേറിയൻ വിപ്ലവം ഈ സ്ഥിതിവിശേഷത്തെ പാടെ തകർക്കുകതന്നെചെയ്തു. മാത്രമല്ല റഷ്യയുടെ യൂറോപ്യൻ പ്രശ്നങ്ങളിൽനിന്നു പുറത്തു അകററിനിർത്തിയിരുന്ന ചൈനാക്കു അതുവഴി അകത്തു കടക്കുന്നതിനും അവസരമുണ്ടായി. ചൈനക്കു കിട്ടിയ ഈ അവസരം അതു ശരിയായി വിനിയോഗിച്ചുകൊണ്ടാണിരിക്കുന്നതും. പൂർവ്വയൂറോപ്യൻ രാജ്യങ്ങളിൽ ചൈനയുടെ സ്വാധീനം അടിക്കടി വർദ്ധിച്ചുവരുന്നുണ്ടു്. ഇതു കാലാന്തരത്തിൽ ഒരു റഷ്യൻ—ചൈനീസ് സംഘട്ടനത്തിൽ ചെന്നവസാനിക്കാൻ വളരെ സാദ്ധ്യതയുണ്ടെന്നാണു് രാജ്യതന്ത്രജ്ഞന്മാരായ നിരീക്ഷകരുടെ അഭ്യൂഹവും അനുമാനവും.

ചൈനീസ് അസംബ്ലിയിലെ ജനകീയപ്രതിനിധികളുടെ ഒരു സംഘം യൂറോപ്പിലെ റഷ്യൻ ഉപഗ്രഹരാജ്യങ്ങളിൽ രണ്ടരമാസത്തെ പര്യടനം പൂർത്തിയാക്കി ഈയിടെ മടങ്ങിയെത്തി. പിൻചെംഗ് അവർകളായിരുന്നു സംഘമേധാവി. അസംബ്ലിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ അദ്ദേഹം ക്രൂഷ്ചേവിന്റെ അഭിപ്രായത്തിൽനിന്നു വളരെ വ്യതിരിക്തമായ ഒരു നിലപാടാണു് ആവിഷ്കരിച്ചിട്ടുള്ളതെന്നു കാണാം. "ഏതെങ്കിലും ഒരു രാജ്യത്തിലോ ഒരു പാർട്ടിയിലോ അഥവാ സഹോദരിരാജ്യങ്ങൾ തമ്മിലോ പാർട്ടികൾ തമ്മിലോ പലപ്രശ്നങ്ങളെ സംബന്ധിച്ചും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവുക എന്നതു അസാധാരണമല്ല" എന്നാണു് സിംഗ് ഹുവാ എന്ന ചൈനീസ് ന്യൂസ് ഏജൻസി അതു് റിപ്പോർട്ടുചെയ്തതായി 57 ഏപ്രിൽ 2-ാംതിയതി പ്രവദാപത്രം ഉദ്ധരിക്കുകയുണ്ടായതു്. സോവ്യററു കാമ്പിൽപെട്ട എല്ലാ രാജ്യങ്ങളും അനുഗമിക്കത്തക്കവണ്ണം സോവ്യററു യൂണിയൻ വെട്ടിത്തുറന്നിട്ടുള്ള "രാജപാഥ"യിൽ നിന്നുള്ള ഒരു വ്യതിയാനമാണല്ലോ ഈ അഭിപ്രായം പ്രകടമാക്കുന്നതു്. ആദർശപരമായ പ്രശ്നങ്ങളിലും മാർക്സിസം—ലെനിനിസം സംബന്ധിച്ച വ്യാഖ്യാനങ്ങളിലും കമ്മ്യൂണിസ്റ്റ് ബ്ലോക്കിൽപെട്ട രാജ്യങ്ങളിലെല്ലാം സുസ്ഥിരവും പരിപൂർണ്ണവുമായ ഐക്യം ഉണ്ടായിരിക്കണമെന്നു ഏതാനുംമാസങ്ങൾക്കു മുമ്പു ഒരു ക്രെംലിൻതിസ്സിസ് പ്രഖ്യാപിതമായിട്ടുണ്ടു്. ചൈനീസ് പൊളിററു്ബ്യൂറോ അതിനോടു യോജിക്കുന്നില്ല എന്നുള്ള ഉദ്ധൃതനിഗമനം വളരെ അർത്ഥവത്തായ ഒന്നാണു്.

മോസ്കോ-പീക്കിംഗ് ബന്ധത്തിനു ശക്തിയായ ഒരു പ്രഹരമായിരുന്നു പോളിഷ് പ്രൈംമിനിസ്റ്റർ സിറാങ്കിയേവിസിന്റെ നേതൃത്വത്തിൽ ചൈനാസന്ദർശിച്ച പോളിഷ്ഗവമ്മേണ്ടു ഡലഗേഷന്റെ ആഗമനം. പോളിഷ് പാർട്ടിനേതൃത്വം സ്വീകരിച്ചിട്ടുള്ള സോഷ്യലിസത്തിലേക്കുള്ള മാർഗ്ഗം അതിന്റെ സ്വന്തരീതിയിലുള്ള ഒന്നാണു്. യുഗോസ്ലാവിയായുടെ മാതൃകയാണു് അതിനു പഥ്യമായിരിക്കുന്നതു്. പോളിഷ്അമ്പാസിഡർ മി. ഗെഡെ മോസ്കോയിൽ ചെയ്ത ഒരു പ്രസംഗത്തെ നിരൂപണംചെയ്തുകൊണ്ടു് ഈ ഏപ്രിൽ 21-ാംതിയതി പ്രവദപത്രം പ്രസ്താവിച്ചതു്, "തൊഴിലാളികൾ സ്വയംഭരണം നടത്തുന്ന സ്ഥാപനങ്ങൾ രൂപവൽക്കരിച്ചുകൊണ്ടു് ജനകീയസമ്പ്രദായത്തിലുള്ള നിയന്ത്രണം നടപ്പാക്കുന്ന" ഒരു പരിഷ്കാരമാണതെന്നാണു്. ജനാധിപത്യവ്യവസ്ഥിതിയിലേക്കുള്ള ഈ കാൽവയ്പിൽ സോവ്യററുയൂണിയൻ പ്രദർശിപ്പിച്ച അലസമനോഭാവത്തിൽ ധൈര്യംപൂണ്ടിട്ടാവണം പോളിഷ് പ്രിമിയർ ഗോമുൽക്കാ ഒരു സംഘത്തെ പീക്കിംഗിലേക്കു പറഞ്ഞയക്കുകയും ക്രെംലിന്റെ സമ്മർദ്ദത്തെ ചെറുക്കുന്നതിനു പീക്കിംഗിന്റെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തതു്. സിറാങ്കിവിസ് അദ്ദേഹത്തിന്റെ ദൗത്യം വിജയപൂർവ്വം നിർവ്വഹിച്ചു. പോളിഷ് തൊഴിലാളിക്കക്ഷി (കമ്മ്യൂണിസ്റ്റ്)ക്കു് അതിന്റെ സ്വന്തമായ അഭിപ്രായം പാലിക്കുന്നതിനും ക്രൂഷേവിന്റെ "രാജപാഥ"യെ ഉപേക്ഷിച്ചു അതിനു സ്വന്തമായ സോഷ്യലിസ്റ്റ് മാർഗ്ഗം അവലംബിക്കുന്നതിനും അവകാശമുണ്ടെന്നു പീക്കിംഗ് പൊളിററുബ്യൂറോ അനുകൂലിച്ചഭിപ്രായപ്പെട്ടു. മാത്രമല്ല സന്ദർശനത്തിന്റെ അവസാനത്തിൽ പ്രസിദ്ധപ്പെടുത്തിയ പോളിഷ്-ചൈനീസ് സംയുക്ത കമ്മ്യൂണിക്കേയിൽപീക്കിംഗ് പോളണ്ടിനു അതിന്റെ ഓഡർ-നിസെ അതിർത്തിസംബന്ധിച്ചു ഒരുറപ്പു നൽകുകയും ചെയ്തു. ഇപ്രകാരം ചൈന കമ്മ്യൂണിസ്റ്റു ബ്ലോക്കിൽ പ്രമുഖമായതും സോവ്യററുയൂണിയനോടു കിടപിടിക്കത്തക്കതുമായ ഒരു രാജ്യത്തിന്റെ നിലപാടാണു സ്വീകരിച്ചതു്. ക്രീസ്തൂൻ വോയ്സ് എന്ന ഒരു പോളിഷ്പത്രം ജൂൺ 2-ാംതിയതി പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ, മാവോസെതുങ്ങ് പൂർവ്വയൂറോപ്പിൽ മോസ്കോ പ്രകടമാക്കുന്ന അധീശത്വമനസ്ഥിതിയെ നിശിതമായി വിമർശിച്ചതായി പരസ്യപ്പെടുത്തിയിരിക്കുന്നു. ഈ പ്രസംഗം സോവ്യററു് പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായില്ല. ഇന്നത്തെ സ്ഥിതിഗതികൾ ഗ്രഹിക്കുന്നതിനു ഇവയെല്ലാം സഹായകമാണു്.

പൂർവ്വയൂറോപ്പിലെ ഈ മനോഭാവത്തെ വിശദമാക്കുന്ന വേറൊരു തെളിവു് ഇക്കൊല്ലം മേയ്ദിനത്തിലെ പരേഡ് സംബന്ധിച്ചു വാർസോയിൽ ഗൊമുൽക്കാ ചെയ്ത പ്രസംഗമായിരുന്നു. അതിൽ റഷ്യയെ സംബന്ധിച്ച പ്രസംഗവശാൽ അദ്ദേഹം പറഞ്ഞു, യു. എസ്. എസ്. ആർ. "നമ്മുടെ അയൽവാസിയും, മിത്രവും, സ്നേഹിതനു"മാണെന്നു്. പക്ഷെ ചൈനയെപ്പററിയുള്ള അനുസ്മരണം വളരെയധികം അനുമോദനപരവും വർണ്ണനാത്മകവുമായിരുന്നു. മേയ് 4-ാംതിയതിയിലെ പ്രവദാപത്രംതന്നെ അതു റിപ്പോർട്ടു ചെയ്തതു് ഇപ്രകാരമാണു്: "അതു് ലോകത്തിലെ ഏററം മികച്ച രാജ്യവും, ചൈനയിലെ ജനകീയ റിപ്പബ്ലിക്കു് പോളണ്ടിലെ ജനകീയ റിപ്പബ്ലിക്കിന്റെ ഒരാപ്തമിത്രവുമാണു്." പീക്കിംഗ് ഗവമ്മെണ്ടു് ലോകകമ്മ്യൂണിസത്തിന്റെ നേതൃത്വത്തിൽ സോവ്യററു യൂണിയനെപ്പോലെതന്നെ ഒരു സ്ഥാനം അതിനുണ്ടെന്നു ഭാവിക്കുന്നുണ്ടെങ്കിലും സോഷ്യലിസ്റ്റു രാജ്യങ്ങൾതമ്മിൽ എന്തെങ്കിലും ഗൗരവമായ സംഘട്ടനങ്ങൾ സൃഷ്ടിക്കുന്നതിനു തല്ക്കാലം അതഭിലഷിക്കുന്നില്ല എന്നുള്ളതു് വാസ്തവമാണു്. മാത്രമല്ല സോവ്യററു യൂണിയൻമായി അതിനുള്ള സുഹൃൽബന്ധങ്ങളെ വിച്ഛേദിക്കുന്നതിനോ, അതിന്റെ വ്യാവസായികവികസനത്തിനായി റഷ്യയിൽനിന്നു ലഭിച്ചുകൊണ്ടിരിക്കുന്നധാരാളമായ സഹായങ്ങളെ അപകടത്തിലാക്കത്തക്കഒരുസ്ഥിതിവിശേഷം ആവിർഭവിപ്പിക്കുന്നതിനോ അതിനുദ്ദേശമില്ലതാനും. ഈ സാഹചര്യങ്ങളിൽ ഏപ്രിൽ 9-ാം തിയതി പീക്കിംഗിൽനിന്നു എ. എഫ്. പി. വാർത്താ സംഘം, മാവോ സെ തുങ്ങ് വാർസോ സന്ദർശിക്കുവാൻ ഉദ്ദേശിക്കുന്നതായി അറിയുന്നു എന്നു ഒരു വാർത്ത പ്രസിദ്ധപ്പെടുത്തി. ഏപ്രിൽ 11-ാം തിയതി നെവുസെർച്ചർ സീടംഗ് എന്ന പത്രവും അതു പ്രസിദ്ധീകരിച്ചു. ഉടനെ യു. എസ്. എസ്. ആർ. സുപ്രീം സോവ്യററു് ചെയർമാൻ വൊറോഷിലോവു് ഔദ്യോഗിക സന്ദർശനത്തിനും സൗകര്യപ്പെടുന്നക്ഷം ഒരു കോൺഫറൻസ് നടത്തുന്നതിനുമായി പീക്കിംഗിലേക്കു പുറപ്പെട്ടു. ഈ സന്ദർശനത്തെ റഷ്യൻ പത്രങ്ങൾ യു. എസ്. എസ്. ആറും ചൈനയുമായുള്ള അവിചരിന്നവും സനാതനവുമായ മൈത്രീബന്ധത്തിന്റെ മകുടോദാഹരണമെന്നു പ്രകീർത്തിക്കയും ചെയ്തു. മേയ് 4-ാം തിയതി പ്രവദ റിപ്പോർട്ടുചെയ്ത മാവോയുടെ ഒരു പ്രസംഗത്തിൽ "ചൈനയിലെയും റഷ്യയിലേയും ജനങ്ങളുടെ ദൃഢമായ മൈത്രീബന്ധം" അവികലം തുടരുന്നു എന്നു പ്രസ്താവിച്ചതായി പറയുന്നുണ്ടു്. ഈ രണ്ടുരാജ്യങ്ങളും തമ്മിൽ ഈയിടെ കൂടുതൽ ഐക്യവും അഭിപ്രായയോജിപ്പും ബാഹ്യലോകം ദർശിക്കാതെയും ഇരിക്കുന്നില്ല.

സംഭവങ്ങൾ എങ്ങിനെയെല്ലാമിരുന്നാലും, പീക്കിംഗിന്റെ ആദർശസിദ്ധാന്തങ്ങൾ അതിന്റേതാ

(ശേഷം 7-ാംപേജിൽ)

ആഖ്യായിക




## അദ്ധ്യായം 23 (തുടർച്ച)

## ക്ലാവുദിയായുടെ ദുസ്സ്വപ്നങ്ങൾ

(വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി.)

വിവിധചിന്തകൾ പീലാത്തോസിന്റെ ഏത്തടത്തിൽ അലതല്ലുകയിൽ നഥാനിയേൽറാബിയുടെ ശബ്ദധോരണി അദ്ദേഹത്തിനു കേൾക്കാമായിരുന്നു. "ജനങ്ങളുടെയിടയിൽ രാജദ്രോഹബുദ്ധി വിതച്ചുകൊണ്ടു് ഈ മനുഷ്യൻ ഗലീലിയിൽനിന്നു് യൂദിയായുടെ മദ്ധ്യഭാഗംവരെ പോക്കും വരവും പലപ്രാവശ്യം കഴിച്ചിരിക്കുന്നു. ഇസ്രായേൽസന്തതികളുടെ ജാഗരൂകത ഒന്നുകൊണ്ടുമാത്രമാണു് വിപ്ലവം ജനങ്ങളുടെയിടയിൽ നടമാടാത്തതു്."

ഗവർണ്ണരുടെ പിമ്പിൽ നിന്നിരുന്ന മാർക്കസ് അദ്ദേഹത്തിന്റെ കർണ്ണങ്ങളിൽ മന്ത്രിച്ചു: "പ്രൊക്കുറയിററർ, ഈ മനുഷ്യനെ അവിടുത്തെ പിടിയിൽനിന്നു വിട്ടയക്കേണമെന്നു വിചാരമുണ്ടോ?"

"വിട്ടയച്ചേക്കാം, നീറുത്തിയുണ്ടെങ്കിൽ" പീലാത്തോസ് താണസ്വരത്തിൽതന്നെ മറുപടിനൽകി.

"നീറുത്തിയുണ്ടു്. ഈ മനുഷ്യൻ നസ്രത്തുകാരനാണു്. നസ്രത്തു് ഗലീലിയിലുമല്ലേ? ഹേറോദിന്റെ അധികാരസീമയിലാണല്ലോ ഗലീലി. ഇയാളെ ഹേറോദിന്റെ സന്നിധിയിലേക്കയക്കാം" മാർക്കസ് അഭിപ്രായപ്പെട്ടു.

"ഹേറോദിപ്പോൾ എവിടെയുണ്ടു്?"

"അദ്ദേഹം തിരുനാൾപ്രമാണിച്ചു് ജറുസലേമിൽ എത്തിയിട്ടുണ്ടു്. ഇപ്പോൾ അദ്ദേഹത്തിന്റെ കൊട്ടാരത്തിൽതന്നെയാകുന്നു."

പീലാത്തോസ് സിക്രട്ടറിയുടെ ഉപദേശം സ്വീകരിച്ചു. അനന്തരം ശബ്ദിക്കാതിരിക്കുവാൻ റാബി നഥാനിയേലിനോടു് ആംഗ്യം കാണിച്ചിട്ടു ചോദിച്ചു: "ഈ ഈശോ നസ്രത്തിൽനിന്നു വന്നുവെന്നു് നിങ്ങൾ പറഞ്ഞില്ലയോ?"

"ഉവ്വ്, പ്രൊക്കുറയിററർ."

"നസ്രത്തു് ഗലീലിയിലല്ലേ?"

"അതെ, ഗലീലിയിൽവച്ചാണു് ഇയാൾ ആദ്യമായി ജനങ്ങളെ പ്രക്ഷോഭണത്തിനു പ്രേരിപ്പിച്ചതു്."

"ആ സ്ഥിതിക്കു് ഇയാളെ കുററക്കാരനെന്നനിലയിൽ നിങ്ങൾ എന്റെ മുമ്പാകെ ഹാജരാക്കിയതിനെന്തുബന്ധം? ഗലീലിയിലെ ഗവർണ്ണർ ഈ ജറുസലേമിലുണ്ടു്. ഗലീലിക്കാരുടെ കുററവിസ്താരം നടത്തേണ്ടതദ്ദേഹത്തിന്റെ ചുമതലയാണു്. ഞാൻ ഈ പ്രതിയെ ഹേറോദുരാജാവിന്റെ പക്കൽ അയച്ചേക്കാം. അദ്ദേഹം നിങ്ങളുടെ മതവിശ്വാസിയാണു്, നിങ്ങളുടെ സമുദായത്തിലെ അംഗവുമാണു്. ഇയാളിൽ നിങ്ങൾ ആരോപിക്കുന്ന കുററങ്ങൾ എന്നെക്കാളെളുപ്പത്തിൽ മനസ്സിലാക്കുവാൻ ഒരുപക്ഷെ അദ്ദേഹത്തിനു സാധിച്ചേക്കും."

നഥാനിയേൽ അധരങ്ങൾ കൂട്ടിക്കടിച്ചു. ഈ സംഭവവികാസം അദ്ദേഹത്തിനൊട്ടും രസിച്ചില്ല. പ്രൊക്കുറയിററുടെ തന്ത്രം നഥാനിയേൽറാബി മനസ്സിലാക്കി. ഗലീലിയിലെ രാജാവും ഗവർണ്ണരും എന്ന നിലയിൽ കഴിഞ്ഞ ഹേറോദിനു പുരോഹിതവൃന്ദത്തിന്റെപേരിൽ മൊത്തത്തിൽ ശക്തിയായ വെറുപ്പുണ്ടായിരുന്നുവെന്നും അവരുടെ ഏതെങ്കിലും ഉദ്ദേശം വിഫലമാക്കുവാൻ ആ രാജാവു് കിട്ടാവുന്ന അവസരമൊക്കെ സസന്തോഷം ഉപയോഗിക്കുമെന്നും നഥാനിയേലിനറിയാമായിരുന്നു. നസ്രായനു വധശിക്ഷ കല്പിക്കുവാൻ ഹേറോദിനെക്കാളധികം സന്നദ്ധത പീലാത്തോസ് പ്രകടിപ്പിക്കുമായിരുന്നുവെന്നുള്ള പരമാർത്ഥവും അദ്ദേഹം ഗ്രഹിച്ചിരുന്നു. ഏതായാലും ഹേറോദിന്റെ പക്കൽ പോകുകയെന്ന അനർത്ഥം ഒഴിവാക്കണമെന്നായിരുന്നു റാബിയുടെ ആഗ്രഹം. നഥാനിയേൽ വാദം തുടർന്നു: "ഈ മനുഷ്യൻ ഗലീലിയിൽതന്നെ ജനിച്ചു. അവിടെ പ്രസംഗിക്കുകയും ചെയ്തു. പക്ഷെ അയാളുടെ പ്രധാനപാതകങ്ങൾ യൂദിയായിൽവച്ചത്രെ നടന്നതു്. ആകയാൽ നീതിയും നിയമവും അനുസരിച്ചു് അയാളുടെ കുററവിസ്താരം ഇവിടെയാണു നടക്കേണ്ടതു്."

പീലാത്തോസ് കർശനഭാവത്തിൽ പ്രസ്താവിച്ചു: "റാബി, എന്റെ തീരുമാനം കേട്ടല്ലോ. ഈ പ്രതിയെ ഗലീലിഗവർണ്ണരുടെസമക്ഷം ഹാജരാക്കുന്നതായിരിക്കും."

പീലാത്തോസ് മുഖംതിരിഞ്ഞു് സിക്രട്ടറിയോടുകൂടി ശാലയിലേക്കു നടന്നു. പ്രതിയെ ശരിയായ ബന്തവസ്സിൽ ഹേറോദിന്റെ പക്കലേയക്കുവാൻ മാർക്കസിനു നിർദ്ദേശംനൽകുകയുംചെയ്തു ഒരുസംഘം റോമൻഭടന്മാർ അവിടേക്കാനീതരായി. ജനസംഘം തടവുകാരനെ ആവശ്യത്തിലധികം സമീപിക്കുവാനനുവദിക്കരുതെന്നും അവരിൽനിന്നു് നസ്രായനു യാതൊരുപദ്രവവും ഉണ്ടാകരുതെന്നും പീലാത്തോസ് ഭടനായകനെ വിളിച്ചേല്പാടുചെയ്തു. അടിവച്ചുനീങ്ങിയ ഭടസംഘത്തിനിരുവശവും ചാട്ടവിശി ആഫ്റിക്കൻയോദ്ധാക്കൾ ജനങ്ങളെ അകററി. ജനങ്ങൾ മുറുമുറുത്തു, പുരോഹിതന്മാർ പിൻവാങ്ങി, ചത്വരാങ്കണം പ്രായേണ വിജനമായി.

പീലാത്തോസും സിക്രട്ടറിയും അരമനയ്ക്കുള്ളിൽ പ്രവേശിച്ചപ്പോൾ പ്രൊക്കുറയിററർ മാർക്കസിനെ അഭിനന്ദിച്ചു: "മാർക്കസ്കുഞ്ഞേ, ആ സൂത്രം നന്നായി. ഇനി ആ മനുഷ്യനോടു് അവർ ഇഷ്ടംപോലെ എന്തും ചെയ്യട്ടെ. എന്നെ സംബന്ധിച്ചിടത്തോളം അയാൾ എന്നെ ഭഗ്നോത്സാഹിയാക്കുകതന്നെചെയ്തു. അയാൾ എന്തുകൊണ്ടു് കാര്യം തുറന്നുപറഞ്ഞില്ലാ? അതോ കുററവിസ്താരത്തിനായി ഹാജരാക്കപ്പെടുമ്പോൾ ആരോപണത്തിൽനിന്നൊഴിയുവാൻ ഒന്നും ശബ്ദിക്കാതിരിക്കുകയാണോ ഈ യഹൂദപ്പരിഷയുടെ മുറ?"

"അവർ സ്വയരക്ഷാർത്ഥം വാദിക്കാറുണ്ടു്, വളരെ ശക്തിപൂർവ്വംതന്നെ. യഹൂദരുടെ രഹസ്യകുററവിസ്താരച്ചടങ്ങു് അങ്ങു് ഒരിക്കൽ കാണണം. അതു തീർച്ചയായും വിനോദകരമായിരിക്കും. യഹൂദർ സംഭാഷണചതുരരാണു്. ഈ ഈശോയാകട്ടെ വളരെ സമർത്ഥനും വാഗ്മിയുമായ ഒരു പ്രസംഗകർത്താവായിട്ടാണറിയപ്പെടുന്നതു്."

"അതാണല്ലോ കാര്യം ദുരിദുർഗ്രഹമാക്കിത്തീർക്കുന്നതു്. അയാൾ കുറഞ്ഞൊന്നു സംസാരിച്ചതു് വെറും വിഡ്ഢിത്തമായിരുന്നു. ഇഹലോകസംബന്ധിയല്ലാത്ത ഒരു രാജ്യം. അർത്ഥശൂന്യം. ആകട്ടെ, താൻ എന്തു വിചാരിക്കുന്നു, ഹേറോദു് ഇയാളെ ശിക്ഷയ്ക്കു വിധിക്കുമോ?"

മാർക്കസ് മന്ദഹസിച്ചുകൊണ്ടുപറഞ്ഞു: "ഒരിക്കലുമില്ല. വധശിക്ഷ സാന്നെദ്രിൻ ആഗ്രഹിക്കുന്നുണ്ടെന്നുള്ള സംഗതി ഞാൻ എന്റെ കുറിപ്പിൽ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. പുരോഹിതസംഘത്തിന്റെ അഭിലാഷം പാടെ നിരാകരിക്കുന്നതു ഹേറോദിനു ആനന്ദകരമാകുവാനേ വഴിയുള്ളൂ, അദ്ദേഹത്തെപ്പററിയുള്ള എന്റെ അറിവു ശരിയാണെങ്കിൽ."

"എന്നെ ആ ഏടപാടിൽനിന്നു് മാററിനിർത്തേണമെന്നേ എനിക്കൊള്ളൂ. മററു കാര്യങ്ങൾ എങ്ങനേയുമായിക്കൊള്ളട്ടെ. തങ്ങളുടെ കാര്യത്തിനു പ്രാബല്യം വർദ്ധിപ്പിക്കുവാൻവേണ്ടി പുരോഹിതർ ഇത്രയധികം ആളുകളെ ശേഖരിച്ചതു് ഏതായാലും വിസ്മയാവഹമായിരിക്കുന്നു" പീലാത്തോസ് പ്രസ്താവിച്ചു.

"ജനാവലി തെരുവിലെ വനിതയെപ്പോലെ സ്ഥിരതയില്ലാത്തതാണല്ലോ. തീർച്ചയായും ഈ പ്രാകൃതജനത്തിൽ ഒട്ടുവളരെപ്പേർ നസ്രായന്റെ പൂർവ്വാനുയായികളിൽ പെട്ടിരുന്നു. കൂടാതേയും ദേവാലയഭണ്ഡാരത്തിൽ ധാരാളം പണം ചെന്നുചേരുന്നുണ്ടു്. അതിൽ ഒരുഭാഗം ആവശ്യംപോലെ കോഴയും പാരിതോഷികവുമായി വിനിയോഗിക്കുകയുംചെയ്യാം."

"ഒരുപക്ഷെ ബറാബ്ബാസിന്റെ ആളുകളിലും ഒരുഭാഗം ഇവിടെ കൂടിയിരുന്നിരിക്കാം" പീലാത്തോസ് അഭിപ്രായപ്പെട്ടു. "അവർ ഈ യേശുവും ബറാബ്ബാസും, വൈരികളായിരുന്നില്ലേ?" അദ്ദേഹം ചോദിച്ചു.

"ആയിരുന്നു. എങ്കിലും ഇരുവരും അവനവനു തോന്നിയവിധം യഹൂദന്മാരെ സഹായിക്കുവാൻ ആഗ്രഹിച്ചു. തങ്ങളുടെ പ്രവാചകന്മാരെ വധിക്കുകയെന്നതു് യഹൂദരുടെയിടയിൽ ഒരാചാരമായിത്തീർന്നിട്ടുണ്ടു്" മാർക്കസ് പറഞ്ഞു.

"എല്ലാ ജനസമുദായങ്ങളും അവരവരുടെ പ്രവാചകന്മാരെ വധിക്കുന്ന സമ്പ്രദായം സ്വീകരിച്ചിരിക്കുന്നതായി തോന്നുന്നു. സോക്രട്ടീസിന്റെ കാര്യം ആലോചിക്കു." ചിന്താപൂർവ്വം ഇത്രയും പ്രസ്താവിച്ചിട്ടു പീലാത്തോസ് സിക്രട്ടറിയിൽനിന്നു പിരിഞ്ഞു് സ്വന്തം മുറിയിലേക്കുപോയി. കരിനിറച്ച പിത്തളച്ചട്ടികൾക്കുസമീപം ശയ്യാവലംബിയായി തീകായുന്നതിനുവേണ്ടി

അദ്ദേഹം മഞ്ചത്തിൽ സ്ഥാനം പിടിച്ചു വളരെ കഴിയുന്നതിനു മുമ്പു് ക്ലാവുദിയാ അവിടെ എത്തി.

"ഇത്ര നേരത്തെ അങ്ങയുടെ ജോലി കഴിഞ്ഞോ?" അവർ ചോദിച്ചു.

"ജോലി എന്തായിരുന്നുവെന്നറിഞ്ഞോ?"

"ഞാനന്വേഷിച്ചറിഞ്ഞു. ഈ ഭയങ്കരന്മാർ അവരുടെ പ്രവാചകനെ ബന്ധിച്ചു് അദ്ദേഹത്തെ വധത്തിനുവിധിച്ചു. അവരുടെ വിധി അങ്ങു സ്ഥിരീകരിച്ചില്ലല്ലോ? ഉവ്വോ?"

ക്ലാവുദിയാ ഒരു കസേരയിലിരുന്നിട്ടു് ദുഃഖാർത്തയായി തറയിലേക്കുനോക്കി.

"ഈ യഹൂദന്റെ ദിഷ്ടത്തിൽ ഭവതിക്കിത്രയധികം ശ്രദ്ധയോ?"

"ഞാൻ ഇന്നലെ അദ്ദേഹത്തെ സ്വപ്നംകണ്ടു, ബന്ധിതനായി അടിയേല്ക്കുന്ന രീതിയിൽ. അഹോ, ഭീകരം! ഞാൻ എത്രമാത്രമാധിക്കധീനയായിയെന്നു രൂപമില്ല. ഓമൽപീലാത്തോസ്, അദ്ദേഹത്തെ രക്ഷിക്കണേ. അദ്ദേഹം മരിക്കുവാൻ അങ്ങനുവദിക്കുന്നപക്ഷം നമ്മുടെ തലയിൽ ഇടിത്തീ വീഴും, സംശയമില്ല."

ഭാര്യയുടെ ഈ യാചന പീലാത്തോസിനു വൈരസ്യഹേതുവായി. എങ്കിലും അതു പ്രകടിപ്പിക്കാതിരിക്കുവാൻ അദ്ദേഹം ഉത്സാഹിച്ചു.

"ക്ലാവുദിയാ, അസ്വസ്ഥയാകാതിരിക്കു. ഒരു യഹൂദനെപ്രതി ഭവതി ഈവിധം ആകുലിതയാകുന്നതുചിതമല്ല." ഏതാനും നിമിഷത്തേക്കു് നിശ്ശബ്ദനായശേഷം പീലാത്തോസ് ചോദിച്ചു: "സ്വപ്നം വ്യാഖ്യാനിക്കുന്നതിനു മറിയ ഭവതിയുടെകൂടെ ഇല്ലായിരുന്നോ?"

"ഉവ്വ്, മറിയ എന്റെകൂടെയുണ്ടായിരുന്നു."

"ഞാൻ അങ്ങനെ ചിന്തിച്ചു. മറിയ ഈ മനുഷ്യനിൽ അനുരക്തയാണു്."

"പീലാത്തോസ്, ഇത്ര വൃത്തികെട്ട കാര്യം ശബ്ദിക്കുവാൻ നിങ്ങളുടെ നാവിനെങ്ങനെ സാധിച്ചു? മറിയയുടെ സ്വഭാവം അങ്ങെത്രമാത്രം തെററിദ്ധരിച്ചിരിക്കുന്നു. മിശിഹാ അവൾക്കാരാണെന്നുള്ളതിനെപ്പററി അങ്ങതെല്ലും ചിന്തിച്ചിട്ടില്ല. ഒരു സാധാരണമനുഷ്യനെ സംബന്ധിക്കുന്ന കാര്യങ്ങളല്ല ഇവിടെ പര്യാലോചനാവിഷയമായിരിക്കുന്നതെന്നങ്ങേക്കു ഗ്രഹിക്കരുതോ?"

"മിശിഹാ! മിശിഹാസ്ഥാനത്തിനു തീരെ പാററാത്ത രീതിയിലാണു് ഞാൻ ആ മനുഷ്യനെ ദർശിച്ചതു്. എന്റെ ന്യായാസനസമക്ഷം നിന്നിരുന്നതു് ഒരു സാധാരണമനുഷ്യൻ, ദുർഭഗനായ ഒരു മനുഷ്യൻ, മാത്രമായിരുന്നുവെന്നുതോന്നി. ഈ ആളെപ്പററി ഇത്രയധികം കോലാഹലം എങ്ങനെയുണ്ടായിയെന്നെനിക്കു മനസ്സിലാകുന്നില്ല. ഓരോ ആഴ്ചയിലും രണ്ടോ മൂന്നോ യഹൂദപ്രക്ഷോഭകാരികളെ ഞങ്ങൾ കുരിശിൽ തറച്ചു കൊല്ലാറുണ്ടു്. ഈ നസ്രത്തുകാരനെ കുരിശിൽ തൂക്കിക്കൊല്ലുന്നതിനെ ഞാൻ നിരോധിക്കുന്നപക്ഷം അതു് അയാളിൽ ഏതെങ്കിലും അസാധാരണമോ ദിവ്യമോ ആയി ഞാൻ കാണുന്നതുകൊണ്ടായിരിക്കുകയില്ല. അയാളെ ഞാൻ രക്ഷിക്കേണമെന്നു ഏതുകാരണവശാലോ ഭവതിയും മറിയയും ജോസഫും എന്നോടാവശ്യപ്പെട്ടിട്ടുള്ളതുകൊണ്ടും അയാൾ നിരുപദ്രവിയായ ഒരു വിഡ്ഢിയാണെന്നു് ഞാൻ പരിഗണിക്കുന്നതുമൂലവുമായിരിക്കും. ആ ഭാരം ഏതായാലും അയാളെ ഹേറോദിന്റെ പക്കലേക്കയച്ചതിനാൽ എന്റെ തലയിൽനിന്നൊഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. ഈ കാര്യം എനിക്കൊരു സൊല്ലയായി അനുഭവപ്പെടുന്നു."

"അപ്പോൾ ഹേറോദു് അദ്ദേഹത്തെ ശിക്ഷയ്ക്കു വിധിക്കുകയില്ലേ?" ക്ലാവുദിയാ ചോദിച്ചു.

"സാന്നെദ്രിൻ ആവശ്യപ്പെടുന്നതു് ഹേറോദു് പ്രവൃത്തിയിൽ വരുത്തുകയില്ല. എന്റെ ധാരണ അതാണു്. തങ്ങളിൽ ഒരുവൻ ദേവാലയത്തിലെ ഉത്സവത്തിനു പ്രാരംഭമായി കുരിശിൽ തൂങ്ങുന്നതു കാണുവാൻ നിർബന്ധിക്കുന്ന യഹൂദർക്കു് ബറാബ്ബാസിനെ കുരിശിൽ ദർശിച്ചാനന്ദിക്കുവാനിടയാകും. കാരുണ്യമേറിയ ജറുസലേംജനതതി അതുകൊണ്ടു് തൃപ്തിപ്പെടുമെന്നാണെന്റെ പ്രതീക്ഷ."

പീലാത്തോസ് എണീററു് ആ മുറിയിൽനിന്നു് പുറത്തിറങ്ങുവാനൊരുങ്ങുകയിൽ കൊട്ടാരത്തിലെ അടിമകളിൽ ഒരുവൻ ഹാജരായി കാവൽപ്പടയിലെ ഒരു ശതാധിപൻ അവിടെയെത്തിയിട്ടുണ്ടെന്നറിയിച്ചു. ശതാധിപൻ അടുത്തുവരുവാൻ പീലാത്തോസ് അനുമതിനൽകി.

"എന്താ, തടവുകാരനു വല്ല അനർത്ഥവും സംഭവിച്ചുവോ?"

"ഇല്ല, പ്രൊക്കുറയിററർ, ഇപ്പോഴേക്കും അയാൾ ഹേറോദു് തിരുമനസ്സിലെ പക്കൽ എത്തിയിരിക്കണം. വേറൊരുകാര്യം ഉണർത്തിക്കുവാനുണ്ടു്. ഉന്നതാചാര്യൻ ഹന്നാസിനെ അങ്ങു സ്വീകരിക്കുമോയെന്നറിവാൻ അദ്ദേഹത്തിന്റെ ഒരു ദൂതൻ കാത്തുനില്ക്കുന്നുണ്ടു്."

ആശ്ചര്യഭരിതനായിത്തീർന്ന പീലാത്തോസ് പെട്ടെന്നൊരു മറുപടിയും പറഞ്ഞില്ലാ. ഏതാനും ദിവസങ്ങൾക്കുമുമ്പുമാത്രം താനുമായി സന്ദർശനംനടത്തിയ ഉന്നതാ


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

### ഹെഡ്ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | ” | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | ” | 5,97,150—0—0 |
| പ്രവർത്തനമൂലധനം. | ” | 39,47,506—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. ഏ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. ” കുഞ്ചെറിയാ കെ. പൂരക്കൽ, പുളിങ്കുന്നു്
3. ” മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടൂപറമ്പിൽ, വിളക്കുമാടം
4. ” തോമസ് റ്റി. മാററട്ടുകുളം എം. എ., ചങ്ങനാശേരി
5. ” കുഞ്ചെറിയാ റ്റി. മാററട്ടുകുളം എം. എ., ചങ്ങനാശേരി
6. ” തോമസ് റ്റി. കുരിയാളശ്ശേരിൽ (മാനേജിംഗ് ഡയറക്ടർ)

# "ജേതാക്കൾ"

## കമ്മ്യൂണിസത്തിൻെറ ചൈനയിലെ അരങ്ങേററം

(മാത്യു പുളിക്കൽ എസ്. ജെ.)

രാവും പകലും ചേരുന്ന ഭീകരമുഹൂർത്തം. പറവജാതികൾ അവയുടെ കൂടുകളെ പ്രാപിച്ചുകഴിഞ്ഞു. വൈദ്യുതവിളക്കുകൾ പകലവൻെറ സ്ഥാനം അപഹരിച്ചു. ഏകദേശം അൻപതിനോടടുത്ത ഒരു സ്ത്രീ കല്ലും പടപ്പും ചവുട്ടിമെതിച്ചു ധൃതിയിൽ നടക്കുകയാണ്. എന്തോ ഒന്നു് അവളെ വേദനിപ്പിക്കുന്നുണ്ടെന്നു് ശോകച്ഛായ കലർന്ന അവളുടെ മുഖം വ്യക്തമാക്കുന്നുണ്ടു്. എങ്കിലും അവളുടെ നടപ്പിലും ഭാവത്തിലും ഒരസാധാരണചൈതന്യം കാണ്മാണ്ടു്. ഈ അസമയത്തു് ഏകാകിനിയായ അവളുടെ ഉദ്ദിഷ്ടസ്ഥാനം ഏതായിരിക്കാം.

X X X

"ടോം ഷിയോങ്ങ്" ചൈനയിലെ "ലീജിയൻ ഓഫ് മേരി"യുടെ ഒരു സജീവപ്രവർത്തകനായിരുന്നു. ചൈനയിലെ സൈനികവകുപ്പിൻെറ അദ്ധ്യക്ഷസ്ഥാനത്തേക്കു് ടോമിൻെറ പിതാവായ "ലഫ്ററനൻറു് വൂ"വിനെ ഉയർത്തിയ കാലഘട്ടത്തിലാണ് കമ്മ്യൂണിസ്റ്റ്കാർ ചൈനയിൽ കാൽ കുത്തിയതു്. അനേകവർഷത്തെ നിരന്തരപരിശ്രമങ്ങളുടെ ഫലമായി, അവർ ചൈനയെ തങ്ങളുടെ പരിപൂർണ്ണഅധികാരത്തിൻകീഴിലാക്കി. ആദ്യമാദ്യം ശാന്തതയോടും സ്നേഹത്തോടുംകൂടി അവർ ചൈനാക്കാരോടു വർത്തിച്ചു അവരുടെ പ്രീതിസമ്പാദിച്ചു. പാവപ്പെട്ടവൻെറ ആവശ്യങ്ങളുടെ ഒരു വലിയ പട്ടിക അവർ ജനങ്ങളുടെ മുൻപിൽ സമർപ്പിച്ചു. അതിനൊക്കെ പരിഹാരമാർഗ്ഗവും നിർദ്ദേശിച്ചു. എല്ലാവർക്കും സൗജന്യവിദ്യാഭ്യാസം...... ഇഷ്ടംപോലെ പണം......സ്വന്തം ഭൂമി... ഇവയുടെ മുൻപിൽ ആരാണു തലകുനിക്കാത്തതു്? ചൈന വഞ്ചിക്കപ്പെട്ടു. കൊലയും കൊള്ളിവയ്പും, ശാന്തിയുടേയും നീതിയുടേയും സ്ഥാനം അപഹരിച്ചു. കയ്യൂക്കുള്ള കമ്മ്യൂണിസ്റ്റ്കാരൻ കാര്യക്കാരനായി. അവരുടെ നിർബന്ധനിയമങ്ങൾ "ജനറൽ വൂ"വിനെ ഒരു കമ്മ്യൂണിസ്റ്റ്കാരനാക്കി. ഭരണമേധാവികളെ പ്രീതിപ്പെടുത്തി സ്വജീവിതം സുരക്ഷിതമാക്കുവാൻ, "വൂ" ഒരു മർദ്ദകനായി മാറി.

അയാളുടെ ഭാര്യ "മേരി ഷിയോംങ്ങ്" സാധുജനസംരക്ഷകയും പരോപകാരതല്പരയുമായ ഒരു കത്തോലിക്കാ വനിതയായിരുന്നു. സഭയ്ക്കും സമുദായത്തിനുംവേണ്ടി ധീരസമരം നടത്തിയ ആ വീരയുവതി—"മേരി ഷിയോംങ്ങ്"—ഭർത്താവിൻെറ നിർബന്ധമുണ്ടായിട്ടും, സ്വകുടുംബത്തിൻെറ അപകടനില മനസ്സിലാക്കിയിട്ടും ക്രിസ്തുവിനെ ഒററിക്കൊടുക്കുവാൻ സമ്മതിച്ചില്ല. നശ്വരമായ ഈ ലോക സൗഭാഗ്യങ്ങൾക്കപ്പുറത്തു്, അനന്തവും അനശ്വരവുമായ ഒരു ജീവിതം മനുഷ്യാത്മാവിനെ പ്രതീക്ഷിച്ചിരിക്കുന്നുണ്ടെന്നു് അവൾ നല്ലതുപോലെ മനസ്സിലാക്കിയിരുന്നു. അവളുടെ ഹൃദയാന്തർഭാഗത്തു് എരിഞ്ഞുകൊണ്ടിരുന്ന ദൈവസ്നേഹജ്വാല, സ്വപുത്രൻെറ ഹൃദയത്തിലും പകർത്തുവാൻ അവൾ അതിവശ്രദ്ധാലുവായിരുന്നു. അതിനാൽ സഭാമാതാവിൻെറ ഒരുത്തമസന്താനമായിട്ടാണ് ടോം വളർന്നുവന്നതു്.

സമത്വത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയുംപേരിൽ ആയിരങ്ങളെ കുരുതികഴിച്ചിരുന്ന "ജനറൽ വൂ" വീട്ടമായുള്ള ബന്ധം മറന്നുതുടങ്ങി. അയാളുടെ സാധാരണവാസം കമ്മ്യൂണിസ്റ്റ്ക്യാമ്പുകളിലായി. പാതിരാത്രിക്കും പത്തു വെളുപ്പിനും മിക്കവാറും അടിയന്തിരയോഗങ്ങൾ ഉണ്ടായിരിക്കും. ഒരു സംഘടന നശിപ്പിക്കേണ്ടതെങ്ങിനെയാണു്? പാർട്ടിയുടെ പ്രവർത്തനം വിപുലമാക്കേണ്ടതിനുള്ള പുതിയ നയമെന്താണു്? പുതുതായി എന്തു മർദ്ദനപരിപാടിയാണ് രൂപീകരിക്കേണ്ടതു്? ഏതുവിധത്തിലാണ് സർക്കാരിൻെറ മുതൽ കൂട്ടേണ്ടതു്? ഇങ്ങനെ പലതും ആ യോഗങ്ങളിൽ ചർച്ചാവിഷയമായിരിക്കും. ഇഷ്ടംപോലെ കുടിക്കുവാനും കഴിക്കുവാനുമുള്ള വക അവിടെ ഉണ്ടായിരിക്കുകയും ചെയ്യും. ആ നേതാക്കന്മാർക്കു് അവിടം ഒരു "ഭൗമികപറുദീസ" ആയിരുന്നിരിക്കാം.

ഇങ്ങനെയുള്ള ഒരു യോഗത്തിൽവച്ചാണ് ചൈനയിലെ ഒരു പ്രബലസംഘടനയായ "ലീജിയൻ ഓഫ് മേരി"യുടെ പ്രവർത്തനം തടയുന്നതിനെപ്പററി ആലോചന നടന്നതു്. ആ സംഘടനയെപ്പററിയുള്ള പൂർണ്ണവിവരം, ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥൻ യോഗത്തിൽ സമർപ്പിച്ചു. "യുവാക്കന്മാരും യുവതികളുമുൾപ്പടെ മൂവായിരത്തിൽപരം പേർ അതിൻെറ സജീവപ്രവർത്തകരാണെന്നും, അവരുടെ ത്യാഗസന്നദ്ധതയും, സ്നേഹനിർഭരമായ പെരുമാററങ്ങളും അനേകരെ അവരിലേക്കു് ആകർഷിക്കുന്നുണ്ടെന്നു"മായിരുന്നു റിപ്പോർട്ടിൻെറ ഉള്ളടക്കം. അവരുടെ പ്രവർത്തനം തടയാതെയിരുന്നാൽ പാർട്ടിക്കുണ്ടാകാവുന്ന പരാജയങ്ങളെപ്പററി പത്തു മിനിററു സംസാരിച്ച ശേഷം സി. ഐ. ഡി. ഉദ്യോഗസ്ഥൻ വിരമിച്ചു. പ്രവർത്തകരുടെ ഒരു പട്ടിക കൊടുക്കുവാൻ പ്രസിഡൻറാവശ്യപ്പെട്ടതനുസരിച്ച് സി ഐ ഡി ഉദ്യോഗസ്ഥൻ ഒരു വലിയ ഫയൽ തുറന്നു് പേരുകൾ വായിക്കുവാൻ തുടങ്ങി. പ്രസിഡൻറു്, സെക്രട്ടറി മുതലായ ഉദ്യോഗസ്ഥന്മാരുടെ പേരുകൾക്കുശേഷം കമ്മിററിഅംഗങ്ങളുടെ പേരു വായിക്കുവാൻ ആരംഭിച്ചപ്പോൾ "ജനറൽ വൂ"വിൻെറ മുഖത്തൊന്നു സൂക്ഷിച്ചുനോക്കി.

"ഒന്നു്... ടോം ഷിയോങ്ങ്" ജനറൽ വൂ ഞെട്ടിപ്പോയി. "ജനറൽ വൂവിൻെറ ഏകപുത്രൻ" ഉദ്യോഗസ്ഥൻ പൂർത്തിയാക്കി. എല്ലാവരും ഒന്നുപോലെ ജനറലിൻെറ മുഖത്തേക്കു നോക്കി. പാവം! വിയർത്തുപോയി. അദ്ദേഹം ഒന്നും പറഞ്ഞില്ല.

വളരെയധികം ആലോചനകൾക്കു ശേഷം "ലീജിയൻ" സംഘടനയെ അമേരിക്കൻ ചാരസംഘടനയായി പ്രഖ്യാപിക്കണമെന്നും, "ടോ"മിനെയും അവൻെറ സഹപ്രവർത്തകരേയും അടുത്ത ദിവസം രാവിലെ അറസ്റ്റ്ചെയ്യണമെന്നും സമിതി തീരുമാനിച്ചു.

"ഒന്നുകിൽ അവർ പ്രവർത്തനം നിർത്തിവയ്ക്കണം. അല്ലെങ്കിൽ മരിക്കണം" ഇതായിരുന്നു യോഗത്തിൻെറ അവസാനതീരുമാനം.

"നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യുക" ജനറൽ പിറുപിറുത്തു. പാവം! കമ്മ്യൂണിസ്റ്റ്കാരുടെ കളിപ്പാവയായ അദ്ദേഹം മറെറന്തു പറയും......!

X X X

മകനേ! നീ പോവുക"...സ്വപുത്രൻെറ നിറുകയിൽ ചുംബിച്ചുകൊണ്ടു്, നിറഞ്ഞ കണ്ണുകളോടെ പുത്രവത്സലയായ ആ മാതാവു പറഞ്ഞു. "മർദ്ദനങ്ങളും പീഡകളും നിന്നെ പ്രതീക്ഷിച്ചിരിക്കുന്നുണ്ടാവും. പക്ഷേ," അവൾ സ്വരമുയർത്തിക്കൊണ്ടു പറഞ്ഞു: "ഇതോർമ്മയിലിരിക്കട്ടെ... സഭാമാതാവിനെ ഉപേക്ഷിച്ച് ഒരു വിശ്വാസവഞ്ചകനായിത്തീരുന്നതിൽ ഭേദം......മരണം!..." ആ വാക്കുകൾ അന്തരീക്ഷത്തിൽ മാറെറാലിക്കൊണ്ടു. ടോമിനെ അറസ്റ്റ്ചെയ്യുവാൻ ചെന്ന പോലീസുകാർപോലും ഒന്നു ഞെട്ടി അതു കേട്ടപ്പോൾ. ആ വാക്കുകളുച്ചരിച്ചപ്പോൾ അന്യാദൃശ്യമായ ഒരു ചൈതന്യം ആ മാതാവിൻെറ മുഖത്തു പ്രസരിക്കുന്നതായി ടോം കണ്ടു.

"അമ്മേ!" അവൻ പ്രതിവചിച്ചു, "ഞാൻ അമ്മയുടെ പുത്രനാണെങ്കിൽ, എൻെറ ധമനികളിലെ ഓരോ തുള്ളി രക്തവും ക്രിസ്തുവിനുവേണ്ടി..."

പോലീസുകാർ ടോമിനെ ബന്ധിച്ചുകഴിഞ്ഞു. പടികടന്നപ്പോൾ ടോം അമ്മയെ തിരിഞ്ഞുനോക്കി. ആ കണ്ണുകളിൽനിന്നും ഏതാനും വെള്ളിമുത്തുകൾ അടർന്നുവീണു. രണ്ടായിരം വർഷങ്ങൾക്കപ്പുറം, മനുഷ്യരക്ഷയ്ക്കുവേണ്ടി സ്വപുത്രനെ സ്നേഹത്തിൻെറ ബലിപീഠത്തിൽ സസന്തോഷം ഹോമിച്ച കന്യകാമാതാവിനെപ്പററിയുള്ള ചിന്ത ആ മാതൃഹൃദയത്തിനു ധൈര്യം നൽകി. ആ ധീരമാതാവു് അഭിമാനത്തോടുകൂടി സ്വപുത്രൻ കണ്ണിൽനിന്നു മറയുന്നതുവരെ നോക്കിനിന്നു.

കഷ്ടിച്ചു് ഒരാൾക്കു നിൽക്കുവാൻ മാത്രം ഉയരമുള്ളതും ഇടുങ്ങിയതുമായ ഒരു തടവുമുറിയിലാണ് ടോം തൻെറ പീഡാനുഭവം ആരംഭിച്ചതു്. ശുദ്ധവായു അതിനുള്ളിൽ പ്രവേശിക്കുവാൻപ്രയാസമാണു്. വല്ലാത്ത ദുർഗ്ഗന്ധം അവിടെയെല്ലാം പ്രസരിക്കുന്നുണ്ടു്. എല്ലാദിവസവും രാവിലെ നാലു പടയാളികൾ അവിടെയെത്തും കൈയും കാലും വരിഞ്ഞുകെട്ടി വെള്ളം നിറച്ച ഒരു തൊട്ടിയിൽ അവനെ പിടിച്ചിടും. വെള്ളം കുടിച്ചു ശ്വാസം മുട്ടുമ്പോൾ അവനെ പുറത്തേക്കു വലിച്ചിട്ടു് വയറിന്മേൽ ചവിട്ടും. അവൻ വെള്ളവും ചോരയും ഛർദ്ദിക്കും. ഒടുവിൽ അവനെ മുറിക്കുള്ളിലേക്കു വീണ്ടും എഴുത്തിടും. മൂന്നുദിവസം കൊണ്ടു് ടോം അസ്ഥിമാത്രശേഷനായിത്തീർന്നു.

അന്നൊരു ശനിയാഴ്ചയായിരുന്നു. പതിവുപോലെ പടയാളികൾ അന്നു ടോമിനെ സന്ദർശിച്ചില്ല. വൈകുന്നേരം വാതിൽ തള്ളിത്തുറന്നു് ഒരുദ്യോഗസ്ഥൻ അവൻെറ മുറിക്കുള്ളിൽ കയറി.

"നിങ്ങളാണോ ടോം ഷിയോങ്ങ്?" അയാൾ ചോദിച്ചു.

"അതെ; നിങ്ങൾ?" അവൻ ആരാഞ്ഞു.

"ഞാൻ നിങ്ങളുടെ പിതാവിൻെറ കീഴിൽ ജോലിചെയ്യുന്ന ഒരുദ്യോഗസ്ഥനാണു്. നിങ്ങളുടെ "ലീജിയൻ" അമേരിക്കക്കാരുടെ ഒരു ഗൂഢപ്രവർത്തനസംഘടനയാണെന്നു സമ്മതിക്കുകയും ആ പ്രവർത്തനത്തിൽനിന്നു പിൻവാങ്ങി ഞങ്ങളുടെ പാർട്ടിയിൽ ചേരാമെന്നു് ഉറപ്പുതരുകയും ചെയ്യുന്ന പക്ഷം നിങ്ങളെ വിട്ടയക്കുവാൻ എനിക്കധികാരമുണ്ടു്."

"ഏതാണു നിങ്ങളുടെ പാർട്ടി?" അവൻ ചോദിച്ചു.

"ജനക്ഷേമവും, മനുഷ്യസ്വാതന്ത്ര്യവും മാത്രം ലാക്കാക്കികഴിയുന്ന ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി."

"ജനക്ഷേമം..." അവൻ പിറുപിറുത്തു. "മനുഷ്യനെ മൃഗമാക്കിമാററുന്ന നിങ്ങളാണോ ജനപ്രേമികൾ? ദുർബലരെ വെടിവച്ചു കൊല്ലുന്ന സ്വാതന്ത്ര്യസംരക്ഷകർ! ഹേ! മനുഷ്യാ നിങ്ങൾപോകുക. നിങ്ങളും നിങ്ങളുടെ പാർട്ടിയും ഒന്നോടെ നശിക്കണം... പോകൂ!"

ആ ഉദ്യോഗസ്ഥൻ അവൻെറ കവിൾത്തടത്തിൽ ഒരടികൊടുത്തു. "നായേ!" അയാൾ അലറി... "നീ ഞാൻ പറയുന്നതനുസരിക്കുന്നില്ലെങ്കിൽ നിൻെറ പിതാവിൻെറ ജീവനും അപകടത്തിലാണെന്നോർത്തുകൊള്ളൂ."

"എൻെറ പിതാവെന്തിനു മരിക്കണം?" ചുവന്നു തടിച്ച കവിൾത്തടം തടവിക്കൊണ്ടു് ശാന്തനായി അവൻ ചോദിച്ചു.

"അതാണു കമ്മ്യൂണിസ്റ്റ് നിയമം. ഞാൻ പോകുന്നു. ഒരു മണിക്കൂറിനകം ഞാൻ തിരിച്ചുവരും. ആലോചിച്ചു മറുപടി പറയൂ." ഉദ്യോഗസ്ഥൻ പുറത്തുകടന്നു.

ടോം വല്ലാതെ വിഷമിച്ചു. തൻെറ ഒരു വാക്കിലാണ് സ്വപിതാവിൻെറ ജീവൻ ബന്ധിച്ചിരിക്കുന്നതെന്നോർത്തപ്പോൾ അവൻ വിയർത്തു. സ്വകുടുംബത്തിൻെറ രക്ഷയ്ക്കും ഉയർച്ചയ്ക്കുംവേണ്ടി പാർട്ടിയിൽ ചേർന്നാലോ എന്നവൻ ചിന്തിച്ചു പോയി.

ഒന്നുകിൽ അവനും പിതാവും മരിക്കണം. അമ്മയെ നിരാധാരയാക്കണം. അല്ലെങ്കിൽ അവനൊരു "യൂദാസാ"യി മാറണം. സഭാമാതാവിനെ ഒററിക്കൊടുക്കണം. അവൻെറ ഹൃദയം ഒരു സമരരംഗമായി മാറി. ഒരു വശത്തു് സ്വമാതാപിതാക്കന്മാരോടുള്ള നിസ്സീമമായ സ്നേഹം...മറുവശത്തു് സ്രഷ്ടാവിനോടുള്ള തൻെറ കറയററ കർത്തവ്യം...അവൻ വല്ലാതെ കുഴങ്ങി ചിന്താധീനനായിരുന്ന അവൻ സമയം പോയതറിഞ്ഞില്ല. കതകു വീണ്ടും തുറക്കപ്പെട്ടു.

"എന്താ! നിശ്ചയിച്ചു കഴിഞ്ഞുവോ?"

"ഉവ്വ്". എൻെറ പിതാവെവിടെ?"

ആ ഉദ്യോഗസ്ഥൻെറ മുഖം വികസിച്ചു. "നീയാണു മനുഷ്യൻ" അയാൾ അവനെ അനുമോദിച്ചു. പക്ഷേ, അടുത്തനിമിഷത്തിൽ ഒരു ശബ്ദം "ടോ"മിൻെറ അന്തഃകരണത്തിൽ ആഞ്ഞടിച്ചു. അവൻെറ മാതാവിൻെറ അന്ത്യശാസനമായിരുന്നു അതു്. "സഭാമാതാവിനെ ഉപേക്ഷിച്ച് ഒരു വിശ്വാസവഞ്ചകനായിത്തീരുന്നതിൽ ഭേദം...മരണം"

"ഇല്ല!" ടോം അലറി. "ഇല്ല! ഒരിക്കലുമില്ല. സഭാദ്രോഹിയാകുന്നതിൽഭേദം...മരണം." അഭൗമികമായ ഒരു ചൈതന്യം ആ വാക്കുകളിൽ ദൃശ്യമായിരുന്നു.

ആ ഉദ്യോഗസ്ഥൻ മിഴിച്ചു നിന്നുപോയി.

അടുത്ത നിമിഷത്തിൽ ആ ഇരുമ്പഴികൾ ആഞ്ഞടയ്ക്കപ്പെട്ടു.

അടുത്തദിവസം സന്ധ്യയോടുകൂടി നാലു പടയാളികളുടെ മദ്ധ്യേ ടോം ഒരു വിജനപ്രദേശത്തേക്കാനയിക്കപ്പെട്ടു. ക്രിസ്തുവിനുവേണ്ടി ചോരചിന്തുവാൻ വെമ്പൽകൊള്ളുന്ന ഒരു ക്രിസ്തീയയു

---

ചാര്യൻ വീണ്ടുമൊരു സന്ദർശനത്തിനാഗ്രഹിക്കുകയോ! അതു ദുർഗ്രാഹ്യംതന്നെ. "ഉന്നതാചാര്യനോടു പറയുവാനറിയിക്കൂ, ഞാനദ്ദേഹത്തിനു സ്വാഗതംനൽകുവാൻ സന്നദ്ധനാണെന്നു്. ഉന്നതാചാര്യൻ വരുന്ന സമയം റിപ്പോർട്ടുചെയ്യുകയുംവേണം" പീലാത്തോസ് അടിമയ്ക്കാജ്ഞനൽകി. അദ്ദേഹം ക്ലാവുദിയായുടെനേർക്കു തിരിഞ്ഞു് സംഭാഷണം തുടങ്ങി: "എന്തൊരത്ഭുതം! ഉന്നതാചാര്യൻ ഹന്നാസ് വസന്തയെക്കാളധികം എന്നെ വെറുക്കുന്നുണ്ടു്. നിവൃത്തിയുണ്ടെങ്കിൽ എന്നെ കാണാതെ കഴിക്കുകയാണ് അദ്ദേഹത്തിൻെറ പ്രകൃതം. എന്നാൽ ഇതാ ഒരാഴ്ചയ്ക്കകം രണ്ടാമതും എന്നെ കാണുവാൻ അദ്ദേഹം ആളയച്ചിരിക്കുന്നു. ഇതിൻെറ രഹസ്യമെന്തെന്നു ഭവതിക്കൂഹിക്കാമോ?"

"ഗുരുവിൻെറ കാര്യം പ്രമാണിച്ചു് ഏതോ അഭ്യർത്ഥന അദ്ദേഹത്തിനുണ്ടാവും. അവരുടെ ശിക്ഷാവിധി നടത്തുവാൻ അങ്ങയോടപേക്ഷിക്കുമായിരിക്കും" ക്ലാവുദിയാ പറഞ്ഞു.

"വിഡ്ഢിത്തം! ആ കാര്യം സംബന്ധിച്ചു് മേലിൽ യാതൊന്നും ചെയ്യാൻ ഞാനുദ്ദേശിക്കുന്നില്ലെന്നു ഹന്നാസിനറിയാം. അദ്ദേഹം ഹേറോദിനോടപേക്ഷിക്കട്ടെ. ഈ തന്ത്രശാലി എൻെറ മനസ്സു മാറുമെന്നുദ്ദേശിച്ചിട്ടു കാര്യമില്ല."

പീലാത്തോസ് മുറിയിൽനിന്നിറങ്ങുവാൻ ശ്രമിക്കവേ ക്ലാവുദിയാ അദ്ദേഹത്തിൻെറ കൈപിടിച്ചുകൊണ്ടു് ഉല്ക്കണ്ഠാപരികമ്പിതമായ സ്വരത്തിൽ അഭ്യർത്ഥിച്ചു: "അങ്ങു് അഭിപ്രായം മാറിയാൽ നാം തുലഞ്ഞതുതന്നെ. ഭയങ്കരങ്ങളായ അനർത്ഥങ്ങൾ നാം അഭിമുഖീകരിക്കേണ്ടിവരും. പീലാത്തോസ്, ഗുരുവിനെ രക്ഷിക്കണമേ."

അസാധാരണമായ സ്നേഹാധിക്യത്താൽ ഗവർണ്ണർ പത്നിയുടെ കേശഭാരം താലോലിച്ചു. "ക്ലാവുദിയാ, എന്നാൽ കഴിയുന്നതെല്ലാം ഞാൻ ചെയ്തുകൊള്ളാം."

ഉന്നതാചാര്യനെ സ്വീകരിക്കുവാൻ പുറപ്പെട്ടപ്പോൾ അസ്വാസ്ഥ്യത്തിൻെറ കനത്ത ഒരു ചങ്ങല പീലാത്തോസിനെ ബന്ധിച്ചിരുന്നു. (തുടരും)



പാവിന്റെ ജൈത്രയാത്രയായിരുന്നു അതു്. അനിതരസാധാരണമായ ഒരു തേജസ്സു് ആ മുഖത്തു കളിയാടിയിരുന്നു. ഭയത്തിന്റെ ഒരു ലക്ഷണവും അവനിൽ കാണുവാനുണ്ടായിരുന്നില്ല. പ്രത്യുത, ഒരു ജേതാവിനെപ്പോലെ സുസ്മേരവദനനായിട്ടാണു് അവൻ അവരെ അനുഗമിച്ചതു്. അവർ നിശ്ചിതസ്ഥലത്തെത്തി.

അവനെ ഒരു സ്ഥലത്തുനിർത്തിയശേഷം, ഇരുപത്തിയഞ്ചടിയകലെയായി നിറച്ച തോക്കുകളുമായി മൂന്നു പടയാളികൾ അണിനിരന്നു.

"നിങ്ങൾക്കെന്തെങ്കിലും പറയുവാനുണ്ടോ?" പടനായകൻ ചോദിച്ചു.

"ഉവ്വ് ക്രിസ്തുരാജൻ ജയിക്കട്ടെ"

നിറയൊഴിക്കുവാനായി പടയാളികൾ തോക്കുയർത്തി.

"ഒന്നു്"... പടനായകൻ ആരംഭിച്ചു.

"രണ്ടു്"...

"മകനേ!" ഒരു സ്വരം സ്പഷ്ടമായി കേൾക്കപ്പെട്ടു.

ഹൃദയഭേദകമായ ആ രംഗം കാണുവാൻ വയ്യാഞ്ഞിട്ടോ എന്നു തോന്നുമാറു് ചന്ദ്രൻ മേഘങ്ങൾക്കിടയിൽ ഓടി ഒളിച്ചു.

ഇരുട്ടു്!!!

"അമ്മേ!" പ്രത്യുത്തരം.

അവർ പരസ്പരം ആശ്ലേഷിച്ചു.

"മൂന്നു്".....ആ പടനായകൻ അലറി.

ഠം!...ഠം!...ഠം!

അവർ നിലംപതിച്ചു. സ്നേഹമയിയായ ആ മാതാവും മാതൃഭക്തനായ ആ പുത്രനും.

രണ്ടു മൂന്നു നിമിഷത്തിനുശേഷം, അശക്തമായ ഒരു ശബ്ദം അന്തരീക്ഷത്തിലേക്കുയർന്നു:

"ക്രിസ്തുരാജൻ ജയിക്കട്ടെ!."

—o—

(2-ാംപേജ് തുടർച്ച)

നാട്ടുപ്രദേശമായിത്തീർന്നിരിക്കുന്ന എരുമേലിയിലെ ജനങ്ങൾ കഴിഞ്ഞ 5-6 കൊല്ലമായി സംഘടിതമായി ഇക്കാര്യത്തിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചുവരുന്നു. അൻപതുനൊയമ്പുകാലത്തു് നിലയ്ക്കൽ പ്രദേശത്തേക്കു് അവിടെനിന്നു് ഒരു തീർത്ഥയാത്ര നടത്തിവരുന്നതിനു പുറമെ ഒരു പള്ളിപണിയുവാൻ ഗവമ്മെന്റനുമതിക്കായി ഒരുകൊല്ലംമുമ്പു് അവർ അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടു്. ഇതിനിടയിലാണു് 1942-ൽ പുനരുദ്ധരിക്കപ്പെട്ട നിലയ്ക്കൽക്ഷേത്രസമീപം കണ്ടുപിടിക്കപ്പെട്ട ഒരു പുരാതന കെട്ടിടത്തറ നിലയ്ക്കൽപള്ളിത്തറയാണെന്നവകാശപ്പെട്ടുകൊണ്ടു്, ഏതാനും യാക്കോബായസമുദായാംഗങ്ങൾ അവിടെ ഒരു ദേവാലയസ്ഥാപനത്തിനായി ശ്രമിച്ചുവരുന്നതു്. എന്നാൽ സാക്ഷാൽ നിലയ്ക്കൽ പുരാതനപള്ളിയുടെ സ്ഥാനം അവിടെ ആയിരിക്കാൻ ഇടയില്ലെന്നുള്ള ബോദ്ധ്യത്തിൽ എരുമേലി ഇടവകജനങ്ങൾ അവരുടെ ദേവാലയസ്ഥാനനിർണ്ണയപരിശ്രമം ജാഗ്രതാപൂർവ്വം തുടർന്നുകൊണ്ടിരിക്കയും ചെയ്യുന്നുണ്ടു്.

### സാക്ഷാൽ നിലയ്ക്കൽപള്ളി

മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച സാക്ഷാൽ നിലയ്ക്കൽപള്ളിത്തറ കണ്ടുപിടിക്കുന്നതിനുള്ള യത്നങ്ങൾ, മുമ്പു ലബ്ധമായിട്ടുള്ള അറിവുകളുടെ വെളിച്ചത്തിൽ വിജയസോപാനത്തിലേക്കു ശീഘ്രഗമനം ചെയ്യുന്നവിധമാണു് ഏററവും ഒടുവിലത്തെ അറിവു്. ഒന്നിലധികം ക്രൈസ്തവദേവാലയങ്ങൾ അവിടെ പണ്ടുണ്ടായിരുന്നതിനാൽ തലപ്പള്ളി എന്നറിയപ്പെട്ടിരുന്ന സ്ഥാനത്തിനു് ഇപ്പോൾ ത്ലാപ്പള്ളി എന്നും പ്ലാപ്പള്ളി എന്നും മറ്റുംകൂടി പേർ പറയപ്പെടുന്ന ഏററവും ദുഷ്പ്രാപ്യമായ

പുനരൈക്യസ്മരണകൾ

# ശീശ്മ വലിയ തിന്മയാണ്

(മിസ്സിസ് അന്നാമ്മ ഈപ്പൻ, വെണ്ണിക്കുളം)

(കല്ലിറസ്സൽ അന്നാമ്മ ഈപ്പന്റെ പുനരൈക്യം വെണ്ണിക്കുളത്തും പരിസരങ്ങളിലും ഒരു സംസാരവിഷയമായിരിക്കുകയാണു്. അത്രയ്ക്കു പ്രാധാന്യമുണ്ടു് ആ എഴുപത്തിയെട്ടുകാരി വിധവയുടെ പുനരൈക്യത്തിനു്. അവർക്കു നാട്ടുകാരോടും വീട്ടുകാരോടും അതേക്കുറിച്ചു പറയുവാനുള്ളതിതാണു്. J. A.)

കഴിഞ്ഞ കുംഭമാസത്തിൽ, മാങ്ങാനത്തെ കരുവേലിലച്ചൻ എന്നെ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രൈവറ്റുസെക്രട്ടറിയായിരുന്നു അദ്ദേഹം. മാർച്ച 25-ാം തീയതി അദ്ദേഹം കത്തോലിക്കാസഭയിലെ ഒരു വൈദികനായി. അതെനിക്കു് ഒരു ചിന്താവിഷയമായിത്തീർന്നു. യാക്കോബായസഭയിലെ ഒരു മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായിരുന്ന അതിസമർത്ഥനായ ആ ശെമ്മാശൻ എന്തുകൊണ്ടു കത്തോലിക്കനായി? ഞാൻ അദ്ദേഹത്തോടുതന്നെ ഈ ചോദ്യം ചോദിച്ചു. അദ്ദേഹത്തിൽനിന്നു ലഭിച്ച അറിവു് ഒരുവിധത്തിൽ പറഞ്ഞാൽ എന്നെ ലജ്ജിതയാക്കി. ഓർത്തഡോക്സ്സഭയ്ക്കു യാക്കോബായസഭയുമായി കാര്യമായ ബന്ധമൊന്നുമില്ലത്രെ. കോട്ടയത്തു് ഒരു അസോസ്യേഷൻകൂടി ഒരു നിയമാവലി സൃഷ്ടിച്ചു് അങ്ങനെ ഒരു സഭയുണ്ടാക്കി. അതിനെ ചിലർ ഓർത്തഡോക്സ് എന്നു പേരുവിളിച്ചു. യഥാർത്ഥ യാക്കോബായക്കാർ ആരെന്നു് ആർക്കുമില്ല നിശ്ചയം. അനവധി കേസുകൾ നടത്തിയിട്ടും അതിനൊരു തീരുമാനമായിട്ടില്ല. ഇന്നും കേസുകൾ നടക്കുകയാണു്. കെ സി. മാമ്മൻമാപ്പിളയുടെ മനോധർമ്മത്തിലും ചിന്താഗതിയിലും ഉടലെടുത്ത ഒരു സഭയിൽ അംഗമായിരിക്കുക ഒരു ധർമ്മസങ്കടമല്ലേ?

ഞാനാണെങ്കിൽ ഒരു മാർത്തോമ്മാക്കാരിയായിരുന്നു. യാക്കോബായയിൽ വിവാഹം ചെയ്യിച്ചു പരസ്യകുമ്പസാരത്തോടായിരുന്നു എനിക്കു പ്രതിപത്തി. യാക്കോബായയിൽ ആയതിനുശേഷവും ഞാൻ പള്ളിയിൽ പോകുന്നതും കുർബാന സ്വീകരിക്കുന്നതും മാർത്തോമ്മാപ്പള്ളിയിൽതന്നെയായിരുന്നു. "പാതിരുപേരെ പന്തിയിരുത്തി..." എന്നും മററുമുള്ള പാട്ടു് എനിക്കേറ്റം പ്രിയമായിരുന്നു. എന്റെ പിതാവു് ചാക്കോള മണ്ണിൽവാദ്ധ്യാർ പ്രസിദ്ധനും ഭക്തനുമായ ഒരു മാർത്തോമ്മ്യനായിരുന്നു. പ്രസിദ്ധരായ നിരവധി ശിഷ്യന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു. വട്ടശ്ശേരിതിരുമേനിയും അദ്ദേഹത്തിന്റെ ശിഷ്യപ്രധാനരിൽ ഒരുവനാണു്. പന്ത്രണ്ടു വയസ്സുമുതലേ ഞാൻ ഒരു ഭക്തജീവിതമാണു് നയിച്ചിരുന്നതു്. കുറേക്കഴിഞ്ഞു് വീണ്ടും ഒരു നേർച്ചയും പ്രതിജ്ഞയും കൂടി ഞാൻ നടത്തി. പതിനേഴാംവയസ്സുമുതൽ എന്റെ ജീവിതം ഒരു പ്രത്യേകസരണിയിൽക്കൂടിയായി. സൺഡേസ്കൂളിലും, പ്രസംഗയോഗങ്ങളിലും, സേവികാസംഘങ്ങളിലും, ആളാംപ്രതി വേലയിലും അങ്ങനെ സുവിശേഷജോലിയിൽ തല്പരയായി ഞാൻ ജീവിച്ചുപോന്നു. ഞായറാഴ്ച പരിപൂർണ്ണമായി ഞാൻ വേലകാര്യങ്ങളിൽനിന്നൊഴിഞ്ഞിരുന്നു അന്നേദിവസം മുണ്ടലക്കുക, മുററമടിക്കുക, കന്നുകാലികൾക്കു തീററി അന്വേഷിക്കുക തുടങ്ങി

Thanksgiving



For Favours Received

Excuse delay

Lukose, Vadayar

യവപോലും ഞാൻ ചെയ്തിരുന്നില്ല. അങ്ങനെ ഞാൻ ഒരു തികഞ്ഞ ക്രിസ്തീയജീവിതം നയിച്ചുവരവേ പല വ്യതിയാനങ്ങളുമുണ്ടായി സഭാന്തരീക്ഷത്തിൽ.

മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യം ഒരു വലിയ സംഭവമായിരുന്നു. വെണ്ണിക്കുളത്തും അദ്ദേഹം ഒരു പള്ളി പണിയിച്ചു. അദ്ദേഹത്തെ അനുകൂലിക്കാനും കുറെ ആളുകളുണ്ടായി. എങ്കിലും ഞാനും എന്റെ ഭർത്താവും മക്കളും അതിൽ ചേരുകയില്ലെന്നും ചേരരുതെന്നും ഉറച്ചിരുന്നു. പുതിയ പ്രസ്ഥാനങ്ങളിൽ ചെന്നു് തലയിടുന്നതു് ഒട്ടും അഭിമാനകരമല്ലതന്നെ.

ഏതായാലും എന്റെ അഭിലാഷത്തിനു വിപരീതമായി കാര്യങ്ങൾ കലാശിച്ചു. എന്റെ പെൺമക്കളിൽ ഒരാൾ ഇന്നൊരു കന്യാസ്ത്രീയാണു്. ഞാൻ അവൾക്കൊരു നല്ല വരനെ അന്വേഷിച്ചു കണ്ടുപിടിച്ചിട്ടു് വിവരം അവളെ അറിയിച്ചു. അദ്ദേഹം ഒരു ശെമ്മാശനുമായിരുന്നു. ഏതായാലും അവൾ അതിനു വിസമ്മതിക്കുക മാത്രമല്ല, എന്റെ അറിവും സമ്മതവും കൂടാതെ മഠത്തിൽ പ്രവേശിക്കുകയും ചെയ്തു. അവൾ ഒളിച്ചുപോയതിനെക്കുറിച്ചു എനിക്കു വളരെ അമർഷംതോന്നി. എന്റെ നിശ്ചയം കഠിനപ്പെട്ടു മഠത്തിലെത്തി അവളെ ബലമായി പിൻനയിക്കുന്നതിനു്. അവളുടെ വസ്ത്രങ്ങൾ ഞാൻ കീറിയും ചുട്ടും നശിപ്പിച്ചിട്ടുണ്ടു്. അതെല്ലാംസഹിച്ചു അവൾ ഒരു കന്യാസ്ത്രീയായി. എന്റെ വാശിവർദ്ധിച്ചു. അന്നത്തെ എന്റെ അന്ധതകൾ! വേദപുസ്തകം നാലാവർത്തി വായിച്ച ഞാൻ കത്തോലിക്കരുടെ ഒററ മതഗ്രന്ഥംപോലും വായിച്ചിരുന്നില്ല. യാക്കോബായസഭയുടെ ചരിത്രവും ഞാൻ യഥാർത്ഥം ഗ്രഹിച്ചിരുന്നില്ല. പിന്നീടു് എന്റെ രണ്ടാൺമക്കളും കത്തോലിക്കാസഭയിൽ ചേർന്നു എങ്കിലും എനിക്കതിനോടു് യാതൊരു അനുഭാവവും തോന്നിയിരുന്നില്ല.

മഠത്തിൽ ചേർന്ന എന്റെ മകളും അവളുടെ കൂട്ടുകാരികളും എന്റെ ആൺമക്കളും എന്റെ മാനസാന്തരത്തിനുവേണ്ടി എന്നും പ്രാർത്ഥിച്ചുപോന്നു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു. എന്റെ പുനരൈക്യം നടക്കുകയും ചെയ്തു. ദൈവത്തിന്റെ ഒരു വലിയ അനുഗ്രഹം!

പ്രിയ വായനക്കാരേ, ദൈവം താൻ സ്നേഹിക്കുന്നവരുടെ പ്രാർത്ഥനയും അഭയയാചനയും നിരസിക്കുകയില്ല. ആ കൊർണേലിയോസിന്റെ പ്രാർത്ഥന അവിടുത്തേക്കു സ്വീകാര്യമായില്ലേ? മനോഹയുടെ പ്രാർത്ഥനയും ആഗ്രഹവും അവിടുന്നു സാധിച്ചില്ലേ? പൂർണ്ണഹൃദയത്തോടെ നമുക്കും സത്യത്തിനായി പ്രാർത്ഥിക്കാം. പരിശുദ്ധരൂഹാ നമ്മേയും നല്ല പാതയിലൂടെ നിശ്ചയമായും നടത്തും. ശീശ്മയുടെ ഭീകരത മനസ്സിലാക്കിയപ്പോൾ, പിന്നീടു് ഒരു നിമിഷവും ഞാൻ മടിച്ചുനിന്നില്ല; സഭയിൽ ചേരുകയും ക്രിസ്തു ഇഷ്ടപ്പെടുന്നവിധം എന്റെ ശിഷ്ടായുസ്സു കഴിക്കുകയും ചെയ്യണമെന്നു ഞാൻ തീരുമാനിച്ചു. ഇന്നു പലർക്കും അറിഞ്ഞുകൂടാ ശീശ്മയുടെ ശിക്ഷയും ഗൗരവവും. അനുസരിക്കുന്നതു് ബലിയെക്കാളും, ചെവിക്കൊള്ളുന്നതു് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതെന്നാണല്ലോ ദൈവം അരുളിച്ചെയ്തതു്. സഭയെ അനുസരിക്കാതെ ദൈവത്തെ നമുക്കു് അനുസരിക്കാൻ സാദ്ധ്യമല്ല. എന്റെ ഇഷ്ടംചെയ്യുന്നവൻ എന്നെ അയച്ച എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നു. യേശുവിന്റെ ഇഷ്ടവും കല്പനയും നാം തിരുസഭയെ അനുസരിക്കണമെന്നും അങ്ങനെ നമ്മുടെ രക്ഷ സുരക്ഷിതമാക്കണമെന്നുമാണു്. അതുകൊണ്ടു് ശീശ്മ ഭയങ്കര പാപമാണു്, പാപം ദൈവകൃപയെ തടയുകയും അവിടുത്തെ ഉഗ്രകോപത്തെ തട്ടിയുണർത്തുകയുംചെയ്യുന്നു. അതുകൊണ്ടുതന്നെയാണു് ശീശ്മസഭകളിൽ ഒരിക്കലും സമാധാനമോ ശാന്തിയോ ഇല്ലാത്തതു്. ഇതു വായിച്ച ആർക്കെങ്കിലും എന്തെങ്കിലും ആദ്ധ്യാത്മികോപകാരം ലഭിച്ചെങ്കിൽ ഞാൻ ധന്യയായി.

ഘോരവനപ്രദേശത്തു് അന്വേഷണങ്ങളും ഗവേഷണങ്ങളും തുടരുന്നതു് താമസംവിനാ വിജയസാദ്ധ്യതയിലെത്തുമെന്നുവേണം കരുതുവാൻ.



## ഫാത്തിമാമാതൃദേവാലയം, കൊററനെല്ലൂർ

തൃശ്ശൂർരൂപതയിൽ കൊററനെല്ലൂർ എന്ന സ്ഥലത്തു പുതുതായി പണിതീർത്തിട്ടുള്ള ദേവാലയത്തിന്റെ വെഞ്ചരിപ്പുകർമ്മം തൃശ്ശൂർമെത്രാൻ റൈററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട ഡി. ഡി. തിരുമനസ്സുകൊണ്ടു് മേയ്മാസം 16-ാംതീയതി നിർവ്വഹിക്കുകയും തിരുമേനി ആദ്യമായി അവിടെ പോണ്ടിഫിക്കൽ ദിവ്യപൂജ അർപ്പിക്കുകയും ചെയ്തു. തിരുക്കർമ്മങ്ങൾക്കുശേഷം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗവും നടത്തപ്പെട്ടു. ഈ ഇടവകാംഗവും കേരളസ്റ്റേററിലെ ഏക കത്തോലിക്കാ വനിതാ മുൻസിഫുമായ മിസ്സ് ടി. കെ. കുഞ്ഞേലിയാ ബി. എ. ബി. എൽ ഇടവകജനങ്ങളുടെ പേർക്കു മെത്രാനച്ചൻ തിരുമനസ്സിലെ നേർക്കുള്ള കടപ്പാടുകളെ പ്രകടമാക്കി സ്വാഗതപ്രസംഗം നടത്തി. പാവപ്പെട്ട കൃഷിവലന്മാർ ബഹുഭൂരിപക്ഷമായ ഈ ഇടവകയിൽ ഇത്ര മനോഹരമായ ഒരു ദേവാലയം പണുതുയർത്തുന്നതിനു സാധിച്ചതു് ഇടവകജനങ്ങളുടേയും പുറമേനിന്നുള്ള ഉപകർത്താക്കളുടേയും നിർല്ലോഭമായ സഹകരണവും പണികൾ സംബന്ധിച്ചു ഉത്തരവാദിത്വങ്ങൾ ഏററെടുത്തു നിർവ്വഹിച്ചുപോന്ന വികാരി റവ. ഫാദർ ജോസഫ് ചിററിലപ്പിള്ളി അവർകളുടെ നിസ്തന്ദ്രപരിശ്രമവുംമൂലമാണെന്നു കൃതജ്ഞതാപൂർവ്വം പ്രസംഗക സ്മരിക്കുകയുണ്ടായി. തുടർന്നു റവ. ഫാദർ തേർമഠം സന്ദർഭോചിതമായ ഒരു പ്രസംഗം ചെയ്തു. റവ. ഫാദർ ചിററിലപ്പിള്ളിയുടെ കൃതജ്ഞതാപ്രകടനത്തിൽ മിസ്സ് കുഞ്ഞേലിയ അവരുടെ സ്വദേശത്തു് ഏതാദൃശമായ ഒരു ദേവാലയം പണിയുന്ന കാര്യത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള സേവനമനോഭാവവും അതിന്റെ ചിലവിലേക്കു ഗണ്യമായ സംഖ്യ ഇന്ത്യയിലും പുറമേയുമുള്ള പല സുഹൃത്തുക്കളിൽനിന്നും ശേഖരിക്കുന്നതിനു ചെയ്തിട്ടുള്ള അത്യുത്സാഹവും അനുമോദനാർഹവും അനുകരണീയവുമായിരുന്നു എന്നു പ്രസ്താവിക്കുകയുണ്ടായി.

Wednesday
JULY 3
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 44

# ബാലരംഗം



വി. ബ്രിജീത്താ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

പാവപ്പെട്ടവരോടും ക്ലേശമനുഭവിക്കുന്നവരോടും ബ്രിജീത്തായുടെ പിഞ്ചുഹൃദയം എത്രമാത്രം സഹതാപം പ്രകടിപ്പിച്ചിരുന്നുവെന്നും അവരെ സഹായിക്കുന്നതിനു അവൾ എത്ര ജാഗ്രതയും ത്യാഗവും പ്രദർശിപ്പിച്ചിരുന്നുവെന്നും നാം കണ്ടുവല്ലോ. ഇന്നത്തെ ലോകത്തിൽ സമസൃഷ്ടങ്ങളുടെ ദുരിതങ്ങൾ പരിഹരിക്കുന്നതിനു ഉച്ഛ്വാസോടുകൂടിയ ഒട്ടുവളരെ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നുണ്ടെന്നുള്ളതു ശരിയാണ്. പക്ഷെ ലോകത്തിനു നൽകുവാൻ കഴിയാത്ത ഒരു ചൈതന്യം ഈ പദ്ധതികൾ വിജയിക്കുന്നതിനാവശ്യമുണ്ട്. അതു സഹോദരസ്നേഹത്തിന്റെ ക്രിസ്തീയസിദ്ധാന്തത്തിൽനിന്നു മാത്രമേ നമുക്കു ലഭിക്കുകയുള്ളു. മനുഷ്യൻ പ്രകൃത്യാ സ്വാർത്ഥലോലുപനാണ്. എന്റെ സുഖം, എന്റെ ക്ഷേമം, എന്റെ സന്തോഷം ഇങ്ങനെയാണ് പ്രകൃതിസഹജമായ പ്രചോദനങ്ങൾ ഓരോരുത്തരിലും പ്രത്യക്ഷപ്പെടുക. എന്നാൽ എന്നെപ്പോലെതന്നെ എന്റെ അയൽക്കാരനേയും പരിഗണിക്കണമെങ്കിൽ അതിനു ക്രിസ്തീയമായ സഹോദരസ്നേഹം പ്രവർത്തിക്കണം. സഹോദരസ്നേഹത്തിന്റെ ഏററം മനോഹരമായ തത്വം ലോകത്തിലാവിഷ്കരിച്ചതു ക്രിസ്തുവാണ്. അവിടുന്നു ദൈവത്തിന്റെ പിതൃത്വത്തേയും മനുഷ്യവർഗ്ഗത്തിന്റെ സാഹോദര്യത്തേയും ശക്തിയുക്തം സ്ഥാപിച്ചു. അവിടുന്നു സത്യദൈവമാകയാൽ സർവ്വചരാചരങ്ങളുടേയും പിതാവാണ്. അവിടുന്നു സത്യമനുഷ്യനായി അവതാരമെടുത്തതുകൊണ്ട് മാനവവർഗ്ഗത്തിന്റെ സ്വന്തവുമായി. അവിടുത്തേക്കു സ്വർഗ്ഗസ്ഥനായ നിത്യപിതാവിനേയും അവിടുത്തെ സഹോദരങ്ങളായ മനുഷ്യഗണത്തേയും ഒന്നിപ്പിക്കുന്നതിനു കഴിഞ്ഞു. അവിടുത്തോടുകൂടി സ്വർഗ്ഗസ്ഥനായ പിതാവെ എന്നു വിളിക്കുവാൻ അവിടുന്നു നമ്മെ പഠിപ്പിച്ചു. ഒരു പുതിയ പ്രമാണംവഴി നിങ്ങൾ തമ്മിൽതമ്മിൽ സ്നേഹിക്കുവിൻ എന്നു അവിടുന്നു മനുഷ്യവർഗ്ഗത്തോടാവശ്യപ്പെട്ടു. മാത്രമല്ല, ഈ ചെറിയവരിൽ ഒരുത്തനു ചെയ്യുന്നതു് എനിക്കുതന്നെ ചെയ്തതായി ഞാൻ പരിഗണിക്കുമെന്നു അവിടുന്നു പ്രസ്താവിക്കുകയുംചെയ്തു. ജീവകാരുണ്യപ്രവർത്തനങ്ങൾക്കു ക്രിസ്തുവിന്റെ ഈ പഠനം ഒരു നവചൈതന്യമാണ് പ്രദാനംചെയ്യുന്നതെന്നു പറയേണ്ടതില്ലല്ലോ. ക്രിസ്തുസഭയിൽ ലക്ഷോപലക്ഷം സ്ത്രീപുരുഷന്മാർ പരസ്നേഹപ്രവൃത്തികൾക്കായി അവരുടെ ജീവിതം ഉഴിഞ്ഞുവച്ചിട്ടുള്ളതായി നാം കാണുന്നു. അതിന്റെ രഹസ്യം ഇതാണ്. അക്രൈസ്തവർ ഇതു ഗ്രഹിക്കുവാൻ പലപ്പോഴും സാധിക്കുന്നില്ല. അതുകൊണ്ട് ക്രിസ്ത്യാനികളുടെ ഉപവിപ്രവൃത്തികളെ പലതരത്തിൽ ദുർവ്യാഖ്യാനംചെയ്യുന്നതിനു അവർ പ്രേരിതരാകുന്നു. അതിൽ നാം അത്ഭുതപ്പെടേണ്ടതില്ല. ക്ഷമാപൂർവ്വം അവരുടെ തെററിനെ അവർക്കു പറഞ്ഞു മനസ്സിലാക്കികൊടുക്കുകയും അവരുടെ ഹൃദയത്തിലും ക്രിസ്തീയപ്രകാശം ഏല്ക്കുന്നതിനുവേണ്ട അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുക. സഹോദരസ്നേഹത്തിന്റേയും ജീവകാരുണ്യപ്രവൃത്തികളുടേയും ഒരംഗീകാരമാണു് ദൈവവിളിയെന്നു വേണമെങ്കിൽ പറയാം. ബ്രിജീത്തായുടെ സൽകൃത്യങ്ങൾ അവളെ പരിപൂർണ്ണമായി ഈശോയ്ക്കു സമർപ്പിക്കുന്നതിനുള്ള അഭിലാഷം അവളിൽ വളർത്തിക്കൊണ്ടുവന്നു. ഇപ്പോൾ ആ അഭിലാഷം പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവൾ തേടുകയാണ്. ഈശോയ്ക്കു സ്വയം പരിപൂർണ്ണമായി അർപ്പിക്കണം. അവിടുത്തെ ദാസിയായി അവിടുത്തേക്കു താല്പര്യമുള്ള കാര്യങ്ങളിൽമാത്രം ഏർപ്പെട്ടു ജീവിക്കണം. അതാണല്ലൊ ലോകത്തേയും ലോകസംബന്ധമായ സകലത്തേയും ഉപേക്ഷിച്ചുള്ള സന്യാസജീവിതം. ആ ബാലിക മെത്രാനെ സമീപിച്ച് തന്നെ ഒരു സന്യാസിനിയാവാൻ അനുവദിക്കണമെന്നപേക്ഷിച്ചു.

വല്യേട്ടൻ



ബ്രിജീത്തായുടെ ദീനാനുകമ്പ ഒരുവിധത്തിലും പ്രതിരോധിക്കുന്നതിനു സാധിച്ചില്ല

ഒരു സന്യാസിനിയാകുന്നതിനുള്ള അവളുടെ ആഗ്രഹത്തെ മെത്രാനെ അറിയിച്ചു.

## 121-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—അനുസരണ.

## പ്രശ്നം നമ്പർ 122

(പി. എം. ജോസഫ്
Reg. No. 159)

ഞാൻ പ്രകൃതിയിൽ മുഴുവനു് വ്യാപിച്ചിരിക്കുന്നു. അതിന്റെ സകല പ്രവർത്തനങ്ങളും ഞാനാണ് നിയന്ത്രിക്കുന്നതു്. കൂടാതെ ദൈവംതന്നെ മനുഷ്യർക്കു എന്നെ സംഭാവന ചെയ്തിരിക്കുന്നു. എന്നെ അനുസരിച്ചാൽ അവർക്കു എല്ലാ സൗഭാഗ്യങ്ങളും കൈവരുന്നതാണ്. ഇല്ലെങ്കിൽ ദൈവകോപവും. എന്റെ പേരിനു മൂന്നക്ഷരം മാത്രമേയുള്ളു. ഒന്നാമത്തെ അക്ഷരം പ്രസംഗകനിലുണ്ട്, വാഗ്മിയിലില്ല; രണ്ടാമത്തെ അക്ഷരം മാനവനിലുണ്ട്, പിശാചനിലില്ല; മൂന്നാമത്തെ അക്ഷരം അനുസരണത്തിലുണ്ട്, അഹംഭാവത്തിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## "ഇച്ചായാ, ഞാനും പോരും"

(എൻ. ജെ. സെബാസ്റ്റ്യൻ
നെടിയകാട്ട്
Reg. No. 176)

ആ പുലരി വന്നു. വസന്തകാലത്തിലെ മനോജ്ഞമായ പൊന്നുഷസ്സ്! ഞാനെന്റെ പാവപ്പെട്ട വീട്ടുപടിക്കൽ നിന്നു് ആ നാട്ടിൻപുറത്തിന്റെ മനോഹരത ഒന്നുകൂടി ആസ്വദിച്ചു. എന്റെ ചിന്തയാകുന്ന വാനമ്പാടി അതിന്റെ പിഞ്ചുചിറകുകൾ വിടർത്തി ഭൂതകാലത്തിന്റെ പൂന്തോപ്പിലേക്ക് മന്ദം മന്ദം പറന്നുകന്നു.

ഇണക്കവും പിണക്കവും, പുഞ്ചിരിയും കണ്ണീരും ഇടകലർന്ന ആ ബാല്യകാലഗാനത്തിന്റെ മാധുര്യമേറിയ ഈരടികൾ മീട്ടിക്കൊണ്ട് ആ മരതകപ്പൊയ്കയിൽ അതു ചുററിത്തിരിയുകയാണ്. പകലവന്റെ പൊൻകിരണങ്ങളേററ് ഉജ്ജ്വലിക്കുന്ന, അങ്കണപ്പുറപ്പിലെ കൊച്ചുകൊച്ചു മണൽത്തരികൾവാരി "കഞ്ഞിയും കറിയും" നിർമ്മിച്ച ആ കൊച്ചുദ്ധ്യായം! ജീവിതത്തിലെ നിഷ്കളങ്കമായ ആ പഴകിയ പടി! വാത്സല്യനിധിയായ അമ്മ എന്റെ കിളികൊഞ്ചലിലും പുഞ്ചിരിയിലും ആനന്ദിച്ച് മൃദുലമനോഹരമായ വദനാംബുജത്തിൽ നൂറുനൂറു പൊന്നുമ്മകൾ അർപ്പിക്കാറുള്ള ആ മോഹനദിനങ്ങൾ! ആനന്ദത്തിന്റേയും സ്നേഹത്തിന്റേയും പവിത്രമായ അന്തരീക്ഷത്തിൽ വിഹരിച്ച് കൂട്ടുകാരുമൊത്തു് പാടിക്കളിച്ച ആ ബാല്യകാലം! പുലരിത്തുടുപ്പിൽ പൊന്നിളം ചുണ്ടുകൾ വിടർത്തി പരാശക്തിയെ സ്തുതിക്കുന്ന കാട്ടുപൂക്കൾ അടർത്തിയെടുത്തു് പുഷ്പഹാരങ്ങൾ നിർമ്മിച്ച് പരി: മാതാവിന്റെ തിരുകണ്ഠത്തിൽ അർപ്പിച്ചിട്ടുള്ള നൂറുനൂറു പ്രഭാതങ്ങൾ!

സമീപത്തു നിൽക്കുന്ന ആഞ്ഞിലിക്കൊമ്പത്തുനിന്നും ഒരുകാക്കത്തമ്പുരാട്ടിചിലച്ചുകൊണ്ട് ചിറകടിച്ചു പറന്നു. എന്റെ കണ്ണിണകൾ അങ്ങോട്ട് ചക്രവാളത്തിനപ്പുറത്തേക്ക് ഓടി ഓടി അകന്നു. നോക്കെത്താത്ത വിദൂരതയിൽ നിന്നുകൊണ്ട് മിഷൻ രംഗങ്ങളിൽ പ്രേഷിതർക്കുവേണ്ടി ദാഹിക്കുന്ന ദിവ്യനാഥൻ എന്നെ കൈമാടി വിളിക്കുന്നതുപോലെ തോന്നി.

അതെ, ഞാൻ പോകണം. അനാഥരും അജ്ഞാനികളുമായി കഷ്ടപ്പെടുന്ന ജനവിഭാഗങ്ങൾക്കു സേവനം ചെയ്യാൻ—ക്രിസ്തുരാജനുവേണ്ടി വേലചെയ്യാൻ—കമ്മ്യൂണിസ്റ്റ് ഭീകരവഞ്ചനകളെ ചെറുക്കുവാൻ—നീണ്ടവർഷങ്ങൾക്കു മുമ്പ് ഗാഗുൽത്താമലമുകളിൽ വച്ചു നൽകപ്പെട്ട ത്യാഗത്തിന്റേയും സ്നേഹത്തിന്റേയും ആ ദിവ്യസന്ദേശം കാപടതയും അനീതികളും അക്രമങ്ങളും നടമാടുന്ന ലോകത്തോടറിയിക്കാൻ—ജനലക്ഷങ്ങളിൽ ശാന്തിയും സമാധാനവും കൈവരുത്താൻ.

നിമിഷങ്ങൾ എന്റെ കൊച്ചുവീടിന്റെ പടിക്കലൂടെ ഇഴഞ്ഞിഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു.

x x x

ജീവിതത്തിൽ അവസാനമായി അന്നു് ഞാനെന്റെ പ്രിയപ്പെട്ട അമ്മയ്ക്കു് സ്തുതിപറഞ്ഞു. ആ ഒട്ടിയ കവിൾത്തടങ്ങളിൽ ഉമ്മവച്ചു. പാവനമായ സ്നേഹത്തിന്റെ പൊന്നുമ്മകൾ! മിഴിനീർ ആ കുഴിഞ്ഞ കണ്ണുകൾ നിറഞ്ഞൊഴുകി. എന്നിൽ ഭാവിയുടെ സകല ആശകളും കേന്ദ്രീകരിച്ചുവച്ച് എന്നെ വളർത്തിയ എന്റെ പ്രിയപ്പെട്ട പിതാവിനോടും ഞാൻ യാത്ര പറഞ്ഞു അവസാനമായി. ആ തകർന്ന ഹൃദയതന്ത്രികൾ മൂകമായ ഭാഷയിൽ എന്നോടെന്തോ സംസാരിച്ചു.

ഞാൻ എന്റെ ജീവന്റെ ജീവനായ കൊച്ചുപെങ്ങളുടെ കുഞ്ഞുകരം ഗ്രസിച്ചുകൊണ്ട് പതറിയ സ്വരത്തിൽ ചോദിച്ചു: "ഞാൻ പോകട്ടെ മോളെ!"

"എങ്ങോട്ടാ?" പുഞ്ചിരിച്ചുകൊണ്ടുള്ള അവളുടെ ചോദ്യം. എന്നേക്കുമായ് ഞാനെന്റെ കൊച്ചനുജത്തിയെ പിരിഞ്ഞു പോകുന്നതിന്റെ രഹസ്യം അവൾക്കു മനസ്സിലാക്കുവാൻ പ്രായമായില്ല.

"മിഷനു്"

"എന്തിനാ?" വീണ്ടും ചോദ്യം. അതിനുള്ള ഉത്തരമാണ് അവൾക്കു ഗ്രഹിക്കാനാവാത്തതു്.

നിശ്ശബ്ദത നിറഞ്ഞ മൂന്നുനാലു നിമിഷങ്ങൾ നീങ്ങി. "ഈശോയ്ക്കു മാല കോർക്കാൻ" ഞാൻ പറഞ്ഞു. അതാണവൾക്കു മനസ്സിലാവുന്നതു്.

"ഇച്ചായാ, ഞാനും പോരും"

"വേണ്ട; മോളു് ഇച്ചായനോളമാവട്ടെ. അന്നേരം ഇച്ചായൻ കൊണ്ടുപോകാം. കേട്ടോ."

മോളി കരയുകയാണ്. ആ പിഞ്ചു ഹൃദയം വേദനിക്കുന്നു. അവൾക്കും മിഷനു പോകണം.

വീടിനേയും നാടിനേയും അവസാനമായി ഒരു നോക്കുകൂടി കണ്ടിട്ട് ഞാൻ കാറിലേക്കു കയറി അതു ചീറിപ്പാഞ്ഞു—പൊൻപുലരിയുടെ പൂക്കൾ വിതറിയ രാജവീഥിയിലൂടെ ഭാരത മിഷൻ വയലിലേക്ക്. പതുക്കെപ്പതുക്കെ എന്റെ വീട് കൺമുമ്പിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരുന്നു. അപ്പോഴും എന്റെ കാതുകളിൽ ആ നാദം വന്നടിച്ചു. "ഇച്ചായാ, ഞാനും പോരും! ഇച്ചായാ, ഞാനും പോരും!"

സംഭവകഥ

## പ്രതിജ്ഞ

(റോസമ്മ കൊച്ചുമററം,
തൃക്കൊടിത്താനം Reg. No. 170)

സൂര്യനസ്തമിക്കാറായി. ഉഷ്ണം പാടെ ശമിച്ചു വാടിത്തളർന്ന നെൽച്ചെടികൾ മന്ദമായി നിവർന്നു. ഒരു കുളിർകാററ് അവയെ പുളകപ്പാളിയണിയിച്ചു. ആ കുസൃതിക്കുളിർക്കാററ് എന്റെ ചികുരമിനുക്കിയ ചായലിൽ തത്തിക്കളിച്ചശേഷം, ജനാലയിൽക്കൂടി ഞെരുങ്ങിഞെരുങ്ങി ഓടി. ഞാൻ ജനാലയിൽക്കൂടി നോക്കി. പുഞ്ചിരിപൂത്തതും, വിസ്തൃതവും, മനോജ്ഞവുമായ ഒരു നെൽപ്പാടം. അവയോടുചേർന്ന് എന്നെന്നും മധുരിമയുള്ള ഗാനമാലപിക്കുന്ന ഒരു കൊച്ചുതോടും, അരികുചേർന്ന് ഇടതൂർന്ന കൈതച്ചെടികളും. എന്റെ ചിന്താധരണിയിൽ നൂറുനൂറു മരതകക്കുമ്പുകൾ പൊടിച്ചു.

മുററിനില്ക്കുന്ന ആ സൗന്ദര്യത്തെ എന്റെ തൂലികയാൽ, ഞാൻ ചില കടലാസുകളിലേക്കു കൊത്തുകൊത്തു നിരത്തുകയാണ്, വളരെ ആർത്തിയോടുകൂടി.

എന്നെ ശല്യപ്പെടുത്തിക്കൊണ്ട് വാഴത്തണ്ടിലിരുന്ന ഒരു കാക്ക ക്രാ, ക്രാ എന്നു നീട്ടി ശബ്ദിച്ചു. ഈ നാശമൊന്നു തുലഞ്ഞിരുന്നെങ്കിൽ! ഞാൻ മനസ്സിൽ പിറുപിറുത്തു. വീണ്ടും ഞാൻ സമാധാനിച്ചു. എന്റെ തൂലിക ആ കാക്കയെ ഒരു ശല്യക്കാരനായി ചിത്രീകരിച്ചു. ഞാനാ പക്ഷിയോടങ്ങനെ പകവീട്ടി.

അപ്പോഴേക്കുമതാ, കൈതച്ചെടിയിൽ മൂകമായി എന്തിനേയോ പ്രതീക്ഷിച്ചിരുന്ന, ഒരു നീലപ്പൊന്മാൻ "ചിൽ, ചിൽ" എന്നു ചിലച്ചു പറന്നുപോയി. ആ പക്ഷിയുമെന്നെ നൊമ്പരപ്പെടുത്തുകയായിരുന്നു ചെയ്തതു്. അതിനേയും ഒരു മനുഷ്യദ്രോഹിയായി ഞാൻ കുത്തിക്കുറിച്ചു. എന്റെ ചിന്താവല്ലികൾ വീണ്ടും തളിർത്തു. ഞാൻ വിചാരിച്ചു, ആ ഓമനപ്പൊന്മാനെ ഒരു മനുഷ്യദ്രോഹിയായി എഴുതേണ്ടതില്ലായിരുന്നെന്നു്.

പൊന്മാൻ! സൗന്ദര്യം തുളുമ്പുന്ന ഓമനപ്പൊന്മാൻ. വെട്ടിത്തിളങ്ങുന്ന നീലമോഹനത്തൂവലുകൾ. പവിഴച്ചുണ്ടുകൾ. കനകക്കാലു

(ശേഷം 12-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1